# കല്പശാഖി

(ഖണ്ഡകൃതികൾ—അഷ്ടമഗുച്ഛകം)

---


മഹാകവി, റാവുസാഹിബ്,

ഉള്ളൂർ എസ് പരമേശ്വരയ്യർ,

എം. ഏ., ബി എൽ.


---


ആർ. ററി. പിള്ള & സൺസ്,

ചാല, തിരുവനന്തപുരം.

1119



പകൎപ്പവകാശം ഗ്രന്ഥകാരന്] [വില രൂപാ ഒന്നര

ഗ്രന്ഥകാരന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ് കാപ്പി—500.

ശ്രീധര പ്രിൻറിംഗ് ഹൌസ്
തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

# വിഷയസൂചി


| | | Pages |
|---|---|---|
| 1. | ഈശ്വരപ്രാർത്ഥന | 1 |
| 2. | മഹാസമാധി | 4 |
| 3. | ഇന്നത്തെ കർത്തവ്യം | 9 |
| 4. | ആശംസാഗാനം | 14 |
| 5. | മായാഭ്രമം | 18 |
| 6. | കയിലിനോട്ട് | 20 |
| 7. | നക്ഷത്രങ്ങൾ | 26 |
| 8. | കാട്ടിലെപ്പാട്ട് | 27 |
| 9. | പടക്കിനാവ് | 35 |
| 10. | പുരോഗതി | 44 |
| 11. | സമരാഗ്നി | 46 |
| 12. | ബാഷ്പാഞ്ജലി | 48 |
| 13. | മഞ്ഞുതുള്ളികൾ | 56 |
| 14. | ബ്രഹ്മജ്ഞാനം | 60 |
| 15. | ദയയുടെ ജയം | 63 |
| 16. | അമ്പലക്കുളം | 71 |
| 17. | പുഴമൊഴി | 79 |
| 18. | പൈശാചയജ്ഞം | 83 |
| 19 | ഉത്തമഭക്ഷണം | 89 |
| 20. | നവയുഗോദയം | 92 |
| 21. | റിക്ഷാ | 96 |
| 22. | ഭഗവതീസ്തോത്രം | 100 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൨. ഈശ്വരപ്രാർത്ഥന

(ഗോപികാഗീതരീതി)

കരുണ വേണമേ—കൃഷ്ണ, കൃഷ്ണ!
കഞ്ജലോചന!

കഴൽ തൊഴാം തൊഴാം—കൃഷ്ണ, കൃഷ്ണ!
കംസനാശന!

പതിതപാവന! കൃഷ്ണ, കൃഷ്ണ!
പാപമോചന!

കൃതസുരാവന! കൃഷ്ണ, കൃഷ്ണ!
കീർത്തിഭാജന!

മദനമോഹന! കൃഷ്ണ, കൃഷ്ണ!
മഞ്ജുഭാഷണ!

പതഗവാഹന! കൃഷ്ണ, കൃഷ്ണ!
പങ്കജാനന!

ജിതപിതാമഹ! കൃഷ്ണ, കൃഷ്ണ!
ജിഷ്ണുബാന്ധവ!

ശ്രിതശുഭാവഹ! കൃഷ്ണ, കൃഷ്ണ!
സിന്ധുജാധവ!

സകലനായക! കൃഷ്ണ, കൃഷ്ണ!
ശർമ്മദായക!

Digitized By Kerala Sahitya Akademi

ശമവിധായക! കൃഷ്ണ, കൃഷ്ണ!
സത്വഗായക!
നിഗമസംസ്തുത! കൃഷ്ണ, കൃഷ്ണ!
നിർജ്ജരപ്രിയ!
നിഖിലസമ്മത! കൃഷ്ണ, കൃഷ്ണ!
നിസ്തുഷക്രിയ!
മുദിരവിഗ്രഹ! കൃഷ്ണ, കൃഷ്ണ!
മുഗ്ദ്ധദുർഗ്രഹ!
മുനിമനഃസ്ഥിത! കൃഷ്ണ, കൃഷ്ണ!
മുക്തിസൌഖ്യദ!
വ്രജവിഹാരിണേ- തുഭ്യം നമോ-
വൃഷ്ണിമോദിനേ!
വൃജിനവൈരിണേ- തുഭ്യം നമോ-
വേണുവാദിനേ!
ഭുജഗശായിനേ- തുഭ്യം നമോ-
ഭൂതിദായിനേ!
ദഹനപായിനേ- തുഭ്യം നമോ-
ദേവ! മായിനേ!
ഭവനമാകണേ! മച്ചിത്തമാം
ബംഭരത്തിനും
ഭവഭയാപഹം- ഭാവൽകമാം
പാദപങ്കജം!



Digitized By Kerala Sahitya Akademi

## ഈശ്വരപ്രാർത്ഥന

കരുണവേണമേ- കൃഷ്ണ, കൃഷ്ണ !
കഞ്ജലോചന !

കഴൽ തൊഴാം തൊഴാം- കൃഷ്ണ, കൃഷ്ണ !
കംസനാശന !

---



Digitized By Kerala Sahitya Akademi

# ൨. മഹാസമാധി

ആക്കൊട്ടംനഞ്ഞാരിന്നെൻ കണ്ണത്തിൽ വീഴ്ത്തീടുന്നു ?
ദീർഘനിദ്രാധീനനായ്ത്തീർന്നുപോയെന്നോ 'രവി' !

സത്യമാണാവാർത്തയെന്നോതുന്നുവല്ലോ പത്രം :
സത്യമേ ! നീ തന്നെയോ സംവർത്തകാലാനലൻ ?

ഹാ കഷ്ടം ! പൊലിഞ്ഞുവോ ഭാരതോർവ്വിതൻ ദീപം ?
ലോകത്തെ ഗ്രസിച്ചുവോ ഘോരാന്ധകാരം വീണ്ടും ?

ദൈവമേ ! ഭവാനെന്തിസ്സാഹസം കാട്ടാൻ ? ധാത്രി
ദേവതാവിഹീനമാം ക്ഷേത്രമായ്ച്ചമഞ്ഞല്ലോ !

വാനോർതൻ കളിപ്പന്തായ്ത്തീർന്നല്ലോ ഞങ്ങൾക്കുള്ളൊ-
രാനന്ദജ്യോതിർഗ്ഗോളമദ്വിതീയാഭാകേന്ദ്രം.

ഏകാന്തശൂന്യം മേലിലെന്നു വന്നല്ലോ വിശ്വ-
സാഹിത്യസാമ്രാജ്യത്തിൻ സൌവർണ്ണസിംഹാസനം.

കററിയററല്ലോ ഗോത്രം പ്രാക്തനം വാല്മീകീയം ;
മുററുമേ വരണ്ടല്ലോ ശബ്ദാർത്ഥദുഗ്ദ്ധാംബുധി.

നാല്പതിൽപ്പരം കോടി നവ്യഭാരതക്കാരു
നാഥൻ മേൽ, ഛായാവൃക്ഷ, മാചാര്യൻ, പ്രാണാനിലൻ?

ചേണിയന്നാർ പാടി മേൽ കേൾക്കും നാം ഭ്രാതാക്കളേ !
വാണിതൻ വീണാക്വണം നാണിക്കും ഗാനാമൃതം ?



Digitized By Kerala Sahitya Akademi

ആർ വരും മുന്നിൽക്കനിഞ്ഞാശിസ്സു നമ്മൾക്കേകാൻ
പൂർവ്വമാം യുഗത്തിലേസ്സിദ്ധർ തന്നാകാരത്തിൽ ?
ആരെടുത്തുയർത്തിടും ധർമ്മത്തിൻ ജയധ്വജം
ധീരനായ്, പീതാംബരൻ ഗോവർദ്ധനാദ്രിക്കൊപ്പം ?
വന്നുപോയല്ലോ നമുക്കീ വിപത്തിമട്ടും,മുൻ-
പിന്നലെക്കുബേരർ നാ,മിന്നയ്യോ നിഷ്കിഞ്ചനർ.
വാർത്തിടാമാജന്മാന്തം കണ്ണുനീ,രതല്ലാതെ-
യാർത്തിയാം ചെന്തീക്കെന്തു മാർഗ്ഗം തെല്ലടങ്ങുവാൻ ?
അദ്ദേഹം വയസ്വിയാണെങ്കിലെ,ന്തഖണ്ഡേന്ദു-
വസ്തമിക്കുകിൽ ശാന്തിഃയന്തുമോ ചെമ്പോത്തുകൾ ? 23

II

വാരിധിക്കകം വീണ ഭാരതാംബതന്നാത്മാ-
വാരെടുത്തേകീ വീണ്ടുമദ്ദേവിക്കയത്നമായ് ;
ആകവേ പൃഥഗ്വിധഭ്രാന്തിനല്കീടും വിശ്വ-
മേകമെന്നീക്ഷിക്കുവാനന്തർദൃക്കൊക്കുണ്ടായി ;
ശ്രേഷ്ഠനാമാർതൻ ദിവ്യതൂലികാഗ്രത്തിൽ തീക്ഷ്ണ-
രാഷ്ട്രവാഗ്വാദം പോലും രമ്യമാം സൽകാവ്യമായ്;
ഘോരമാമധർമ്മത്തിൻ കണ്ഠഖണ്ഡനം ചെയ്യാ-
നാരേന്തും മണിത്തൂവൽ മണ്ഡലാഗ്രമായ്മാറി;
ദൂനത്വം ജനിത്രിക്കു നല്കുവോരേകം സ്ഥാന-
മാനത്തെച്ചരൽക്കല്ലായ്ക്കണ്ടുതാർ ദൂരെത്തള്ളി;



Digitized By Kerala Sahitya Akademi

ആ "ററാഗോർ" 'ററാഗോ'റെന്ന പേരിനാൽ വിളങ്ങുന്ന
മാറെറഴും മാഹാത്മ്യത്തിൻ ധാമമാം മഹാകവേ !
പൂജിതൻ ദേവേന്ദ്രനാഥാഖ്യനാം മഹർഷിക്കാ-
ശ്രീശുകൻ വ്യാസനെന്നപോലവേ തനൂജനായ്
സത്തുകൾക്കാത്മീയമാം ഗീരിനാലഹർന്നിശം
തത്വോപദേശം ചെയ്ത ധന്യാത്മൻ ! ദയാനിധേ !
സന്തതം കാവ്യത്തേനിത്തങ്കനീർ പൊഴിച്ചൂഴി-
യന്തരീക്ഷം ഹരിദ്രാഭമാക്കിയോരസ്മൽഗുരോ !
അങ്ങയെപ്പിരിഞ്ഞു മേലെമ്മട്ടിൽപ്പുലർന്നീടു-
മങ്ങളാൽ വീരപ്രസൂവായൊരീയാര്യാവനി ?
നട്ടെല്ലുപൊട്ടിച്ചന്യർ കൈവിലങ്ങടിച്ചിട്ട
പട്ടിണിക്കോലങ്ങൾതൻ പാർപ്പിടപ്പാഴ്മണ്ണെന്നായ്
ഏവരും ഹസിച്ചോരദ്ദേവിയെബ്ഭവാനല്ലീ
കേവലം സമസ്തലോകാരാധ്യയാക്കിത്തീർത്തു ?
എത്രയോ തേജോബലം കൊണ്ടങ്ങു നിർമ്മിച്ചോരു
ചിത്രമാം സൂക്തിസർഗ്ഗം, നൂതനം, ചിരസ്ഥായി,
ചാലവേ വിളങ്ങുന്നു ഞങ്ങൾക്കു നിത്യപ്രാപ്യം,
കാലമേഘാനാക്രാന്തം, കല്യാണം, തമഃപാരംശേ !
ആയിരം കരങ്ങൾ കൊണ്ടെന്നമട്ടയത്തുവാ-
നായത്താക്കൊൾവോരങ്ങേ വാങ്മയപ്രകാണ്ഡങ്ങൾ
ആ നിലയ്ക്കിരിക്കവേ മൃത്യുവിന്നാമോ രവേ !
ഹാനിയൊന്നിവയ്ക്കേകാ,നങ്ങയെപ്പുണർന്നാലും ?



Digitized By Kerala Sahitya Akademi

അങ്ങയെത്തീണ്ടും കാലരാഹുവിൻ ധാർഷ്ട്യം കാൺകെ-
യെങ്ങുമേ ചിരിക്കുന്നു താവകം യശഃപുഞ്ജം;

ആ ശ്മശാനത്തിങ്കൽ നിന്നാഗമിക്കുന്നു ഞങ്ങൾ-
ക്കാശ്ചര്യമേകും മട്ടിൽ മൌനത്തിൻ പ്രചോദനം.

അച്ചിതാഭസ്മത്തിലും കാണുന്നു ഭവച്ചരിത്ര-
രച്ഛിന്നഭാസ്സാമേതോ വെൺതിങ്കൾക്കതിർക്കുലം.

അങ്ങെങ്ങും പോയിട്ടില്ല; പോകുവാൻ സാധിക്കയി-
ല്ലങ്ങേക്കീയന്തർധാനം വിശ്വത്തിൽ വായ്പോളവും.

മജ്ജിക്കാം സമുദ്രത്തിൽ, മാറിടാം വിഴു,പ്പല്ലും
വിശ്രമിക്കുവാൻ നോക്കാം,മർത്ത്യസ്ത്യോ തരപ്പെട്ടു ;

പ്രത്യുഷസ്സായാൽ വീണ്ടും ലോകബാന്ധവൻ ഭവാ-
നെത്തിടും പൂർവ്വാചലപ്പൊൻമണിക്കിരീടമായ്. 72

III

ജാതിയൊന്നങ്ങേയ്ക്കുണ്ടു മാനുഷ്യം; നാടൊന്നുണ്ടു
ഭൂതലം; മതം സച്ചിദാനന്ദൈകാരാധനം.

ആനന്ത്യലക്ഷ്യം ഭവജ്ജീവിതം; ചെന്നാപ്രാപ്യ-
സ്ഥാനത്തിൽ ചേർന്നോ ഭവാൻ ദൂരദൃക്പുരസ്സരൻ?

എത്രയോ ദേശം ചുററിനോക്കിയോര,ങ്ങല്ലെങ്കിൽ-
ക്ഷിപ്തനാമേതോ നാടു പൂകുവാൻ പുറപ്പെട്ടോ

ഭാരതപ്രാക്കാലീനസന്ദേശം പരത്തുവാൻ,
ദൂരസ്ഥഹൃത്പത്മവും തൂർണ്ണമായ് വിടർത്തുവാൻ?



Digitized By Kerala Sahitya Akademi

ഏവമല്ലെൻ സങ്കല്പമിദ്ദിനം നാകത്തിങ്കൽ-
ദ്ദേവന്മാരെല്ലാവരും കൂട്ടമിട്ടുറങ്ങുന്നു.

ആരുമേ കൃത്യജ്ഞരല്ലല്ലെങ്കിൽ മന്നിൽപ്പോരാം
മിരണപ്പിശാചിത്ര മപ്പടിച്ചാർത്തീടുമോ?

അങ്ങുചെന്നാക്കൂട്ടർതന്നാലസ്യം മാററും ; കനി-
ഞ്ഞമ്മയ്ക്കു നേടും സ്വാതന്ത്ര്യാഭിധം സുധാകുംഭം ;

ജീവിതത്തിലേ സ്വപ്നമോരോന്നും ഫലിപ്പിക്കും;
ഭാവിയെബ്ഭൂതത്തിൽനിന്നെത്രയും ഭാസ്വത്താക്കും;

ഭ്രാന്തശാലയായിന്നു തീർന്നോരിബ്ഭൂലോകത്തെ-
ശ്ശാന്തിതൻനികേതനം തന്നെയായ് ദർശിപ്പിക്കും.

ആയതീരാവിൽ ചെയ്തു പിന്നെയും വരും ദേവൻ
സ്വീയമാമാകാരത്തിൽ ദ്യോവിനെ ദ്യോതിപ്പിക്കാൻ

നാട്ടാരിന്നൊട്ടുക്കു ചേർന്നങ്ങേക്കായ് സമർപ്പിക്കും
സാഷ്ടാംഗപ്രണാമങ്ങൾ സൽകവേ! കൈക്കൊണ്ടാലും.

ലോകത്തിൻ സമുദ്ധൃതിക്കുദ്യമിക്കുവോരങ്ങേ-
യ്ക്കാകവേ ശിവങ്ങളായധ്വാക്കൾ തീർന്നീടട്ടേ! 96

---



Digitized By Kerala Sahitya Akademi

# ൩. ഇന്നത്തെ കർത്തവ്യം.

" പട പട; "—മന്നിലെവിടെയുമതിൻ
പടപടയെന്നുള്ളൊലി മുഴങ്ങുന്നു.
അടിപിടിയുടെ കൊടുമകൊണ്ടൂഴി-
യിടിപൊടിയായിത്തകർന്നൊടുങ്ങുന്നു.
ഞൊടിയിടകൊണ്ടു നഗരവും നാടും
ചുടലച്ചാമ്പലായ്ത്തുലഞ്ഞുപോകുന്നു.
നിരന്നു വാനിൽനിന്നിടമുറിയാതെ
മരണക്കൊള്ളിമീൻമഴ പൊഴിയുന്നു.
കര മുഴുകുന്നു നിണപ്പുഴ പൊങ്ങി ;-
ക്കടൽ നികരുന്നു മരക്കലം മുങ്ങി.
മറഞ്ഞു മാറുന്ന ദിവസമോരോന്നും
നരകമാക്കുന്നു ധരയെ മേല്ക്കുമേൽ.
ഇരുകൊല്ലം നീണ്ട കുരുതികൊണ്ടുമീ-
യറുകൊലപ്പിശാചടങ്ങിടുന്നില്ല.
തുടർന്നു പാഞ്ഞണഞ്ഞതിന്നു നമ്മുടെ
നടയിലും നിന്നു നടനമാടുന്നു.
മരുന്നില്ലൊന്നുമീ മസൂരികയ്ക്കെന്നോ ?
മറുകരയില്ലീ മഹോദധിക്കെന്നോ ?
ഒരൊററ മൂർഖൻതൻ വിഷത്തിനീമട്ടി-
ലുലകെരിക്കുവാൻ കരുത്തുവന്നല്ലോ.
അധമരിത്തരം വിജയം നേടിയാൽ—
അധർമ്മമിത്രമേൽ തലയുയർത്തിയാൽ—



Digitized By Kerala Sahitya Akademi

അവശക്കാരൊരു തണലും താങ്ങ,മി-
ബ് ഭുവനമെങ്ങനെ പുലന്നിട്ടും മേലിൽ? 24

## II

ജനനി! ഭാരതാവനി! ഭവതിത-
ന്നനയത്തും വന്നീയടരണഞ്ഞല്ലോ.
അതിന്റെ ദംഷ്ട്രകൾക്കിടയിലമ്മയും
പതിക്കണമെന്നോ ഭഗവത സങ്കല്പം ?
ഭവതിയെത്രയോ വിശാല,സംഖ്യകൊ-
ണ്ടവധിയററവർ ഭവത്തനയന്മാർ ;
മറുതലയ്ക്കുണ്ടോ ഗതിയവക്കൊന്നു
പുരുഷരായ് മാത്രം പുലന്നിടാമെങ്കിൽ ?
അതില്ലല്ലോ, ദേവി! യതില്ലല്ലോ, ഞങ്ങൾ
മൃതർ താൻ, വീപ്പ്യയോ! നിലച്ചിടായ്കിലും.
ഇളക്കിടാം കരമിവക്കൊട്ടിങ്ങങ്ങ
വെളുത്ത താളിന്മേൽ കറുപ്പ തേയ്ക്കുവാൻ.
ഒരു തൊഴിൽ വേറിട്ടറിഞ്ഞിടാത്തവ-
രരിയുപ്പിൻവകയ്ക്കുതകിടാത്തവർ ;
പടക്കുതിരക്കൾതൻ സ്വരൂപമെന്തെന്നു
പടത്തിൽ നോക്കിയും പഠിച്ചിടാത്തവർ ;
അടക്കളത്തിലെന്തടവുകാട്ടും പോയ്
വെടിക്കുഴൽ കൈകൊണ്ടെടുത്തറിയാത്തോർ ? ൧



Digitized By Kerala Sahitya Akademi

അഴിനിലയിതിലുഴലുവോൎക്കന്നു
കഴിയുമമ്മതൻ കദനം നീക്കുവാൻ ? 44
പലരുമീമട്ടിൽ പരിതപിക്കുന്നു ;
ഫലമതുകൊണ്ടു തരിമ്പുമില്ലല്ലോ.
ശരിയധികൃതരനുവദിച്ചില്ല;
പൊരുതുവാൻ നമ്മൾ പഠിച്ചതുമില്ല.
കഴിഞ്ഞതു പക്ഷേ കഴിഞ്ഞില്ലേ ? മേലിൽ-
ക്കഴിഞ്ഞുകൂടേണ്ടും വഴി വേണ്ടേ നോക്കാൻ ?
നടയിലായിപ്പോയ്, പടികയറിപ്പോ,-
യട,രതിൻകൂട്ടാമിടരൊട്ടും കൂടി.
അതു കതകടിച്ചടയ്ക്കുമ്പോൾ നമ്മ-
ളതുമിതും ചൊല്ലിയകന്നു നിന്നാലോ ?
പുരയ്ക്കു തീപിടിച്ചെരിയും നേരത്തു
കരവും കെട്ടിക്കൊണ്ടകത്തിരുന്നാലോ ?
ഭരണക്കാരുടെ കുറവും കുററവും
പറകിലാമന്ത്രം പടയൊഴിക്കുമോ ?
കുടിയിരിപ്പില്ലേ നമുക്കു കാക്കുവാൻ ?
മടയവരില്ലേ നമുക്കു പോററുവാൻ ?
ക്ഷിതിയിതല്ലയോ നമുക്കു പെററമ്മ;-
യിതിൻെറ മാനം നാം പുലൎത്തിടേണ്ടയോ ?
ധുരന്ധരന്മാരാം ജനങ്ങളിങ്ങനെ
തുരുങ്കിനുള്ളിൽച്ചെന്നടിഞ്ഞുകൊണ്ടാലോ ?



Digitized By Kerala Sahitya Akademi

കുടുംബം പോററെണ്ടും ഗൃഹസ്ഥരൊക്കെയു-
മടവിയിൽപ്പുക്ക തപം തുടന്നാലോ ?
എവിടെ ശ്ശത്രുവന്നെതിരിട്ടമെന്നാ-
ലവിടെപ്പോയ് നമുക്കണിനിരക്കണം.
ഭയപ്പൊടാനെന്തുണ്ടുലകിലെപ്പോഴും
ജയവും ധർമ്മവും, നിഴലും ദേഹവും.
ഒരിക്കലേ വേണ്ടൂ മരിക്കലേവക്കും ;
ശരിക്കതെമ്മയ്ക്കായിരിക്കിൽ നന്നല്ലീ ?
ശുഭത്തെ മുൻനിത്തി പ്രവൃത്തിചെയ്യുവോ-
ക്കപജയം വന്നാലതും ജയമല്ലീ ?
വിജയം വാശ്ശിലുമരിക്കു ഭാരതം
വിജനമാകുവാൻ വളരെനാം ഭേവണ്ടേ ?
ഒരുമിക്കാം നമു,ക്കൊരുമിക്കാം ; നര-
ക്കൊരുമയൊന്നതാനഗ്രമാം ശസ്ത്രം.
പരസ്പരസ്പർദ്ധപ്പടവശേഷവും
പരന്നൊരാഴിയിൽത്തകന്നു താഴട്ടെ ;
"ഒരൊററവർഗ്ഗക്കാരിവിടെയുള്ളവർ,
ഭരതഭൂമിതൻ തനയർ സോദരർ."
ഇടിയൊടൊക്കുമിപ്പടുവിളികൊണ്ടു
പുടപുഴങ്ങട്ടെ ഭുവനമൊക്കെയും.
തടിമിടുക്കുംകൊണ്ടണയും മാററലർ
നടുനടുങ്ങിപ്പോമതൊന്നു കേൾക്കുകിൽ.



Digitized By Kerala Sahitya Akademi

തൊടൽവെടിഞ്ഞിന്നു കിടക്കയത്രേ നാം
കടൽക്കരയിലേ മണൽത്തരികളായ്.
പലനീർത്തുള്ളികളൊരുമിച്ചുള്ളതാ-
ണല കടലെന്നതറിയുന്നീലവർ ;
പശമണ്ണാകിലത്തരികൾ തായയാൾ—
ക്കജയ്യമാം ദുർഗ്ഗം ചമയ്ക്കാം നമ്മളേകം.

പരൻപുമാനൊടൊന്നുണർത്തിടാം; ശാന്തി-
മുരളിയൂത്തുവാനിതല്ലവസരം ;
അവശർ ഞങ്ങൾക്ക ഭഗവൻ ! ഗീതതാൻ
ശ്രവിച്ചിടേണ്ടതിപ്പടക്കളത്തിങ്കൽ.
അഭയമമ്മയ്ക്കിന്നരുളേണ്ടും നമു-
ക്കപരർതൻകാര്യം നിനച്ചെന്താവശ്യം ?

---



Digitized By Kerala Sahitya Akademi

# ൪. ആശംസാഗാനം*

പോരും പോരുമിതിൻമട്ടു പോയതു നാം സഹജരെ !
ചേരുവതിന്നിതോ വഴി ചെല്ലേണ്ട ദിക്കിൽ ?
വർണ്ണമെന്നും, ദേശമെന്നും, ഭാഷയെന്നും, മതമെന്നും,
ഭിന്നതയെപ്പലപല പേരിൽപ്പുലർത്തി,
പരസ്പരദ്വേഷമാകും പടുനഞ്ഞുമരത്തിന്നു
ധരയെങ്ങും തഴയ്ക്കുവാൻ തരം വളർത്തി,
അതിൻഫലമശിച്ചശിച്ചടിയുന്നവല്ലോ മണ്ണിൽ-
പ്പതിതരായ്, പ്പാമരരായ്, പ്പാപിഷ്ഠരായ്, നാം !
പാറയായും, ലോഹമായും, സസ്യമായും, തിര്യക്കായു-
മേറിയേറിയുൽകൃഷ്ടപ്പൊന്നേണിയിൽ ക്കൂടി,
മാനവരായ് തീർന്ന നമ്മളും, വാനവരായ്, കടശ്ശിയിൽ
വാണിടേണ്ടേ പരബ്രഹ്മസായൂജ്യംനേടി ?
കിഴക്കുമേക്കെന്നുചൊല്ലിക്കലഹിക്കും മനുഷ്യർതൻ
വഴക്കെന്തെന്നറിയുവാൻ, കിഴക്കും മേക്കും,
ഓരായിരം കരദീപം കൊളുത്തിനോക്കീട്ടുമതിൻ
കാരണത്തെക്കാണുന്നീല ഗഭസ്തിമാലി.
കറുപ്പെന്നും വെളുപ്പെന്നും പറഞ്ഞടിപിടികൂട്ടും
നരരുടെ മൌഢ്യം കണ്ടു നഭസ്സിൽനിന്നും
ചിരിക്കുന്നു കുവലയകുമുദങ്ങളൊപ്പമോരേ
സരസ്സിങ്കൽ വിടിർത്തുന്ന ശർവ്വരീകാന്തൻ.

*എറണാകുളത്തെ റോട്ടറി ക്ലബ്ബിൻെറ ആവശ്യത്തിനായി എഴുതിയതു്.



Digitized By Kerala Sahitya Akademi

'സ്നേഹ'മെന്നു ചൊല്ലീടും രണ്ടക്ഷരത്തിലടങ്ങുന്നു
ലോകരുടെ യോഗക്ഷേമസാമഗ്രിയെല്ലാം.
സ്വർഗ്ഗികർക്കും ദുർല്ലഭമാം സ്വത്തുതന്നെ സുഹൃല്ലാഭം,
നിഷ്കളങ്കം, നിരാകാംക്ഷം, നിത്യപവിത്രം.
അതു പരിചയത്തിന്റെ പരിണതിമാത്രമല്ല;
കൊത്തുകെത്ര തട്ടിച്ചാലും കൊമ്പനാവില്ല.
സംഘടനക്കൊന്നുമത്ര ധൈര്യവരില്ല; മന്നിലെത്ര
സംഘമില്ല സമസൃഷ്ടസംഹാരസജ്ജം!
നേടുവാനും പണിയത്രെ ചെറുനേരം മുഖത്തൊരു
മൂടൽമഞ്ഞിൻ കളികാട്ടും മുഗ്ദ്ധഹാസത്താൽ.
സ്വാർത്ഥലോഭസാഹചര്യം സൗഹൃദത്തിന്നരോചകം:
സാത്വികമാമതിൻ ചിഹ്നം സർവ്വസ്വത്യാഗം.
കാമുകന്നും കാമുകിക്കും തമ്മിലുള്ള രതിഭാവം
കേമമെന്നു പുകഴ്ത്തുന്നു സാഹിത്യാചാര്യർ.
സമുജ്ജ്വലം പാണിഗ്രഹം; സമുന്നതം ഗൃഹാശ്രമം,
പുമർത്ഥാപ്തിക്കാക്കും വേണ്ട പൂർവ്വസംഭാരം.
എങ്കിലുമാജ്യോതിസ്സിലുമിങ്ങിങ്ങായിപ്പലേടത്തും
തൻകാര്യത്തിൻ കരിനിഴൽ തട്ടിനില്ക്കുന്നു.
കുടുംബജീവിതം കൊണ്ടു ഫലമെന്തു ലോകമൊരേ
കുടുംബമെന്നാമുഖരം കാട്ടിത്തരിഞ്ഞാൽ?

## III

മന്നിലൊരു സുഹൃത്തുണ്ടു മർത്ത്യനൊന്നാൽ മതിയവൻ
പുണ്യജനേശ്വരനെക്കാൾ ഭൂതിസമ്പന്നൻ.



Digitized By Kerala Sahitya Akademi

തന്നുടയ ഹൃദയത്തിൻ സ്വാതന്ത്ര്യത്തെയപ്പരീക്ഷിക്കാൻ;
തന്നുടയ രഹസ്യങ്ങൾ സൂക്ഷിച്ചുവയ്ക്കാൻ ;
തന്നുടയ സന്തോഷങ്ങളിരട്ടിയായ് വർദ്ധിപ്പിക്കാൻ ;
തന്നുടയ സന്താപങ്ങൾ പകുതിയാക്കാൻ ;
തന്നുടയ സുഖസ്വപ്നം, തന്നുടയ ശുഭഗ്രഹം,
തന്നുടയ പരദൈവ, മെന്നീനിലയിൽ,
ഒരുവനുണ്ടൊരു സാക്ഷാൽ സുഹൃത്തെങ്കിലവനേറ്റു
മരുഭൂവും മണംവീശും മലർക്കാവാകും.
ഒരുഞെട്ടിലൊത്തിണങ്ങി വിടർന്നിട്ടുമിരുപൂക്ക-
ളൊരു കൂട്ടിൽക്കളിച്ചിട്ടുമിരുകിളികൾ ;
ഒരുവഴിക്കലഞ്ഞിട്ടുമിരുമുകിലുകൾ, വാനി-
ലൊരിടത്തു വിളങ്ങിട്ടുമിരുതാരങ്ങൾ ;
ഒരു ദേഹി കുടികൊള്ളുമിരുമെയ്കൾ :—ഇത്തുമട്ടിൽ
നരനാരായണസമരിരുപുരുഷർ,
ഒരുവനു മറ്റൊരുവൻ പൂരകനായ്, വേണ്ടിവന്നാൽ
മരിക്കുവാൻ പോലും ബദ്ധപരികരനായ്,
അവനിയിൽ വിലസുകിലവർ താനെന്നീശ്വരന്മാ-
രവർ മേവുമിടം താനെന്നച്ഛനസ്ഥാനം.

## IV

സ്നേഹത്തിൻെറ വാതിലാക്കും സ്നേഹംകൊണ്ടേ തുറക്കാവൂ;
സ്നേഹത്തെ നാം നല്കി വേണം സ്നേഹത്തെ വാങ്ങാൻ.



Digitized By Kerala Sahitya Akademi

ഭിന്നവർണ്ണർ, ഭിന്നരാഷ്ട്രർ, ഭിന്നമതരെന്നു ചൊല്ലി-
യന്യരിൽനിന്നകലുവോരത്യന്തദുഷ്ടർ.
അവരെ നാം പേടിക്കേണ്ട, മവരുടെയാഭിചാര-
മവതരിപ്പിച്ചതാണീയാജിപിശാചി.
ക്ലബ്ബുകളിൽപ്പലതിലും കാപ്പിയുണ്ടു, കളികള-
ണ്ടപ്പുറമൊന്നുണ്ടെന്നാലതന്യദൂഷണം;
പാഴിലോരോ സൊള്ള സൊള്ളിയങ്ങിരിപ്പോർക്കിടയിൽ
ച്ചേഴകടൽ കിടക്കുവതേവർക്കും കാണാം. വാ-
ശ്രേഷ്ഠമാകമാദർശത്തിൻ പ്രേരണയാൽ സ്ഥാപിതമാം
'റോട്ടെറി' ക്ലബ്ബവയ്ക്കൊപ്പമായിടൊല്ലേതും.
പരസ്പരവിനിമയക്ഷമങ്ങളാം ഹൃദയങ്ങൾ
പരമതിന്നങ്ങളങ്ങൾക്കു ഭവിച്ചിടട്ടെ.
ലോകസേവയനുഷ്ഠിച്ചുമാവഴിക്കിപ്രപഞ്ചത്തി-
ന്നേകതയെയുറപ്പിച്ചുമായവരെല്ലാം
സമസ്തമാം കർമ്മത്തേയും സർവ്വജഗൽപിതാവിങ്കൽ
സമർപ്പണംചെയ്തു മേന്മേൽ സൌഹാർദ്ദനിഷ്ഠർ
മങ്ങളത്തിൻ പരമ്പര മന്നിലെങ്ങും വ്യാപിപ്പിച്ചു
തങ്ങളേയുമന്യരേയും ധന്യരാക്കട്ടെ.

---



Digitized By Kerala Sahitya Akademi

# ൩. മായാഭ്രമം

ആതുരൻ പുരോഹിതൻ വൈദ്യനോടോതി: “തെല്ലും
ഭേദമെൻദീനത്തിനി,ല്ലെന്തിനിച്ചെയ്യേണ്ടു ഞാൻ?”
“ഇസ്ഥലംവെടിഞ്ഞങ്ങുപോകണം”ചൊന്നാൻവൈദ്യൻ
സത്വരം മറെറങ്ങാനു,മെങ്കിലേ സുഖം കിട്ടൂ.”
“എന്നെക്കൊണ്ടാവില്ലതെന്നെത്ര ഞാൻ പറഞ്ഞിട്ടും
പിന്നെയും ഭവാനെന്തിന്നാവചസ്സാവർത്തിപ്പൂ?
ഈ നവീനമാം മേട,യീ മനോജ്ഞമാം പൂങ്കാ-
വിനല്ല മററുള്ളോരു വസ്തുവിൻ കദംബവും
ഏതുമട്ടയ്യോ! വിട്ടു പോകും ഞാൻ? പണ്ടേതന്നെ
ചേതസ്സെന്നൊന്നില്ലാത്ത ജന്തുക്കൾ ചികിത്സകർ!”
ഓതിനാൻ ഭിഷക്കതിന്നുത്തരം: “ഭൈഷജ്യമി-
ന്വ്യാധിക്കു മററി,ല്ലങ്ങു മാറിയേ ശരിപ്പെട്ടൂ.
ഇക്കണക്കിങ്ങല്ലാതെ പാർക്കയില്ലെന്നാൽ പോകാം
സ്വർഗ്ഗത്തേക്കുടൻതന്നെ; ശാഠ്യത്തോടാക്കേന്താവൂ?
എത്രയോ നന്നാണതിബ്ഭൂമിയെക്കാളെന്നല്ലീ
നിത്യവും പ്രസംഗിപ്പൂ,തൊന്നുപോയ് നേരിൽക്കാണൂ.” 16

## II

‘സ്വർഗ്ഗം’—അശ്ശബ്ദം കേട്ടു ഞെട്ടിപ്പോയ് പുരോഹിതൻ
ചീക്കെന്നു ദുസ്സ്വപ്നത്തിൽനിന്നുണർന്നവൻപോലെ.
“സ്വർഗ്ഗമോ?” ചൊന്നാൻ “ഭവാൻ ഭ്രാന്തനോ സഖേ? ദൂരേ
സ്വർഗ്ഗമങ്ങിരുന്നോട്ടെ തൽക്കാലം ഞാൻ കൂടാതെ.
ഏതുമേ തിടുക്കമില്ലങ്ങു ചെന്നെത്താ,നെനി-
ക്കാതിഥ്യം നല്കേണ്ടതില്ലന്യമാം ജഗത്തൊന്നും.



Digitized By Kerala Sahitya Akademi

നല്ലതാണാക്കും നാകമെങ്കിലും വലിഞ്ഞങ്ങ
ചെല്ലുമാറുണ്ടോ കേറിദ്ധീമാന്മാരനാഹൂതർ?
ആദർശമായിസപത്നമാരാധിക്കുവാൻ കൊള്ളാം;
ക്ഷ്മാതലം മനുഷ്യൎക്കു സംവാസത്തിനും കൊള്ളാം ;
ഉന്നതിക്കാശിപ്പീല ; വന്നിട്ടില്ലനന്തയാ-
മെന്നമ്മതന്നങ്കത്തിൽ ക്രീഡിച്ചിങ്ങലംഭാവം.
കാട്ടി ഞാനോരോ ഗോഷ്ഠി വേതനത്തിനായ് നാക്കാ-
ലേട്ടിലേച്ചുരയ്ക്കുകൊണ്ടേവന്ന കൂട്ടാൻവയ്ക്കാം ?
വീടുവിട്ടൊരങ്ഗുലം നീങ്ങുവാനാവത്ത ഞാൻ
കൂടുവിട്ടുടൻപാഞ്ഞു കൂടണം വാനിൽപ്പോലും !
തൊണ്ടയ്ക്കുതാഴെത്തുള്ളിനീരിറങ്ങാത്തോനാമോ
പണ്ടഗസ്ത്യനെപ്പോലെ പാഥോധി പാനംചെയ്യാൻ ?
എങ്ങ ഞാനിപ്പോൾ മാറിപ്പാക്കണം ? ശാസിച്ചാലും
മങ്ഗലാത്മാവേ ! സജ്ജനേതിനും ഭവദ്ദാസൻ.
ദ്വീപിലോ, ജലത്തിലോ, സൈകതപ്പരപ്പിലോ,
ദ്വീപികൾക്കാവാസമാം കാട്ടിലോ,ശൈലത്തിലോ,
എത്തുമെൻ ധാത്ര്യംബതന്നംഗ, മങ്ങെങ്ങും ചെല്‌വാൻ
ചേതസ്സിൽ സന്ത്രാസമോ ഖേദമോ ജനിപ്പീല.
നാകം—ആശ്ലേഷ്യം മാത്രമുച്ചരിക്കൊല്ലേ ഭവാൻ :
ഹാ! കേൾപ്പു രേഫം ഞാനൊന്നപ്രിയം തന്മദ്ധ്യത്തിൽ.”
വാൎത്തനോടൊപ്പം തന്നെയാൎത്തനു കൊതിക്കുന്നു
ധാത്രിയിൽ ചിരാവാസം:—ആശ്ചര്യം മായാഭ്രമം! 44

---



Digitized By Kerala Sahitya Akademi

# ൯. കുയിലിനോട്

## I

പാട്ടുക,പാട്ടുക ഭാവിയും ഭൂതവും
പാട്ടുകളേകാത്ത കോകിലമേ !
വാടിയിൽ സ്വൈരമായ് വാഴുന്ന നിൻമനം
വാടി വലഞ്ഞിടാനില്ല ഞായം.

ഭേകത്തിൻ ഹുങ്കാരമെന്നെന്നേ പൊയ്പ്പോയി;
കാകവും നാണത്താൽ മൂകമായി.
ഈമലർക്കാവിനിന്നീശനായ്ത്തീർന്നു നീ;
ഭൂമയിൽപ്പൊങ്ങട്ടേ നിൻ പ്രഭാവം.

ആയതിൻ ചിഹ്നമാം ഛത്രമായ്ക്കാണ്മൂ ഞാൻ
നീയമർന്നീടുമീമാമരത്തെ.
കൈവന്നുചേർന്നല്ലോ വൃക്ഷവും വല്ലിയും
പൂവിട്ടു നില്ക്കുന്ന ചൈത്രമാസം.

ഓമനേ ! നിൻ ഗാനമോർത്തവ മുൻക്കൂട്ടി-
ക്കോൾമയിർക്കൊൾവതിൽ കുററമുണ്ടോ ?
പന്തലിച്ചുള്ളൊരിത്തേന്മാവിൻ കൊമ്പത്തു
ചെന്തളിർ തിന്നുതിന്നത്രമാത്രം

ശാരീരസൌഭാഗ്യം തേടിന നിന്നോടു
'സാ—രീ' പഠിക്കണം കിന്നരരും ;
പേടിയും ശങ്കയും കൈവിട്ടു വേഗത്തിൽ
ത്തോടി തുറന്നാലുമെൻസഖാവേ !



Digitized By Kerala Sahitya Akademi

## II

മൂഢരായുള്ളോരു ഞങ്ങളെച്ചൊല്ലി നീ
പാടണമെന്നു ഞാൻ പ്രാർത്ഥിപ്പീല.
മാനവരാകിയ ഞങ്ങളും നിന്നുടെ
ഗാനവും തങ്ങളിൽച്ചേർച്ചയില്ല.
ഭൂതവും ഭാവിയും കാർമുകിൽ മർത്ത്യർക്കു,
ഖേദവും ഭീതിയും വായ്ക്കമൂലം ;
തൂകുകയില്ലവ-നീർത്തുള്ളി ഞങ്ങൾക്കു ;
തൂകിക്കും കണ്ണിൽ നിന്നശ്രുമാത്രം.
രണ്ടിനും മദ്ധ്യത്തി 'ലി' ന്നെന്ന മിന്നലിൻ
തുണ്ടൊന്നു തെല്ലെങ്ങാൻ മിന്നിപ്പോയാൽ,
രണ്ടും തൻക്രൂരിരുൾ തട്ടിച്ചാ രേഖയെ-
ക്കൊണ്ടലിൽക്കൊണ്ടലായ് മാററും താനും.
പോരെങ്കിലിക്കാലം പോരുകൊണ്ടെങ്ങുമി-
പ്പാരിടം പാഴ്മരുവാകും കാലം ;
ചാകലും കൊല്ലലുമല്ലാതെ കൃത്യങ്ങൾ
ലോകർക്കു മറെറല്ലാം മായും കാലം ;
വ്യോമത്തിൽ പാകി നിന്നുൽപാതയാനങ്ങൾ
തീമഴ രാപ്പകൽപ്പെയ്യും കാലം ;
ഭീമങ്ങളായുള്ള ബോംബുകൾ ഗർജ്ജിച്ചു
ബാധിയ്ക്കും കർണ്ണങ്ങൾക്കേകും കാലം ;



Digitized By Kerala Sahitya Akademi

മാരണദേവത മത്തയായ്, ക്രുദ്ധയായ്,
ഘോരമാം താണ്ഡവമാടും കാലം ;
ക്ഷാമമാം രക്ഷസ്സിൻ വക്ത്രത്തിൽ സർവ്വ-
മാമിഷമായ്ച്ചെന്നു വീഴും കാലം :—
ഉദ്യാനം– കോകിലം– സങ്ഗീതം– തൊട്ടുള്ള
ശബ്ദങ്ങൾക്കെന്തിപ്പോളർത്ഥമുള്ളൂ ?
ഈയററമെത്തിയ ഞങ്ങൾക്കു വേണ്ടി നീ
ഗായകനാകുവാനാരു ചൊല്ലും ?
ഉർവ്വിയിൽ മർത്ത്യൻതൻ നിർമ്മിതികാരണം
സർവേശനുണ്ടായ്പോൽ ചാരിതാർത്ഥ്യം !
അമ്മൊഴി മിഥ്യയെന്നല്ലയോ ഘോഷിപ്പൂ
ജന്മനിതൻ കൊടുംഭ്രാതൃഘാതം ?
ശ്ലാഘ്യമാം നിന്നുടെ കണ്ഠത്തിലീശ്വരൻ
പാല്ക്കടൽ നല്കാത്ത പീയൂഷത്തെ
വിന്യസിച്ചീടിന വേളയിൽത്താൻ നേടി
ധന്യത പാണിക്കും ശേമുഷിക്കും. 56

## III

പാടുക, പാടുക പഞ്ചമരാഗത്തിൽ
പാടവമേറിന കോകിലമേ !
മാൺപെഴും തോപ്പിത്തു കത്തുന്ന ചെന്തീയിൽ-
ച്ചാമ്പലായ് പ്പോകുകിൽപ്പോയിടട്ടെ ;



Digitized By Kerala Sahitya Akademi

## കുയിലിനോട്

ഇമ്മധുവൂറിടും മാവിനെച്ഛേദിച്ചു
വെണ്മഴ വീഴ്ത്തുകിൽ വീഴ്ത്തിടട്ടെ;
വാരൊളിവായ്ക്കും നിൻ മേനിയിൽ വ്യാധൻെറ
ക്രൂരമ്പു കൊള്ളുകിൽക്കൊണ്ടിടട്ടെ.

നീ കഥയില്ലാതെ മേലത്തേക്കാര്യമോ-
ർത്താകുലനാകുന്നോനല്ലയല്ലോ.
മായമററീ. മധുമാസത്തിൽ നീയൊരു
ഗായകനാകുവാൻ ജാതനായി;

ആയതു പോരും ; നീ തന്മൂലം തൃപ്തനായ്
സ്വീയമാമാം കർത്തവ്യമാചരിപ്പൂ.
മാനവർ—ദൈവത്താൽ വഞ്ചിതർ—നിന്നുടെ
ഗാനത്തെക്കേൾക്കാഞ്ഞാലാർക്കു നഷ്ടം ?
ഇന്നവർ മാത്രമല്ലൂഴിയിൽ വാഴുന്ന-
തെന്നു നീയോർത്താലുമെൻസുഹൃത്തേ !
തൻ തലയാട്ടും നീ പാടുമ്പോൾ വല്ലികൾ ;
വണ്ടുകൾ വട്ടത്തിൽ മൂളിയാടും ;
വീശിടും നിൻമേനി മാരുതപോതങ്ങ-
ളാശിസ്സു കൂറിടും പൈങ്കിളികൾ.
ആനന്ദബാഷ്പത്തിലാറാടി നിന്നിടും
തേനൊലിപ്പാർന്നിടും പൂങ്കുലകൾ.
കാനനദേവതമാരുടെ കർണ്ണത്തിൽ
നീ നറും മന്ത്രിച്ചാറൊഴുക്കും.



Digitized By Kerala Sahitya Akademi

ഏവക്കു മോഹനമല്ല താൻ നിൻ കണ്ഠം
കാർവർണ്ണൻ കണ്ണൻതൻ വേണുപോലെ ! 84

## IV

കോകില! നിന്നുടെ കാകളിതൻ പൊരുൾ
ലോകത്തിന്നെന്തെന്നു ബോധമില്ല.
കാന്തയാം കോപിക്കെഗ്ഗാനത്താൽപ്പക്ഷേ നീ
സാന്ത്വനം നല്കുകയായിരിക്കാം;—
സംഭാവ്യമല്ലതു; സൌമ്യനാം നിന്നോടു
നിൻപ്രിയ കോപിക്കാനില്ല ബന്ധം.
അല്ലെങ്കിൽ ത്രൈലോക്യജേതാവാം കാമനെ-
ച്ചൊല്ലി നീ വാഴ്ത്തുകയായിരിക്കാം;—
അല്ലതും; ക്ഷുദ്രമാം വണ്ടിതൻ ജീവിതം
തെല്ലുമേ നിൻനിലയ്ക്കൊത്തതല്ല.
സാമ്രാജ്യലുബ്ധർതൻ നേർക്കെഴും ക്രോധം നീ
താമ്രാക്ഷ ! നിൻകണ്ണാലോതുന്നീലേ?
നിർണ്ണയം ദൈവത്തിൻ മേന്മ നീ പാടുന്നു
നിന്നുടെ തുഷ്ടിക്കു വേണ്ടി മാത്രം.
ആയുഷ്മൻ ! താവകമാകുമിസ്സംഗീതം
വായുവിൽ വിശ്രാന്തമാകയില്ല;
നല്ലെഴുമയതിൻ സന്ദേശം കേട്ടിടു—
മെപ്പോളെന്നാകിലും മാനുഷരും.



Digitized By Kerala Sahitya Akademi

"ഗാനം താനാനന്ദ,മാനന്ദം താൻ ഗാനം"
ന്നാനമിത്തത്വം നീ യോതിയോതി
ആവഴിക്കുൽഗതി വാഴ്ത്തിച്ചു ഞങ്ങൾക്ക
കൈവളത്തീടുക ജന്മലാഭം:
പാടുക പാടുക സോദരി സുസ്വര !
നേടുക നിർവൃതി പാടിപ്പാടി.

---



Digitized By Kerala Sahitya Akademi

# ൧. നക്ഷത്രങ്ങൾ.

നിത്യവും താരങ്ങളേ ! നിങ്ങൾക്കെൻ നമസ്കാരം ;
തത്ത്വോപദേശം ചെയ്യുമാചാര്യരല്ലീ നിങ്ങൾ ?
ഭൂതലം തമസ്സിനാൽ ഗ്രസ്തമാകുമ്പോൾ വിയ-
ദ്വീഥിയിൽ പേർത്തും നിങ്ങൾ നീളെവന്നുദിക്കുന്നു.

പ്രത്യുഷഃകാലത്തിങ്കൽ പാവനാത്മാവായുള്ള
മിത്രനെക്കാണുന്നേരമസ്തമിക്കയും ചെയ്‌വൂ.
എന്തിതിൻ സൂക്ഷ്മാർത്ഥമെന്നോക്കുമ്പോളെനിക്കൊന്നു
ചിന്തയിൽത്തോന്നീടുന്നു ; തെല്ലതങ്ങുണർത്തിക്കാം.

എന്മനസ്സിരുണ്ടിടും നേരം ഞാൻ വാനത്തിങ്കൽ-
ച്ചിന്മയന്മാരാം ദേവരുത്രയോ പേരെക്കാണ്മൂ;
അമ്മഹാമോഹധ്വാന്തമാകവേ നീങ്ങുന്നേര-
മെന്മുന്നിൽ പ്രകാശിപ്പതേകമാം പരബ്രഹ്മം.

നിങ്ങൾ തന്നുപസ്ഥാനം ലോകത്തിൻ സ്വാപ്നാദാനം ;
നിങ്ങൾതൻ തിരോധാനം ലോകത്തിൻ സമുത്ഥാനം.



Digitized By Kerala Sahitya Akademi

# ൫. കാട്ടിലെപ്പാട്ട്

## I

പാരിടം തമിസ്രതൻ വക്ത്രത്തിൽപ്പതിക്കുന്നു;
ക്രൂരിരുട്ടെങ്ങും വന്നു കൂടുന്നു ക്രമ്പാരമായ്.
വാനിലേക്കൊട്ടുംകാറാധ്വാന്തമാം പിശാചിൻെറ
മേനിയിൽപ്പൂശിടുന്നു മേല്ക്കുമൽക്കാളാഞ്ജനം.
ഭൂതലം മരിച്ചുവോ—നിശ്ചേഷ്ടം? വിയത്തിലാ-
പ്പ്രേതത്തിൻ ചിതാധൂമം വാച്ചുവോ ഘനാകാരം?
എങ്ങൊളിച്ചുവോ ഘോരഭീതിയാൽ നഭോവീഥി
തിങ്കൾനായകം വച്ച താരഹാരാലങ്കാരം?
അല്ലെന്നോ ചൊല്ലേണ്ടു ഞാനന്നത്തേത്തമസ്സാണ്ധ,-
മല്ലെങ്കിലേതോ പുത്തൻ കാകോളസ്രോതസ്സെന്നോ?
ഉഗ്രമാം മഹാരണ്യമൊന്നതാ! സങ്കല്പമാം
ദൃക്കിനാൽക്കാണാമെങ്കിൽ കാണുവിൻ, ഭ്രാതാക്കളേ!
താപിഞ്ഛദ്രുമങ്ങളാൽ നീരന്ധ്രം, മത്തദ്വിപ-
വ്യാപാരഭീമം, വിപൽകേന്ദ്ര,മാമതിൽക്കൂടി
താങ്ങുവാൻ പോണ്ടന്മാർക്ക് ദൈവംതാൻ കരംനീട്ടി
നീങ്ങുന്നു മുന്നോട്ടേക്കു പല്ലക്കൊന്നതിദ്രുതം
"ആരെടാ? നില്ക്കട്ടെയപ്പല്ല" ക്കെന്നന്നേരത്തൊ-
രാരവം കേൾക്കാകുന്നു സിംഹഗർജ്ജനം പോലേ
"നില്ക്കട്ടെ, നില്ക്കട്ടെ" യെന്നത്യുച്ചമേറെശ്ശബ്ദ-
മഗ്ഗിരിൻ പ്രതിധ്വനിക്കൊപ്പമായ് മുഴങ്ങുന്നു.
ഭീമമാം വെടിക്കെട്ടു പൊട്ടുന്നു ദൂരത്തിങ്ക,-
ലേതു ദുർമ്മൂർത്തിക്കപ്പോളുത്സവം നടക്കുന്നോ?



Digitized By Kerala Sahitya Akademi

കാളുന്ന മുന്നിൽപ്പന്തം രണ്ടെണ്ണം, പോരാടുന്ന
കാളിതൻ തുറിച്ചതാം വട്ടക്കൺ തോല്ക്കുംമട്ടിൽ.
പേടിച്ചു നിൎത്തീ വാഹർ പൎയ്യങ്കം ; ചുററും വന്നു
കൂടിയൊട്ടനേകംപേർ, കൊള്ളക്കാർ, ഹിംസാരതർ.
വല്ലായ്മയൊന്നുമട്ടു വന്നുപോയ് തനിക്കെന്നു
പല്ലക്കിന്നകത്തുള്ള ഭാഗ്യവാൻ ധരിച്ചീല ;
നാദബ്രഹ്മാനുധ്യാനലീനനാണപ്പോഴമ-
പ്പീതസച്ചിദാനന്ദപീയൂഷൻ, മഹാശയൻ.
തഞ്ചത്തിലൊട്ടേറെ നാഴികപ്പുറം തഞ്ചാവൂരാം
തൻജന്മസ്ഥലത്തേക്കു പോകയാണഗ്ഗായകൻ. 32

II

വാണിതൻ വക്ഷോരുഹം രണ്ടിലും വഴിഞ്ഞൂറും
തൂനറും പാലാരൊരേ വേളയിൽപ്പാനം ചെയ്തു ;
വഞ്ചിഭൂവരാരോഹയാരെത്തൻ മാറിൽച്ചേൎത്തു
സഞ്ചിതപ്രേമം പുല്കിധന്യയായ് പ്രശോഭിച്ചു;
ശ്രീപത്മനാഭസ്വാമിദാസനായ്, വദാന്യതാ-
വൈഭവത്തിനാലാരു വൈലക്ഷ്യം ഭോജന്നേകി ;
ആക്കലാലതോപഘ്നപാരിജാതാനോകഹം,
ഭാൎഗ്ഗവക്ഷേത്രോത്ഭവം, പൎയ്യായത്യാഗബ്രഹ്മം,
സ്വാതിജൻ, കൂടസ്ഥനാമിന്ദുവിൻ കളങ്കത്തെ
ഖ്യാതിയാൽ സമ്മാൎജ്ജിച്ച തമ്പുരാൻ, ഗൎഭശ്രീമാൻ—
ആരെത്തൻവലങ്കയ്യായ് മാനിച്ചോ സദസ്സിൽവ-
ച്ചാരിൽത്തൻ സമഗ്രമാം വാത്സല്യം നിക്ഷേപിച്ചോ,



Digitized By Kerala Sahitya Akademi

ആദ്യമായ് കർണ്ണാടകം സംഗീതം പുത്തൻ ഫ്ലൂഡിൽ—
വാദ്യത്തിൽ വായിക്കുവാൻ ദാക്ഷ്യമാരാർജ്ജിച്ചുവോ,
വാട്ടം വിട്ടാരെ പ്രാജ്ഞർ വാഴ്ത്തിയോ കരംകൂപ്പി
നാട്യവിദ്യാധിഷ്ഠാനദേവതാസചരൂപനായ് :—
വടിവേലും തൻ പാട്ടാൽ വിശ്രുതത്തെയാവർജ്ജിച്ച
വടിവേലുവെന്നുള്ള നട്ടുവൻ താനപ്പുമാൻ.
തസ്കരക്കൂട്ടത്തിലസ്സാധു ചെന്നകപ്പെട്ടു ;
ചിക്കെന്നു ധൂകങ്ങളാൽ കോകിലം ചൂഴപ്പെട്ടു. 52

## III

"നീക്കെടാ തിരശ്ശീല; വയ്ക്കടാ കാശി"യ്യെന്നു
തൊക്കൊന്നു ചൂണ്ടിക്കാട്ടിച്ചോരർതൻ നേതാവാത്താൻ.
പല്ലക്കിൽ നാലോ മറേറാ പെട്ടിയുണ്ടതോരോന്നായ്-
ച്ചൊല്ലും മുൻപെട്ടത്തേകീ ദുഷ്ടന്നു യാത്രക്കാരൻ.
ഓരോന്നും തുറന്നവൻ നോക്കവേ കണ്ടാനുള്ളി-
ലാരെയും ഭ്രമിപ്പിക്കുമഗ്ര്യമാമത്ഭുതാൽകരം.
വൈരവും, മാണിക്യവും, പച്ചയും, നീലക്കല്ലും
മാരിവിൽക്കതിർക്കററ വീശിക്കൊണ്ടൊന്നിൽക്കാണാം ;
അംഗദം, കടീസൂത്രം, കേയൂരം, തുലാകോടി,
കങ്കണം തൊട്ടുള്ളോരു പണ്ടങ്ങൾ വേറിട്ടൊന്നിൽ ;
ചാരുമെയ് സർപ്പംപോലെ ചുററിയും മടക്കിയും,
ന്തറിഴപ്പണിക്കൂട്ടിൽ മറെറാന്നിൽ മുക്താഹാരം ;
രൂപ്യവും സുവർണ്ണവും നാലാമതൊന്നിൽ ;—പ്പെട്ടെ-
ന്നാപ്പെട്ടിയെല്ലാം കൈക്കലാക്കിനാൻ പാടച്ചരൻ.



Digitized By Kerala Sahitya Akademi

ബാക്കിയങ്ങൊന്നേയുള്ളു മഞ്ജൂഷ,യന്യാധീന-
മാകുവാനതും കൂടിയധ ചഗൻ മടിച്ചോതി:
"ഉച്ഛിഷ്ടമായിട്ടെനിക്കിപ്പെട്ടിമാത്രം നല്കി -
പ്പശ്യതോഹരാധ്യക്ഷ ! പലിപ്പാൻ പ്രാർത്ഥിപ്പു ഞാൻ."
കൈകൊട്ടിച്ചിരിച്ചതിന്നാക്ഖലൻ ചൊന്നാൻ: "നല്ല
പാകം! നീയാരെന്നെന്നെയോർത്തപോയ് ശുദ്ധാത്മാവേ?
നിൻകയ്യിൽ വാഴ്കും സ ചത്ത നിശ്ശേഷം നിൻപ്രാണന്നു
ചുങ്കമിസ്ഥലത്തെന്നു കാൺവാൻ കണ്ണെങ്ങു പോയ്?
കൊണ്ടുവാ, തർക്കിക്കാതെ, കൊണ്ടുവാ, ഞാനല്ലെങ്കിൽ-
ത്തുണ്ടുതുണ്ടാക്കും നിന്നെ വെട്ടിയെൻ കൈവാളിനാൽ.
നിന്നുയിർക്കാറേറകി ഞാനാകാശം നിറയ്ക്കേണ്ട ;
നിൻനിണക്കണം ചിന്നിയാഴിയെപ്പെരുക്കേണ്ട."
എന്നുരച്ചപ്പെട്ടിയും വാങ്ങിച്ചുനോക്കീ ഘോര-
നൊന്നുമില്ലതിൽക്കാശൊ, പണ്ടമോ, കല്ലോ,പൊന്നോ !
ആദ്യന്തപ്പെട്ടിക്കുള്ളിൽക്കേവലം ദന്തഫ്ഫിഡിൽ-
വാദ്യമൊന്നു,ണ്ടപ്പാവമായതിന്നാശിക്കുന്നു.
"ആ വാദ്യമെൻ പ്രാണനാം പെൺകിടാവാണ്! നിങ്ങ-
ളായതിൻ പൂമേനിയിൽപ്പോറലൊന്നേല്പിക്കൊല്ലേ !
നിങ്ങൾക്കതെന്തി,ന്നെനിക്കേകിയാൽ കൃതാർത്ഥൻ ഞാൻ;
നിങ്ങളും പേറുന്നീലേ ഹൃത്തൊന്നു ദൈവം നല്കി ?
ദേവകീധവൻ പണ്ടു കംസനോടിരന്നമ-
ട്ടീവിധം'പെൺകു'ഞ്ഞിനായ് പ്രാർത്ഥിച്ചാൻഹതദ്രവ്യൻ.



Digitized By Kerala Sahitya Akademi

## IV

ഹൃഷ്ടനായപ്പോൾച്ചൊന്നാൻ ചോരൻ "എൻ
ചങ്ങാതി, നീ
വിഡ്ഢിയോ, കൺകെട്ടോനോ, പിച്ചനോ, കുടിച്ചോനോ ?
അല്പവും മറ്റൊന്നും നീയാശിപ്പീലല്ലോ, നിന-
ക്കിപ്പൊട്ടവാദ്യപ്പെട്ടിക്കെന്തിനിപ്പെരുംകൊതി ?
ആട്ടെ, ഞാനിതങ്ങോട്ടു തന്നാലിപ്പിത്തക്കാരി-
യുട്ടമോ പിച്ചപ്പാളയേന്തിടും ത്നന്നച്ഛനെ?"
ആ വാക്കുകേട്ടോതിനാനന്ധപാന്ഥൻ സമാശ്വസി..
"ച്ഛീ വാദ്യം വേറിട്ടൊന്നല്ലെന്നന്നപൂർണ്ണേശ്വരി.
ഉണ്ടിതെൻ കരത്തിങ്കലെങ്കിൽ ഞാൻ ജേതാ,വെനി-
ക്കുണ്ടിടാ, മുട്ടത്തിടാ,മുല്ലസിച്ചുറങ്ങിടാം
സ്തുത്യമാമീയക്ഷയം ഭാജനം ദാനംചെയ്ക
മിത്രനാരെന്നും കൂടിച്ചൊല്ലിടാം സുഹൃത്തേ ! ഞാൻ.
ത്രീവാഴുംകോടന്നില്ലേ ദേശമൊന്നനപ്രത്ഥ.മ:-
ബ് ഭ്രവാളും പുണ്യശ്ലോകൻ, പൂരുഷക്കലങ്കാരം,
ഈദൃന്തഫ്ഫിഡിൽവാദ്യമേകി, ഞാനതിൽപ്പാടി-
പ്പേത്തുമിസ്സമ്പത്തെല്ലാം നേടി,യദ്ദേവൻ നല്കി.
ആക്കലാസംരക്ഷകക്ക്രഗൻതന്മുന്നിൽ ഞാൻ
ശീഘ്രമായ്ച്ചെന്നീ വാദ്യം പിന്നെയും വായിക്കുകിൽ,
കിന്നരൻ ഞാനെന്നോത്തും തമ്പുരാൻ കനി,ഞ്ഞെന്നെ-
ക്കിന്നരേശനായ്ത്തീക്കും കേവലം ക്ഷണാർദ്ധത്തിൽ.
'സാ—-രി'യെന്നൊരാറുകളെ മൂളിയാലാ മന്ത്രത്താൽ
ദാരിദ്ര്യപ്പിശാചിനെത്തൽക്ഷണം തച്ചോട്ടിക്കാം.



Digitized By Kerala Sahitya Akademi

ആലപിച്ചിടാം രാഗമല്പമൊന്നെന്നാലുടൻ
മാളികയ്ക്കകം പൂകാം മാതങ്ഗേന്ദ്രാരൂഢനായ്.
നാകികൾക്കഭീഷ്ടങ്ങൾ നല്കുവാനഞ്ചുണ്ടു പോൽ
ശാഖി, ഗോവൊ, ന്നൊന്നശ്മം—ഏഴെണ്ണമാകെക്കൂടി.
ഏകനായവയ്ക്കുള്ള ഭാരം താൻ വഹിപ്പതീ-
ലോകത്തിലാപ്പുണ്യാത്മാ,വിന്ദിരേശോപാസകൻ.
ഏഴയല്ലീ വാദ്യമുണ്ടെന്നാൽ ഞാനെക്കാലത്തു-
മാഴിനീർ വററിപ്പോകില്ലഭ്രത്തിൻ പാനത്തിനാൽ.
അല്ലെങ്കിലെന്തിന്നെനിക്കാവിത്തമെല്ലാം, കൊണ്ടു
വല്ല ദിക്കിലും ചെന്നാൽ വല്ലോരും ഹരിക്കുവാൻ ?
ആശ്ശിരഃകമ്പം പോരു,മാമന്ദസ്മിതം പോരു-
മാ"ബ്ബലേ, ബലേ" വാക്യസമ്മാനമൊന്നേ പോരും.
എൻമട്ടിൽ സരസ്വതീദേവിയെസ്സേവിപ്പോർക്ക്
മന്മഞ്ജർ നല്കും മതിപ്പൊന്നുതാൻ മഹൈശ്വര്യം."
124

## V

വേണാട്ടു വാണീടുന്ന തമ്പുരാൻ തൻപേർ കേൾക്കെ-
സ്സേനന്ന ദൃക്കും വാക്കും തെല്ലൊന്നു പാകപ്പെട്ടു.
"വടിവേലുവോ ഭവാൻ ? കേട്ടിട്ടുണ്ടങ്ങേപ്പററി-
യടവിക്കുള്ളിൽപ്പാർക്കും ഞങ്ങളും കുറച്ചെല്ലാം.
പാട്ടിനും കവച്ച്യ്ക്കും പാർക്കിൽപ്പൊരുത്തമേ-
താട്ടിനും ചെന്നായ്ക്കുമെങ്ങഃന്യോന്യമാകർഷണം ?
കാതിലും കഴുത്തിലും കൈവയ്ക്കും നേരം കേൾപ്പൂ
മാതർതൻ ഞരക്കം ഞാൻ മാൺപെഴും സങ്ഗീതമായ് ;



Digitized By Kerala Sahitya Akademi

സ്വത്തെല്ലാം പൊയ്പോകവേ യാത്രക്കാർ വയററത്തു
മദ്ദളം കൊട്ടും കൊട്ടെൻ മാനസം കളിപ്പിപ്പൂ.
എന്നുമേ വിപത്തെന്നെപ്പേടിച്ചു മാറുന്നു; ഞാൻ
കണ്ണുനീർ പൊഴിക്കേണ്ട കാലമേ കണ്ടിട്ടില്ല.
ആനന്ദമേകാം കേൾപ്പോർക്കങ്ങേപ്പാ, ട്ടായിക്കൊട്ടെ;
ഞാനതിൻ കടാക്ഷത്താൽ വേണ്ടല്ലോ മോദിക്കുവാൻ.
പാരമിന്നാശിപ്പു ഞാൻ കേണിടാ,നങ്ങേയ്ക്കൊന്നി-
പ്പാറയെ ദ്രവിപ്പിക്കാൻ പാററുമോ ? പാട്ടു ! നോക്കാം."
മായമററിമ്മട്ടോതി മാറിനാൻ മലിമ്ലുചൻ;
വായിപ്പാൻ തുടങ്ങിനാൻ വാദ്യവും വാണീദാസൻ.
കാൽമണിക്കൂറങ്ങോട്ടു നീങ്ങവേ ഘട്ടം മാറി ;
ജാല്മനും സഹായരും സ്നാതരായ് തപ്താശ്രുവിൽ ;
സ്തബ്ധരായ്, സമ്മൂഢരായ്, ധന്യരായ്, ശമാഢ്യരായ്,
സത്വശുദ്ധാത്മാക്കളായ്, തന്നെത്താൻമറന്നോരായ്.
കാണുമാറായി മുന്നിലേവർക്കും കണ്ണൻ പണ്ടു
വേണുവാദനംചെയ്ത മോഹനം വൃന്ദാവനം. 148

## VI

ഓതിനാൻ ചോരൻ വീണ്ടും സാന്ത്വാപനാ,"യങ്ങേ-
പ്പാദത്തിൽപ്പതിക്കുമിപ്പാപിയെപ്പാലിക്കണേ !
സ്തേനനെസ്സദ്വൃത്തനായ് ത്തീർക്കുവോരങ്ങേട്ടിവ്യ-
ഗാനത്തിൻ ഗരിഷ്ഠമാം പ്രാഭവം കണ്ടല്ലോ ഞാൻ.
എൻകൊട്ടംപങ്കം ഭവാനിമ്മട്ടിലെന്താശ്ചര്യ-
മെൻ കണ്ണീരൊഴിച്ചു തേ,ച്ചില്ലെന്നായ് ച്ചമച്ചല്ലോ.



Digitized By Kerala Sahitya Akademi

ചേരുവോന്നത്രേ ദാനമങ്ങേയ്ക്കിദ്ദേഹ്യാൽകരം
ചേരമാൻ ദാനംചെയ്തു, തമ്മഹാൻ സൽപാത്രജ്ഞൻ.
ഞാൻ, കള്ളൻ; —കവന്നതാം സ്വത്തെല്ലാമിപ്പോളങ്ങേ-
ത്തേൻ കിനിഞ്ഞീടും പാട്ടു കേട്ടു ഞാൻ തിരിച്ചേകാം.
ഇപ്പെരുംകാട്ടിന്നുള്ളോരീശനല്ലയോ ഞാനു-
മല്പമൊന്നിഗ്ഗാനത്തിനർപ്പിക്കാമെൻ സമ്മാനം.
കൊള്ളകൊണ്ടിന്നേ വരെക്കൊണ്ടോരെൻ സ്വത്തൊ
ക്കെ ഞാ-
നല്ലൽവിട്ടുടൻ നല്കാമപ്പാട്ടിൻ മൂല്യാംശമായ്;—
അല്ലല്ല മാർഗ്ഗജ്യോതിസ്സായൊരെന്നാചാര്യനു
തെല്ലതിന്നിരിക്കട്ടേ ദക്ഷിണാരൂപത്തിങ്കൽ.
ഈ വൃത്തി കൈവിട്ടു ഞാനിന്നുതൊട്ടിനിബ്ഭവൽ-
സേവകൻ, കഴൽപ്പാട്ടിൽപ്പററിടും മണൽത്തരി.”
എന്നോതിത്തനിക്കുള്ള വിത്തമത്രയും നല്കീ
ധന്യനഗ്ഗാതാവിന്നു തസ്കരൻ ത്യാഗൈശ്വര്യൻ.
തൻ ചാവൂരക്കാടെന്നു, ചിന്തിച്ചോരദ്ദേഹത്തെ-
തഞ്ചാവൂർഗ്ഗൃഹത്തിങ്കലെത്തിച്ചു നിർബാധമായ്.
തൻ ദന്തഫ്ഫിഡിൽമാത്രം വച്ചുകൊണ്ടാ സ്വത്തെല്ലാ-
മന്തമററകിഞ്ചനർക്കാബ്ബുധൻ ദാനംചെയ്താൻ.
ആ വാദ്യവണ്ണം പത്തുദിക്കിലും പരത്തിനാൻ
ഭൂവിലേശ്വരച്ചന്ദ്രനാകുമാപ്പുണ്യശ്ലോകൻ.
ഗാനമേ! ജയിപ്പൂ നീ തുല്യമായ് വിഹായസ്സിൽ-
ദ്ദീനരും വിത്തേശരും ക്രീഡിക്കും വിമാനമേ! 176



Digitized By Kerala Sahitya Akademi

## ൯. പടക്കിനാവ്

ഭൂലോകമൊട്ടുക്കു പടൎന്നിടുന്ന
പുത്തൻ മഹായുദ്ധവിപത്തു മേന്മേൽ
ഓൎത്തോൎത്തു ദുഃഖിച്ചൊരു രാവിൽ ഞാനൊ-
ട്ടുറങ്ങിയെന്നാലുമുറങ്ങിയില്ല.

താരങ്ങളോടപ്പൊഴുതീവിധം ഞാൻ
സംഭാഷണംചെയ്തതുപോലെ തോന്നി;
സത്തുക്കൾ വായിപ്പതിനിന്നതിൻെറ
സാരത്തെയൊന്നല്പമുപന്യസിക്കാം.

"ഉഡുക്കളേ! നിങ്ങൾ വിയത്തിലിന്നു-
മുദിച്ചു മിന്നീടുവതാൎക്കുവേണ്ടി?
കണ്ടൊന്നു കൊണ്ടാടിടുവാൻ നരനു
കണ്ണില്ല; നിങ്ങൾക്കതറിഞ്ഞുകൂടേ?

പുത്തൻവെടിക്കോപ്പുകൾ പാകിടുന്ന
പുകക്കൊടുങ്കാറിനിടയ്ക്കുകൂടി
താഴത്തുനിന്നൊന്നു നഭസ്സിൽ നോക്കാൻ
താൎക്ഷ്യന്നുപോലും തരമില്ലയല്ലോ.

വാനിൽക്കരേറും മൃതസൈനികൎക്കു
വഴിക്കു ദീപങ്ങൾകണക്കു നിങ്ങൾ
നീലാംബരത്തിൻെറ തമസ്സകററാൻ
നില്ക്കുന്നതാവാം പുരുഹൂതനോതി.

അല്ലാതെയിപ്പോളവനിക്കു വായ്ക്കു-
മത്യാഹിതം കണ്ടു ചിരിപ്പതിന്നായ്



Digitized By Kerala Sahitya Akademi

ഗോളങ്ങളേ! വന്നവരാകയില്ല
കൂടപ്പിറപ്പിൽക്കൃപയുള്ള നിങ്ങൾ.
ഹാ! നിങ്ങൾതൻ മെയ്യൊളി പണ്ടു മർത്ത്യ-
രക്ഷിദ്വയംകൊണ്ടു നുകന്നിരുന്നു;
അക്കാന്തിപൂരപ്രസരത്തിലാക്ക-
മന്തഃസ്ഥമാം ധ്വാന്തമകന്നിരുന്നു.

വാനക്കരിങ്കല്ലിലജൻ നരർക്കായ്
വരച്ച യുഷ്മല്ലിപിശാസനങ്ങൾ
മുഴക്കെ വായിച്ചറിവാൻ കഴിഞ്ഞ
മൂഢങ്കലും ഭക്തി ജനിച്ചിരുന്നു.

മുനീന്ദ്രസേവ്യൻ ജഗദീശ്വരൻെറ
മുററച്ചരൽക്കല്ലുകളേവമായാൽ
തദീയഭാസ്സെങ്ങനെയെന്നു ലോകം
ത്രൈരാശികംകൊണ്ടു ഗണിച്ചിരുന്നു.

ആഗ്നേയബാണപ്പുകകൊണ്ടു മൂടാ-
ക്കണ്മെയ്യിടാൻ മാനുഷനെന്നു നെയ്തു;
അന്നംബരത്തിന്നുമിളയ്ക്കുമുള്ളോ-
രന്യോന്യസന്ദർശനമസ്തമിച്ചു.

സ്വാതന്ത്ര്യപ്രസക്ത്യാശരിതൻെറ രൂപം
സ്വദേശസേവാലളിതയ്ക്കു വാച്ചോ,
ആരാമമായന്നു വരച്ചിരുന്നോ-
രനന്ത പെട്ടെന്നസിപത്രമായി.



Digitized By Kerala Sahitya Akademi

സാടോപമന്തഃകരണാഖ്യ പൂണ്ട
സഗർഭ്യനാദ്യം മൃതി നല്കിടുന്നോൻ
പിന്നീടു മററുള്ളവർതൻ നിണത്താൽ-
പ്പിപാസ തീക്കുന്നതിലെന്തു ചിത്രം ?

ഭുജിച്ചൊടുങ്ങുന്നതുപോലെകാണ്മൂ
ഭൂദേവി തൻ പുഷ്കലപൂർവ്വപുണ്യം;
ദൈവത്തിനായ് ത്തീർത്ത നികേതനത്തിൽ-
ച്ചെയ്ത്താനിരുന്നോരിയിടുന്നവല്ലോ.

തൻ നാലുപാദങ്ങളിലൊന്നു മാത്രം
ധർമ്മത്തിനുണ്ടിക്കലിതൻ യുഗത്തിൽ;
അതും മുറിപ്പാനസിയോങ്ങിനില്പാ-
ണന്യായമങ്ങിങ്ങധിപാധമന്മാർ.

പാവങ്ങളെക്കൊ,ന്നവർതൻ പിണത്താൽ
പ്രാസാദമൂക്കിൽപ്പണിയിച്ചതിങ്കൽ
കടന്നിരിക്കും ഖലർതൻ കഴുത്തിൽ-
ക്കാലന്നുപോലും കയറില്ല വീശാൻ.

തൻകാര്യമൊന്നേ കുറിയാക്കുവോക്കു
താരങ്ങളേ ! നിങ്ങളെയെത്ര നോക്കാം ?
അതല്ല, നോക്കീടിലുമെന്തു നേടാം,-
മനാത്മവാന്മാരവർമുദ്ധനേത്രർ.

സ്വസ്വാപവും തൂത്തു തുടച്ചെടുത്തു
തൻകയ്യിലാക്കുന്നതിനുള്ളിൽ മോഹം



Digitized By Kerala Sahitya Akademi

തുള്ളിത്തുളുമ്പും ജനതയ്ക്കു നിങ്ങൾ
ദൂരത്തിരിക്കുന്നതു് ദുഃഖഹേതു.

അസംഖ്യമുണ്ടീയവനിക്കകത്തു-
മാനന്ദസന്ദായകമാം പദാർത്ഥം
മണ്ണിന്നു മല്ലിട്ടു മരിച്ചിടുന്ന
മർത്ത്യന്നതൊന്നും മഹനീയമല്ല.

സംവർത്തമേഘസ്തനിതം മുഴക്കി-
ശ്ശസ്ത്രങ്ങൾ മേന്മേൽ ശ്രവണം പൊടിക്കേ,
മാനത്തുലാവും കിളിതന്റെ പാട്ടിൽ
മനം കുളിക്കുന്ന മനുഷ്യനേവൻ?

ആട്ടുന്നു ശീർഷം ചെറുതെന്നലേല്ക്കു-
മാരാമവീർത്തുകളർത്ഥവത്തായ്;
താളംപിടിക്കുന്നു രസിച്ചു കേട്ടു
തരുക്കളും മർമ്മരകൈതവത്താൽ;

മലർന്ന പുഷ്പങ്ങൾ മനോജ്ഞമാകും
മണംപരത്തീടുകിൽ മർത്ത്യനെന്തായ്?
അഗ്ന്യസ്ത്രദുർഗ്ഗന്ധമൊഴിഞ്ഞു മററൊ-
ന്നവന്നു നാസാതിഥിയാവതില്ല.

പാറിപ്പറന്നങ്ങരികത്തണഞ്ഞു
പതങ്ഗയൂഥം, പരിപൂർണ്ണഭാഗ്യം,
താരിൻമുഖം ചാരുതരം മുകർന്നു
ദാമ്പത്യസമ്പൽസുഖമാർന്നിടുന്നു.



Digitized By Kerala Sahitya Akademi

സ്തംബത്തിനേകീ, ശലഭത്തിനേകീ,
ചതുർമ്മുഖൻ, സർഗ്ഗകലാപ്രവീണൻ,
അത്യല്പമെന്നാലുമവശ്യകാമ്യ-
മരിഷ്ടമെന്തെന്നറിയാത്ത ജന്മം.

വധത്തിനെത്തും രണരാക്ഷസന്നു
വാളായ്ക്കുറേപ്പേ,രിരയായ്ക്കുറേപ്പേർ,—
ഹാ! തീർത്തു ദേവൻ നരയേയുമേവം,
ഹനിക്കുവാനും, ഹതരാകുവാനും.

പുമാൻെറ ജന്മത്തെ വെടിഞ്ഞു മർത്ത്യൻ
പുല്ലായ്പ്പിറന്നാൽ മതിയായിരുന്നു,
ഭ്രാതാക്കൾ തമ്മെയ്ച്ചുടുചോരകൊണ്ടു
പാണിദ്വയം പങ്കിലമാക്കിടാതെ.

പൈതങ്ങളെപ്പോററി വളർത്തി മേന്മേൽ
പ്രാണൻ ഹരിക്കുന്നു പടക്കളത്തിൽ ;
വൻകപ്പലേറെപ്പണിചെയ്തതെല്ലാം
വാരാശിയിൽത്തള്ളി മറിച്ചിടുന്നു;

പൊട്ടിച്ചു കമ്പം പലമട്ടിൽ നീളെ-
പ്പോരിന്നു പൂരം പൊടിപാററിടുന്നു;
ക്രീഡയ്ക്കു മണ്ണുണ്ട പിടിച്ചുടയ്ക്കും
കിടാങ്ങളും മന്നരുമിന്നഭിന്നർ ! (യുഗ്മകം)

മനുഷ്യർതൻ മാരണസക്തികണ്ടു
മന്നപ്പൊഴപ്പോൾ വിറകൊണ്ടിടുന്നു;



Digitized By Kerala Sahitya Akademi

തന്മജവാത്സല്യഭരത്തിൽ വീണ്ടും
തന്നൽകടക്രോധമടക്കിടുന്നു.

കല്ലോലമോരോന്നുഴറുന്നു ഭ്രവാം
ഖലാലയത്തെക്കബളീകരിക്കാൻ ;
വരട്ടെയെന്നാഴി തടുക്കമൂലം
വാങ്ങുന്നു പിന്നോട്ടു മിനിട്ടുതോറും.

ഇല്ലാഗ്രഹത്തിന്നൊഴിയാത്ത പോരാ–
മീ നാരകത്തിബ്ഭയമെന്നു തീരും ;
രാഷ്ട്രത്തെ രാഷ്ട്രം കഴലാൽച്ചവിട്ടും
രക്ഷഃക്രിയയ്ക്കെന്നു വിരാമമുണ്ടാം ;

പരസ്വലുബ്ധൻ നരനെന്നു തൻെറ
പാപിഷ്ഠമാം വൃത്തി പരിത്യജിക്കും ;
ക്രൂട്ടക്കൊലയ്ക്കും കഴവേററമുണ്ടു
കുറേക്കഴിഞ്ഞെന്നവനെന്നു തോന്നും ;

അന്നേ വസിക്കാനുതകൂ ധരിത്രി ;-
യന്നേ വരൂ മർത്ത്യനു ശാപമോക്ഷം;
അതേവരയ്ക്കുള്ളൊരു നേട്ടമെല്ലാ-
മാകാശഹർമ്മ്യോപമമർത്ഥശൂന്യം.

ഉഡുക്കളേ! ഹൃത്തടമൊന്നു നിങ്ങൾ–
ക്കുണ്ടെങ്കിലല്പം മിഴിനീർ പൊഴിപ്പിൻ;
തികച്ചുമിന്നൂഴിയിലെക്കൊടുമ്പോർ–
ത്തീ കെട്ടിടാൻ മററൊരു മാർഗ്ഗമില്ല.



Digitized By Kerala Sahitya Akademi

അല്ലെങ്കിലംഭോധിസരസ്സിലേവ-
മാവിർഭവിച്ചോരു ധരാരവിന്ദം
ഇത്രയ്ക്കു കീടങ്ങൾ നിറഞ്ഞു മേലി-
ലിരിപ്പതെന്തി,ന്നതിലാണ്ടുപോട്ടെ."

ഈ രോദനം കേട്ടു ചിരിച്ചു നിങ്ങ-
ളൃക്ഷങ്ങളേ ! സസ്മിതമെന്തുചൊൽവൂ ?
അഹോ! ധരിക്കെച്ചരിതാർത്ഥനായ് ഞാ-
നാശ്വാസമേകുന്ന ഭവന്നിദേശം.

"ആദ്യം മുതൽക്കുള്ളവനീചരിത്ര-
മാലോകനംചെയ്തവരാണു ഞങ്ങൾ;
എന്തിന്നു മാഴ്കുന്നതു വത്സ ? പാഴി-
ലെല്ലാം ശരിപ്പെട്ടു വരും ക്രമത്തിൽ.

സാമ്രാജ്യനീർപ്പോളകളെത്രയെത്ര
തകർന്നു കാലപ്പുഴയിങ്കൽ മുങ്ങി !
മദിച്ച മർത്ത്യാശരരെത്രയെത്ര
മണ്ണോടു മണ്ണായ് മറയത്തു മാഞ്ഞു !!

പിശാചസംഘം ചുടലക്കളത്തിൽ
ബീഭത്സനൃത്തം തുടരുന്ന രാവും
നശിച്ചു പോകുന്നതു നമ്മെയെല്ലാം
നൽപ്പൊന്നുഷസ്സിൻ സവിധത്തിലല്ലീ ?

അത്യന്തമാപത്തിലുമുണ്ടു നിങ്ങൾ-
ക്കാശാങ്കുരത്തിന്നവകാശമെന്നായ്



Digitized By Kerala Sahitya Akademi

ഏതുഗ്രമായുള്ള കറുത്തവാവി-
ന്നിരുട്ടിലും ഞങ്ങളുടിച്ചുരയ്പൂ.

പൊന്നല്ല മിന്നുന്ന പദാൎത്ഥമെല്ലാം;
പോരെന്നുമീമട്ടിനു പോയിടേണ്ട ;
ആരെന്തിടയ്ക്കങ്ങനെ നേടിയാലു-
മററത്തിലൊന്നേ വിജയിക്കു—ധൎമ്മം.

ധൎമ്മം പിടിക്കുന്ന ജയക്കൊടിക്കേ
താഴാതെ വാനത്തു പറന്നിടാവൂ;
അപ്പാഠമാരും ശരിയായ്പ്പഠിക്കാ-
നായിട്ടമിദ്ദൈവപരീക്ഷ പക്ഷേ.

അഹിംസയെന്നാലതൊരാംക്കു മാത്ര-
മാചയ്യമായുള്ളൊരു ധൎമ്മമല്ല ;
കഴുത്തറുക്കാൻ ഖലനെത്തിടുമ്പോഠ-
ക്കൈകെട്ടിനിന്നാൽക്കഥ തീൎന്നുപോകും.

സ്വാതന്ത്ര്യമാം വായു ചിലൎക്കു മാത്രം
ശ്വസിക്കുവാനുള്ളൊരു വസ്തുവല്ല;
മഹീതലം തീൎത്തു വിശ്വശില്പി
മല്ലൻെറ വാസത്തിനു മാത്രമല്ല ;

ഇത്യാദി തത്വം നിലനിൎത്തിവേണ-
മിനിപ്പുലത്തോടു രാജ്യതന്ത്രം ;
അല്ലെങ്കിൽ വീണ്ടും ചില ഗോഷ്ഠികാട്ടി-
യാപത്തിൽ വീഴാം,മഴലാൻ കേഴാം. (യുഗ്മകം)



Digitized By Kerala Sahitya Akademi

മനുഷ്യനിന്നും ശിശുവാ,ണവന്റെ
മനസ്സിനാൽ മർക്കടനിർവ്വിശേഷൻ ;
ലക്ഷോപലക്ഷം ശതകം കഴിഞ്ഞേ
ലക്ഷ്യത്തെ നോക്കാനവനാക്ഷി നേട്ടു.

മാറാതെ നിന്നീടുമതേവരയ്ക്കും
മല്ലെന്ന വൈവസ്വതദീർഘസത്രം;
വിവേകമില്ലാത്ത നരന്നു വായ്ക്കും
വിഭൂതിയും ചാമ്പലുമൊന്നുതന്നെ.

അന്നന്നു ജീവിപ്പവരാമുഹൂർത്ത-
മടുക്കുവാൻ വേണ്ടതു ചെയ്തിടാഞ്ഞാൽ
സംവർത്തകാലം വരെയും മുറയ്ക്ക-
സ്സത്രം നടക്കും; സകലം നശിക്കും.

ഉറങ്ങു പോയ് വത്സ ! മനുഷ്യജാതി-
ക്കുദഞ്ചലമാം ശർമ്മമുയർന്നിടട്ടെ ;
ഉളയ്ക്കുമക്ഷയ്യശമോദയത്താ-
ലീയാമനസ്യം സുഖമായ് വരട്ടെ.”

പ്രചണ്ഡമാമിപ്രളയത്തിൽനിന്നും
ഭ്രാതാക്കളെ ! നാം കരകയറിടുമ്പോൾ
പീരങ്കി ശേഷിപ്പതുകൊണ്ടു പോരാം
പിശാചിനെക്കൊന്നു കുഴിച്ചുമൂടാം.

ഉറങ്ങിയാൽ നല്ല കിനാക്കളായു-
മുണർന്നിരുന്നാൽക്കവനങ്ങളായും
നമ്മെസ്സുഖിപ്പിച്ചു നഭസ്സിൽ മിന്നും-
നക്ഷത്രവൃന്ദത്തെ നമസ്കരിക്കാം.



Digitized By Kerala Sahitya Akademi

# ൧൦. പുരോഗതി

ഉറക്കം മതി; ചങ്ങാതി!—യുത്ഥാനം ചെയ്തിടാമിനി;
എഴുന്നേററിട്ടു വേണ്ടേ നാ—മെങ്ങോട്ടും സഞ്ചരിക്കുവാൻ?
നില്ക്കുമീനില്പിൽ നില്ക്കാതെ-നീങ്ങി മുന്നോട്ടു പോയിടാം;
പിടിച്ചു തള്ളുമല്ലെങ്കിൽ—പ്പിന്നിൽനിന്നു വരുന്നവർ.
പറന്നിടേണ്ട പക്ഷേ നാം—പകലോനെപ്പിടിക്കുവാൻ ;
എടുത്തുചാട്ടക്കാരൻെറ—യെല്ലൊടിച്ചേ വിട്ടു വിധി.
വിപ്ലവംകൊണ്ടു നേടുന്ന—വിജയം ക്ഷണഭംഗുരം;
അമൃതായ് ക്കാഴ്ചയിൽത്തോന്നു-മതു നഞ്ഞാണശിക്കുകിൽ.
'ചത്തുംകൊന്നു' മടക്കേണ്ട;—സാമം സർവസ്വവും തരും.
ഏവൻ കുടിക്കും ദാഹിച്ചാ—ലെരിതീമലതൻ ദ്രവം?
പയ്യെപ്പോവോർക്കണഞ്ഞീടാം—പ്രാപ്യസ്ഥാനമതിദ്രുതം,
സങ്കല്പദാർഢ്യമുണ്ടെങ്കിൽ—സതതോദ്യോഗശീലവും.
തലയെത്രയുയർന്നാലും—തറയിൽക്കാലുറയ്ക്കണം ;
വൃക്ഷമെത്ര വളർന്നാലും—വേരററാൽ വീണുതന്നെപോം.
പരക്കംപാച്ചിൽകൊണ്ടുള്ള-ഫലം കാലിന്നു നൊമ്പലം;
ഏകാഗ്രമാകണം ചിത്ത—മെങ്കിലേ നന്മ വന്നിടൂ.
അങ്ങിങ്ങെത്രയുഴന്നാലു—മാർക്കും കിട്ടാത്തതാം നിധി
താഴ്ത്തിക്കിളയ്ക്കുകിൽക്കാണാം—തൻ പറമ്പിൽക്കിടപ്പ-
[തായ്.
ഒക്കയും തൊട്ടു നോക്കീടു—മുറയ്ക്കില്ലൊന്നിലും പിടി ;
വ്യർത്ഥമിമ്മട്ടിൽ നാം പോക്കും—വിദ്യാനിടവഴിപ്പിണം.



Digitized By Kerala Sahitya Akademi

മറക്കണം നാം മുക്കാലും-മറേറക്കാലോർമ്മവയ്ക്കുവാൻ ;
അതിഭാരത്തിനാൽ വണ്ടി—ക്കച്ചുതണ്ടു മുറിഞ്ഞുപോം.

എണ്ണമററുള്ള താരങ്ങ—ളിരുണ്ടോരിരവേന്തവേ,
ദിവസപാനേകനാൽ ധന്യം-വെളിച്ചം വാച്ചിടും പകൽ.

വിത്തുമാത്രം നിലത്തിങ്കൽ—വിതച്ചാലെന്തു കാര്യമായ് ?
വിളവിന്നാശയുണ്ടെങ്കിൽ— വേണം കളപറിക്കലും.

വലിച്ചുവാരിത്തിന്നീടിൽ —വളത്താം വ്യാധിയേവനും ;
അല്പാഹാരം ഭുജിച്ചീടി— ലങ്ഗം പുഷ്ടിപ്പെട്ടുത്തിടാം.

പുത്തക്കെട്ടൈസ്റ്റക്കിളോട്ടിക്കാൻ-പട്ടക്കർക്കും പ്രയാസമാം;
ബാണംകണക്കേ പായിക്കാൻ-ബാലന്മാരും വിചക്ഷണർ.

അന്തഃകരണമാം ക്ഷേത്ര—മത്യന്തം ശൂന്യമാകുകിൽ
അന്യക്ഷേത്രപ്രയാണംകൊ—ണ്ടാക്കെന്തെന്തൊക്കെ നേടി
[ടാം ?

എത്രയ്ക്കു കൈവിടാം തൃഷ്ണ—യത്രയ്ക്കു ചരിതാർത്ഥർ നാം;
കടം ദുരാശ മർത്ത്യക്ക—ക്കടമില്ലായ്കതാൻ ധനം.

വേദത്തിൻ പൊരുളെന്തെന്നു-വെറുതേ തിരയേണ്ട നാം ;
അതു രണ്ടക്ഷരത്തിങ്ക— ലടങ്ങുന്ന ശമം—ദമം.

ലഗാൻ പിടിക്കയും വേണം ;—ചാട്ടയും കയ്യിലേന്തണം ;
അല്ലാതെയുള്ള സാദിക്കേ— തശ്വാരോഹണചാതുരി ?
ഓടിക്കിതച്ചിടാതേയു—മൊച്ചിൻമട്ടിഴയാതെയും
ചെല്ലു മുന്നോട്ടു ചങ്ങാതി !— ജയലക്ഷ്മിയെ വേൾക്കുവാൻ.
[20



Digitized By Kerala Sahitya Akademi

# ൧൧. സമരാഗ്നി

ഒന്നിനൊന്നാളിപ്പടന്നുക്കിൽപ്പാഞ്ഞെരിഞ്ഞു ഴി-
തിന്നു തിന്നൊടുക്കുന്നു നിഷ്ഠുരൻ യുദ്ധാനലൻ.
ധൂമത്താലാക്രാന്തമാം വ്യോമമണ്ഡലം തുലോം
ശ്യാമമായ്, കോപം വാച്ച ദേവർതൻ മുഖം പോലെ.
ഹവ്യത്തെ പ്രതീക്ഷിക്കുമായവക്കീയഗ്നിപോയ്
നവ്യമാം നൃമാംസത്തിൻ ദുർഗ്ഗന്ധം സമർപ്പിപ്പു.
ദ്യോവിലെത്താരങ്ങൾക്കു വന്നുപോയ് പദഭ്രംശം;
ഭൂവിലീയുല്ക്കാപാതമല്ലെങ്കിൽ സംഭാവ്യമോ?
സ്സ്പഷ്ടമിക്കൊട്ടംതീയിൽ നിന്നെഴും സ്ഫുലിങ്ഗങ്ങ-
ളൊട്ടു മിന്നിയും കെട്ടും നില്ക്കുന്നു തൽസ്ഥാനത്തിൽ.
ആരു പണ്ടാർജ്ജിച്ചതാം പുണ്യത്തിൻ ബലത്താലോ
ഭാരതം ഭസ്മീഭൂതമായിട്ടില്ലിന്നോളവും.
എങ്കിലും തൽബന്ധുവാം ദാരിദ്ര്യക്ഷേപ്രാനിലൻ
മുൻകൂട്ടിവന്നിൻഡ്യയെക്കീഴ്മേലായ് മറിക്കുന്നു.
ഹാ! സരിത്തെത്താത്തതാം പാഴ്മണൽക്കാടീനാട്ടു,
ദേശാന്തരാനേയമാം ദ്രവ്യത്തിന്നഭാവത്തിൽ.
പ്രധനം, നിധനം :— ഈ രണ്ടുമറ്റല്ലാതെ നാ-
മിതരം കാണ്മീലല്ലോ ധരയിൽ ധനമൊന്നും.
കാണെഞങ്ങും വരണ്ടു പോയ് നമ്മൾതൻ രാജ്യം; ചെറു
പാഞ്ഞടർത്തീവന്നൊന്നു നക്കിയാൽ— ശാന്തം പാപം!
ഈ മുഹൂർത്തത്തിങ്കലും കാണുന്നീലല്ലോ നമ്മൾ
ഭീമമാമസ്മദപിപത്തെന്തെന്നമൈത്ര്യെക്കുന്നും.



Digitized By Kerala Sahitya Akademi

മാത്രയും വൈകീടാതെ തന്നിർവ്വാപണത്തിന്ന്
പാത്രത്തിൽ നീരും നിറച്ചല്ലയോ നില്ക്കേണ്ടു നാം?
ഏഴെണ്ണായിരം ലക്ഷം കൈകൾതൻ നീർദ്ധാരയാ-
ലേതുമട്ടെഴും തീയും ശാന്തമായ്ത്തീർന്നേ പററൂ.
ഇപ്പോഴോ തമ്മിൽത്തല്ലിച്ചത്തൊടുങ്ങുവാൻ കാല-
മിപ്പോഴോ പെററമ്മയെ ദ്രോഹിപ്പാനവസരം ?
തറവാടാകെത്തട്ടിനിരത്തിയതിൽപ്പെട്ടും
മരവുംകല്ലും വെട്ടിപ്പങ്കുവെയ്ക്കേണ്ടും ഘട്ടം?
ശത്രുക്കൾ മുററത്തിങ്കൽ ബോംബിട്ടും നേരത്തിങ്ക-
ലിത്തരം ചിത്തഭ്രമം നമ്മളെബ്ബാധിച്ചാലോ?
ഞങ്ങൾ തന്നനൈകമത്ത്യോന്മാദം ശമിപ്പിപ്പാ-
നങ്ങെയ്ക്കുമാവില്ലെന്നോ ഹാ ! ഹരേ ! ധന്വന്തരേ?
ധാരയ്ക്കു തക്രം തെല്ലുമില്ലെന്നു വന്നോ? ഭവൽ-
ക്ഷീരസാഗരം കൂടിയിത്തീയിൽ വററിപ്പോയോ? 36

---



Digitized By Kerala Sahitya Akademi

# ൧൨. ബാഷ്പാഞ്ജലി

## I

സഖാക്കളേ ! മേൽക്കരണീയമെന്തു ?
സാഹിത്യസാംയാത്രികരായ നമ്മൾ
അനാഥരായ് ; വിട്ടുപിരിഞ്ഞു നമ്മെ-
"യപ്പൻ" നൃപൻ, നമ്മുടെ കർണ്ണധാരൻ.

കലാലതോപഘ്നതരുപ്രകാണ്ഡം
കാലക്കൊടുംകാററിലധഃപതിച്ചു ;
ചരിത്രരത്നോൽകരമുദ്ധരിയ്ക്കും
സമർത്ഥഹസ്തം ചലിയാതെയായി ;

നിശ്ശബ്ദമായീ മൊഴിമാറ്റു നിത്യം
നൃത്തം തകർക്കും രസനാഗ്രരംഗം ;
ഒടിഞ്ഞുപോയീ മഷിയാം മരന്ദ-
മുറുന്ന പൊൻതൂലിക തുണ്ടുതുണ്ടായ് ;

വന്നെത്തി ഹാ ! നമ്മുടെ കൈരളിക്കു
വൈധവ്യദുഃഖം, വളരെക്കഠോരം ;
എന്നേക്കുമായ്ത്തന്നെ മറഞ്ഞു നാട്ടി-
ന്നിരുട്ടകററീടിന ഭാനുബിംബം.

ഒന്നല്ല, പത്ത,ല്ലൊരുനൂറുമട്ടി -
ലുദാത്തമായുള്ള സപത്നമൂലം



Digitized By Kerala Sahitya Akademi

തന്മാതൃഭൃതപ്പ്ണമാചരിച്ച
സവ്വോത്തമൻ— താപമിതാർ സഹിക്കും ?

മരിച്ചു പോയോരെ നിനച്ചു മത്ത്യൻ
മാലാന്നിടൊല്ലെന്നഭിയുക്തർ ചൊല്വൂ ;
ശ്രദ്ധേയമാണമ്മൊഴി ; നമ്മൾ പക്ഷേ
തേങ്ങിക്കരഞ്ഞാലതു തെററുമല്ല.

വെളിക്കു നിന്നീടുക ; നിന്നെ ഞങ്ങൾ
വേദാന്തമേ ! പിന്നെ വിളിച്ചുകൊള്ളാം.
ബാഷ്പാംബു പായുന്നളവല്ല കാലം
പ്രപഞ്ചതത്ത്വസ്ഥിതി ചച്ച്ചെയ്യാൻ.

ആലംബമറേറാർ, ഹതഭാഗ്യർ, ഞങ്ങ-
ളശ്രുക്കൾ വാത്താലതിലാക്കു നഷ്ടം ?
ആ വാരി നെഞ്ഞത്തൊഴുകീട്ടു വേണ-
മാധിക്കൊട്ടുംതീ ചെറുതൊന്നടങ്ങാൻ.

കവന്ന കാലം കനിവേന്തുമെന്നോ,
കൈവിട്ടുപൊയ്പ്പോയതു കിട്ടുമെന്നോ,
ആശിക്കകൊണ്ടല്ലുഴലാന്നിടുന്ന-
താരും കരംത്തട്ടുതകന്നിടുമ്പോൾ

ആ മാതൃഭാഷാപരിപോഷണോൽക,—
നാശ്ലിസിംഹാസനചക്രവത്തി,



Digitized By Kerala Sahitya Akademi

ആസ്സൽഗുണൈകായതനാന്തരംഗ,-
നാക്കർമ്മയോഗിവ്രജമാർഗ്ഗദർശി ;

ആ ലോകസംസേവനജാഗരൂക,-
നാവിശ്വവിസ്മാപനസാധുചര്യൻ,
ആരാധ്യനല്ലാതെയിരുന്നതാക്കാ-
ണാമാടഭൂപാന്വയസാഗരേന്ദു ! (യുഗ്മകം)

ചടച്ചൊരമ്മേനിയിലിപ്രപഞ്ചം
സമസ്തമുൾക്കൊൾവൊരു ഹൃത്തിരുന്നു ;
അന്യാർത്ഥമായുള്ളൊരു ജീവിതത്തി-
ന്നാനന്ദമെന്തെന്നതറിഞ്ഞിരുന്നു.

കാവ്യാധ്വഗന്മാർക്കൊരുപോലെയാർതൻ -
കാരുണ്യഗംഗാനദി കാമമേകി ;
കടാക്ഷലക്ഷ്മീകമനീയമാം തൽ-
കളേബരം ഹന്ത ! കഥാവശേഷം.

പാരിങ്കലേതുത്തമവസ്തുവിന്നും
പാര്യന്തികന്യൂനതയൊന്നിരിപ്പൂ ;
അഭാവകാലത്തിലതാർക്കുമുള്ളി-
ലസഹ്യമാമാർത്തിയണയ്ക്കുമല്ലോ.

സർവ്വസ്വവും ഞങ്ങളെ വിട്ടുപോയി
സാഹിത്യസാമ്രാജ്യമനീശമായി;



Digitized By Kerala Sahitya Akademi

ശൂന്യതാമെങ്ങും തുറുകൺ മിഴിച്ചു;
ശോചിക്കയേ പോംവഴിയുള്ളു താനം.

ആക്രന്ദനം കൊണ്ടുമൊരല്പമുണ്ടാ-
മാശ്വാസമെന്നോർപ്പതബദ്ധമല്ല ;
അണയ്ക്കുനിർത്താൻ കഴിയാത്ത വെള്ള-
മങ്ങേപ്പുറം പായുകതന്നെവേണം.

"അന്നന്നു സന്ധ്യയ്ക്കു മറഞ്ഞിടുന്നൊ-
രക്കൻ തിരിച്ചെത്തുമടുത്തനാളിൽ."
എന്നുള്ള വിശ്വാസമബദ്ധമെങ്കി-
ലേവർക്കു ചേതസ്സിടിവേല്ക്കയില്ല !

തൻ പ്രാതിനിധ്യം നിശയിൽ ദിനേശൻ
താരാവൃതൻ ചന്ദ്രനു നല്കിയാലും
സംതൃപ്തി തെല്ലില്ലതിലെന്നു ചൊല്‌വൂ
താന്തങ്ങളാകുന്ന ചരാചരങ്ങൾ

വീക്ഷിപ്പതില്ലങ്ങനെ നമ്മൾ വീണ്ടും
വിയുക്തമാം ബന്ധുസുഹൃൽഗണത്തെ;
പരേതർതൻ ഭാവി കഥിപ്പതിങ്കൽ
പ്രവാചകന്മാർ പല പക്ഷമുള്ളോർ.

കടന്നുപോകുന്നവരപ്പുറത്തേ-
ക്കായ്യങ്ങളൊട്ടൊട്ടറിയുന്നു ; പക്ഷേ,



Digitized By Kerala Sahitya Akademi

തിരിച്ചുവന്നകഥ നമ്മോടാരും
തീർത്തോതുവാനസുകരാവതില്ല.

എന്നാലുമൊന്നുണ്ടനുമാനസിദ്ധ-
മേതോ മഹാശക്തി, സമഗ്രസിദ്ധി,
പേർത്തും പുലർത്തുന്നതുകൊണ്ടുതാനി-
ബ്ബ്രഹ്മാണ്ഡഭാണ്ഡം പുലരുന്നതെന്നായ്.

പേരെന്തുമാകട്ടെയതിന്നു ; പേരിൻ-
ഭേദത്തിനാൽ വസ്തുവിനില്ല മാററം;
അതിൻ മഹസ്സാണവലംബമാക്ക-
മന്തർഭ്രമധ്വാന്തമകന്നു പോകാൻ.

പ്രയോജനത്തെക്കരുതാതെയാരും
പ്രവൃത്തിചെയ്യുന്നവരല്ലയെങ്കിൽ,
ഉദ്ദേശമററൊരു പണിക്കു ദൈവ-
മൊരുങ്ങുകില്ലെന്നതുമൂഹ്യമല്ലേ ?

കൊളുത്തിടുന്നുണ്ടു വിളക്കൊരേടം;
കെടുത്തിടുന്നുണ്ടതു മറെറാരേടം;
ആവശ്യമാവാമതു രണ്ടുമീശ-
ന്നങ്ങേപ്പുറത്തുള്ളൊരരങ്ങൊരുക്കാൻ.

ഒച്ചിൻകണക്കേകനിഴഞ്ഞുപോകു-
മോട്ടം ശശത്തിൻപടി മറെറാരുത്തൻ;



Digitized By Kerala Sahitya Akademi

ചെന്നെത്തുമമ്മാതിരി രണ്ടുപേരും
ജഗൽപിതാവിൻ ചരണാംബുജത്തിൽ.

ന്യാസത്തെയേല്ക്കാ, മുടമസ്ഥനെത്തി-
ച്ചോദിച്ചിടുമ്പോഴത്തിരിയെക്കൊടുക്കാൻ;
തീവണ്ടിയിൽച്ചെന്നൊരുമിച്ചുകൂടാം,
സ്റ്റേഷൻ വരുമ്പോഴപ്പിരിവാൻ ക്രമത്തിൽ.

വാസസ്സു മാറുന്നവരെന്നു ചൊല്ലാം;
വാസാന്തരം വായ്പവരെന്നുരയ്ക്കാം;
സ്വാപത്തിൽ നിന്നുത്ഥിതരെന്നുമോതാം:—
സൂക്ഷ്മം നിനച്ചാൽ മൃതർ ഭാഗ്യവാന്മാർ.

സോപാനമോരോന്നു കടത്തിയീശൻ
സ്വപാർശ്വമെത്തിപ്പളുവധൂഗക്കായ്
ഇടയ്ക്കു നല്കുന്നൊരു വിശ്രമത്തി-
ന്നേകുന്നു മർത്ത്യൻ മൃതിയെന്നു നാമം.

ഗർഭസ്ഥമാകും ശിശു ജാതമായാൽ-
ക്കേഴുന്നതിൻ കാരണമാരറിഞ്ഞു!
രോദിച്ചിടാമായതു നഷ്ടലബ്ധ-
ലോകങ്ങൾതൻ ഭിന്നത കാൺകമൂലം.

"എനിക്കു ദൈവം വധശിക്ഷ നല്കി-
യിന്നിത്തുറുങ്കിന്നകമിട്ടു പൂട്ടി;



Digitized By Kerala Sahitya Akademi

എന്നാണു തുക്കുന്നതു ഞാനറഞ്ഞീ-"
ലെന്നായിടാമശ്ശിശുവിൻ പ്രലാപം.

വൃഥാ നിനക്കിബ്ഭയമെൻ കിടാവേ!
വേഗത്തിലോ, ചെററു ദിനങ്ങൾ ചെന്നോ,
വിലങ്ങുവെച്ചോനതു വെട്ടിവീഴ്ത്തി
വെളിക്കു നീ പോവതിനാജ്ഞ നല്കും.

നീയെന്തു ചൊല്ലുന്നതു നിൻെറ ജീവൻ;
നിൻ ജെയ്‌ലതുൾക്കൊൾവൊരു നിൻ ശരീരം;
തുറുങ്കൊരാൾക്കും മഹിയല്ലതോതാൻ
ധ്രുവാദ്യരാം സാക്ഷികൾ വാനിൽ നില്പൂ.

മങ്ങിക്കെടാതേതൊരു മണിപ്രദീപം
മർത്ത്യൻെറ പാതയ്ക്കു കൊളുത്തിടുന്നോൻ
മഹാൻ, ചിരഞ്ജീവി, യവൻെറ മുന്നിൽ
മരിച്ചു വീഴുന്നതു മൃത്യു തന്നെ.

ദുരാശയാൽത്തൽകുണപം ഭുജിക്കും
ധൂമദ്ധ്വജം വീണു കെട്ടും ക്ഷണത്തിൽ;
ശശ്വദ്യശഃസ്തംഭമുയൻ മിന്നും
തജ്ജീവിതാഖ്യാദ്ധ്വരചാരുയൂപം.

അമ്മട്ടിലുള്ളോരമലാപദാന-
'നപ്പൻ', സമാസാദിതസർവ്വകാമൻ,



Digitized By Kerala Sahitya Akademi

ബ്രഹ്മീഭവിക്കാ, മഥവാ മഹത്താം
പൃഥ്വീസപത്ന്യയ്ക്കിനിയും ജനിക്കാം.

അതെന്തുമാകട്ടെ; നമുക്കു മേലു-
മാചാര്യ, നദ്ധ്യക്ഷ, നധീശ, നപ്പൻ;
അനന്തകല്യാണപരമ്പരാപ്തി-
ക്കത്തമ്പുരാൻതൻ സ്മൃതിയൊന്നു പോരും.

ആസ്സൂരിതൻ വാങ്മയമിങ്ങിരിക്കെ,
യാപ്പുണ്യവാൻതൻ ചരിതം ലസിക്കെ,
സമ്പത്തിലെന്തൊന്നു നമുക്കു പോയി?
സാരാംശമെന്തൊന്നു ഹരിച്ചു കാലം?

താദൃഗ്ഗുണാഢ്യന്മാരെ നിനച്ചു നമ്മൾ
സന്താപമേന്തുന്നതു ധർമ്മമല്ല;
ദുഃഖാർഹനിദ്ദുർല്ലഭമർത്ത്യജന്മം
തുലച്ചു ജീവിച്ചിടുമാത്മഘാതി.

വേദാന്തമേ! നീയരികത്തു വന്നാൽ
വേറിട്ടുമോരോന്നിതുമട്ടിലോതും;
അതിന്നു കേൾപ്പാൻ ചെവിയില്ല ഞങ്ങൾ-
ക്കർത്ഥം ഗ്രഹിപ്പാൻ മതി തീരെയില്ല.

ക്ഷമിക്കു; ചെറ്റൊന്നിവ രണ്ടുമീശൻ
ശരിപ്പെടുത്തട്ടെ; യതേവരയ്ക്കും
തടഞ്ഞിടൊല്ലേ! തൊഴുകൈ നിനക്കു;-
തൽകാലമല്പം കരയട്ടെ ഞങ്ങൾ.



Digitized By Kerala Sahitya Akademi

# ൧൬. മഞ്ഞുതുള്ളികൾ

I

പോകൊല്ലേ! പോകൊല്ലേ! ഞങ്ങളെക്കൈവിട്ടു
നാകദത്തക്കെൻ മഞ്ഞുതുള്ളികളേ!
പുല്ലുകളെങ്ങമേ നിങ്ങളാൽ മിന്നുന്ന
കൽമുടി ചൂടിന റാണിമാരായ്.
സൂനങ്ങൾ നിങ്ങളാലേന്തുന്നു നിർഭര-
മാനന്ദബാഷ്പവും പുഞ്ചിരിയും.
താണവർതൻപേരിലിത്രമേലാർദ്രത
കാണുവാനെങ്ങുണ്ടു മന്നിൽ വേറേ?
രാവിൽ വന്നിങ്ങനെ മേളിക്കും നിങ്ങൾതാൻ
ദൈവത്തിൻ കാരുണ്യകന്ദളങ്ങൾ;
അത്രമേൽ ശ്വേതങ്ങ,ളത്രമേൽ ശീതങ്ങ,-
ളത്രമേൽപ്പൂതങ്ങൾ നിങ്ങളെല്ലാം.

II

എന്തിത്ര പെട്ടെന്നു പോകുന്നു? ഞങ്ങൾക്കു
വന്ധ്യങ്ങളാക്കൊല്ലേ കണ്മിഴികൾ!
നിദ്രയിലാണ്ടുപോയ് രാവെല്ലാം; തന്മൂല-
മൊത്തില്ല നേരത്തേ വന്നുചേരാൻ.
ആതിഥ്യം നൽകുവാൻ വൈകിയതോർത്തുള്ളി-
ലാധിയുണ്ടേറെറ,വ്വ,മിപ്പൊഴുതോ,
ആഗതർ ഞങ്ങളാ,യർഘ്യങ്ങൾ നിങ്ങളാ-
യാതിഥേയങ്ങളായ് പുല്ലും പൂവും.
ചൂഴവേ നിങ്ങൾതൻ സ്വച്ഛമാം മെയ്യൊളി-
യേഴുനിറങ്ങളിൽ വീശിടുന്നു .............



Digitized By Kerala Sahitya Akademi

ഈ നറുമുത്തുകളേതൊരു ദേവത
വാനിൽനിന്നിങ്ങനെ വാരിത്തൂകി?
ഈ മഞ്ജുഭൂഷകളേതൊരു വിൺമങ്ക
ഭൂമിക്കു പുത്തനായ്ക്കോർത്തു ചാർത്തി?
കണ്ണിനാലീനിധി കാണുവോക്കേന്തിന്നു
കിന്നരനാഥൻതൻ ക്ഷുദ്രവിത്തം?

## III

എന്തോ പുലമ്പിനേൻ! പോകാതെ നിങ്ങൾക്കു
ഹന്ത! മററില്ലല്ലോ മാർഗ്ഗമൊന്നും.
നല്ലവക്കായുസ്സു തെല്ലു താനെന്നുള്ള
ചൊല്ലിന്നു കില്ലെന്നുമില്ല തന്നെ.
ഹാഹാ! തുടങ്ങി തന്നേകന്തദിഗ്ജയ-
മാകാശവീഥിയിലംശുമാലി.
താരകളെന്നൊരു വഗ്ഗത്തെയങ്ങെങ്ങും
ദൂരത്തുകൂടിയും കാണ്മീലല്ലോ.
മററുള്ള തേജസ്സിൽ നിശ്ശേഷഗ്രാസംതാൻ
മുററുമദ്ദേവൻതൻ ലക്ഷ്യമെന്നോ?
ആ രത്നസഞ്ചയം പ്രത്യുഷകാലത്തി-
ലാരിത്ര ധൃഷ്ടനായ്ക്കട്ടെടുത്തു?
വാനത്തിൽ രാവല്ല, വാസരാരംഭം താൻ
സ്തേനക്കു സഞ്ചാരവേളയെന്നോ?
ആരുടെ പൂജയ്ക്കു വാനവർ പെട്ടെന്ന-
ത്താരുകളൊക്കെയും ശേഖരിച്ചു?



Digitized By Kerala Sahitya Akademi

ആയവതൻ പ്രതിബിംബങ്ങളാവാമി-
ശ്ശ്രീയെഴും പ്രാലേയകന്ദളങ്ങൾ !
മായുന്നു രണ്ടുമങ്ങൊന്നിച്ചു ; ജീവിതം
ഛായയ്ക്കു രൂപംവിട്ടേതു പിന്നെ ?

## IV

ന്യായമോ ഭാസ്കര ! ദിവ്യനാമങ്ങേയ്ക്കു-
മീയേകശാസകസ്ഥാനലോഭം ?
ആഹാരമാകുകയാണല്ലോ ചെയ്വതീ-
നീഹാരബിന്ദുക്കളങ്ങേയ്ക്കിപ്പോൾ.
അത്യല്പമാകുമിത്തൂമഞ്ഞുതുള്ളികൊ-
ണ്ടെത്രമേലങ്ങേയ്ക്കു ദാഹം തീരും ?
വാരിധിയാകവേ വററിച്ചു നോക്കീട്ടു,
പോരെങ്കിലിങ്ങോട്ടു പോന്നാൽപ്പോരേ ?
ക്രൂരനെന്നായിടാം പണ്ടങ്ങേയ്ക്കിട്ട പേർ ;
സൂരനെന്നിന്നതു മാറിപ്പോയി !
ചോദിക്കാനാരുമില്ലെന്നുണ്ടോ നിർണ്ണയം ?
സാധുക്കൾക്കാലംബം സർവ്വശക്തൻ.
പാഥസ്സിൻ ബിന്ദുക്കൾ ഭക്ഷിക്കുമങ്ങയെ-
പ്പാഥോധി ഭക്ഷിക്കുമന്തിയായാൽ.
വൈകുകിൽ വൈകട്ടെ, വന്നീടുമേവർക്കു-
മാഘാതത്തിന്നെന്നും പ്രത്യാഘാതം.

## V

പോകുവിൻ! പോകുവിൻ! ഭോഷനെപ്പോലെ ഞാൻ
മാഴ്കുന്നീലെൻ മഞ്ഞുതുള്ളികളെ !



Digitized By Kerala Sahitya Akademi

ഇച്ഛയ്ക്കൊക്കെക്കൊള്ളും നിങ്ങളോടെങ്ങനെ-
യുച്ചസ്ഥർക്കുണ്ടാകുമാനുകൂല്യം ?
പുൽക്കൊടി പൂണ്ടോരിബ്ഭൂഷണമുമ്പർ ക-
ണ്ടുൾക്കരുന്നീഷ്യയ്ക്കു പാത്രമാക്കാം.
ക്ഷോണിക്കിസ്സൌഭാഗ്യം പാടില്ലെന്നോർത്തിടാം ;
വാനിലും ശൂന്യം താൻ സൌമനസ്യം.
ആവട്ടെ ; ജീവിതം ഹ്രസ്വമെന്നോർത്തുള്ളിൽ
വൈവശ്യം വായ്ക്കുവോരല്ല നിങ്ങൾ ;
ഭൂതലം കൈവിടും നേരത്തുമുണ്ടല്ലോ
ജാതരാം നേരത്തേച്ചാരുഹാസം.
ആദിയുമന്തവും മർത്ത്യർക്കു ജീവിതം
രോദനപങ്കിലം, ഗർഹണീയം ;
താണവർക്കാനന്ദമേകുന്നതൊന്നുതാൻ
ക്ഷോണിയിൽജ്ജീവികൾക്കുററ കൃത്യം ;
എന്നറിഞ്ഞാധർമ്മമാചരിച്ചീടുവോ-
ക്കെന്നു വന്നീടിലെന്തന്ത്യകാലം ?
ആവശ്യമുണ്ടെന്തോ നിങ്ങളാൽ വിണ്ണവ,-
ർക്കാവതുമായതു നിർവഹിച്ചാൽ,
പോരുവിൻ രാത്രിയിലിങ്ങോട്ടു ; പിന്നെയും
ചേരുമാറാകട്ടെ നമ്മൾ തമ്മിൽ.
ഓടിവന്നപ്പൊഴുതോമനിച്ചീടുവിൻ
വാടിവരളുമിപ്പുല്ലുകളെ. 44

---



Digitized By Kerala Sahitya Akademi

## ൫൪. ബ്രഹ്മജ്ഞാനം

ഗംഗതൻ തടത്തിങ്കൽ വാണിരുന്നപോൽപ്പണ്ടു
സംഗഹീനനായ്ത്തപോവൃദ്ധനായ്പ്പുമാനൊരാൾ.
ആസ്സർവ്വതന്ത്രസ്വതന്ത്രാലാപം ശമിപ്പിക്ക-
മാത്മവിദ്യാധ്വന്യർതൻ സന്ദേഹം സമസ്തവും.
ഗാർഗ്ഗിയെക്കേട്ടിട്ടില്ലേ,യാജ്ഞവല്ക്യനം കൂടി-
ശ്ലാഘ്യയാം വിദേഹഭൂപണ്ഡിതാമതല്ലിയെ ?
അത്തയ്യൽ താരുണ്യത്തിൽച്ചെന്നാൾ തത്സമീപത്തിൽ
തത്വാർത്ഥജിജ്ഞാസതൻ പ്രേരണാബലംമൂലം.
ആശ്രമദ്വാരസ്ഥനാം ശിഷ്യനോടോതീടിനാ-
ളാസ്സിദ്ധസന്ദർശനം കാംക്ഷിപ്പോൾ തദീപ്സിതം.
ചെന്നണഞ്ഞിനാൻ ശിഷ്യൻ ദേശികൻതന്നോ"ടൊരു
സുന്ദരാംഗിയാൾ വന്നനില്ക്കുന്നു പാദംകൂപ്പാൻ.
കൌതുകം വായ്പ്പൊ പോലാബ്രഹ്മവാദിനിക്കേതോ
വേദാന്തശാസ്ത്രഗ്രന്ഥിയങ്ങേക്കൊണ്ടഴിപ്പിക്കാൻ."
ആയതിന്നുപാദ്ധ്യായനത്തരം ചൊന്നാൻ: "ഞാനം
സ്ത്രീയുമായ് സല്ലാപമോ ? ദൈവമേ ! ശാന്തം പാപം !
സ്ത്രീയെന്ന ശബ്ദം കേൾക്കാനില്ലെനിക്കേതും കണ്ണും ;
സ്ത്രീയെയൊന്നോക്കാൻപോലുമെൻമനം നിശ്ചേതനം.
എൻെറയിത്തപോനിഷ്ഠ ലംഘ്യമല്ലെനിക്കെന്തു
ഹന്ത ! ഞാൻ ശോചിപ്പതായ്ത്തന്വിയെദ്ധരിപ്പിക്കൂ."
ഓതിനാൻ ഛാത്രൻ ചെന്നു ഗാർഗ്ഗിയോടസ്സന്ദേശം ;
ജാതമായ് ദോഷജ്ഞയ്ക്കു സാമ്പ്രതം മന്ദസ്മിതം.
"തെററിപ്പോയെനിക്കെൻെറ മാർഗ്ഗമെൻ വടോ ! ഞനം
മററൊരാളാണിന്നു ഞാൻ തേടിടും ബ്രഹ്മജ്ഞാനി "



Digitized By Kerala Sahitya Akademi

“അല്ലല്ല ” ചൊന്നാൻ വണ്ണി“യാജ്ഞമീ മഹാൻ തന്നെ
വല്ല ശങ്കയും വന്നാൽത്തീർക്കുവോൻ വേദാന്തത്തിൽ.”
“നീയെന്തു കണ്ടു പാവം?” ചൊല്ലിനാൾ നല്ലാർ വീണ്ടും:
“സ്ത്രീയെന്നും പുമാനെന്നും ബ്രഹ്മജ്ഞർക്കുണ്ടോ ഭേദം ?
എങ്ങനിൻ തപസ്വിയാമാചാര്യത്തൊട്ടാവാടി ?
യെ‘ങ്ങഹം ബ്രഹ്മാസ്മി’യെന്നുള്ളൊരാ മഹാവാക്യം ?”
തന്വിതന്നുപാലംഭം താദൃശം മുനീന്ദ്രന്നു
തന്നന്തർവ്വിലോചനം സത്വരം തുറപ്പിച്ചു.
ഓടിച്ചെന്നോച്ചാനിച്ചു മുന്നിൽ നിന്നോതീ സാധു :
തേടൊല്ല കോപം വത്സേ ! തെല്ലു ഞാനയത്തുപോയ്.
വേദാന്തപാരീണനെന്നോർത്തിരുന്നു ഞാനെന്നെ;ബ്-
ഭേദാന്ധഭാവം മാത്രമെന്നിൽ ഞാനിപ്പോൾക്കാണ്മൂ !
ഞാൻ കറേപ്പഴംഗ്രന്ഥം തിന്നൊടുക്കിടും വമ്രി ;
ഞാൻകറേപ്പഴംവിദ്യാവാസസ്സു ഭേസ്സം ഖരം.
ഖനനംചെയ്യുന്ന ഞാൻ വാരിക്കായിന്നും കൃപ-
മനഭ്രതിപീയൂഷമശിപ്പോളെൻ സോദരി.
ആചാര്യയായീ സിദ്ധേ ! നീയെനി,ക്കകെന്നുപോ-
യാചാന്തവേദാന്തനെന്നുള്ളൊരെൻ മദം നിന്നാൽ.
വിരുതില്ലെനിക്കേതുമെങ്കിലും തീർക്കാൻ നോക്കാം
ഗുരുദക്ഷിണയ്ക്കായി സ്വല്പം ഞാൻ നിൻ സംശയം.”
ഓതിനാൾ വീണ്ടും ഗാർഗ്ഗി : “ഞാനല്ലീ ഭവൽകണ്ണം
ശാതമാം പരിവാദബാണത്താൽപ്പിളർന്നവൾ ?
ഇക്ഷണം ശിഷ്യപ്പെടാൻ സജ്ജ ഞാനങ്ങേയ്ക്കെന്നെ
നഗ്നയായ്പ്പഠിപ്പിക്കാൻ സങ്കോചമില്ലെന്നാകിൽ.”



Digitized By Kerala Sahitya Akademi

"സമ്മതിച്ചു ഞാൻ ഭദ്രേ !" മാമുനീന്ദ്രനും ചൊന്നാൻ:
"ബ്രഹ്മജ്ഞനൊപ്പം സ്ത്രീതൻ വസ്ത്രവും ദിഗംബരവും.
ബ്രഹ്മമായ്പ്പരസ്പരം കാണുവാൻ സാധിപ്പോർതൻ
ബ്രഹ്മസല്ലാപത്തിങ്കൽ സർവ്വം ബ്രഹ്മം—ബ്രഹ്മം."
"തീർന്നു മൽ സന്ദേഹമീയൊററവാക്യത്താ"ലെന്നു
തീർണ്ണപാരയാം ഗാർഗ്ഗി വന്ദിച്ചാളാചാര്യനെ. 54

---



Digitized By Kerala Sahitya Akademi

# ൧൫. ദയയുടെ ജയം

I

തെളിഞ്ഞല്ലോ കുററം; മതി, നിനക്കിനി
ഞെളിഞ്ഞിടാമല്ലോ ജനാപവാദമേ !
വിധിപറയുവാൻ സഭയിലെത്തിപ്പോ-
യധികരണിക*നധമ്മഘാതകൻ.
നിരന്നുപോയ് വന്നു നിറഞ്ഞു ചുററിലും
നിരവധി പൌരർ നിതാന്തഹൃഷ്ടരായ്.
അവരുടെ ചൂണ്ടുവിരലിനു ലാക്കാ-
യവശയങ്ങൊരുത്തരുവയർ നില്പൂ.
അരുളിയധ്യക്ഷൻ: "ഭടരേ ! നിങ്ങളി-
ത്തരുണിയെ വധ്യശിലയിലേററുവിൻ.
വലിച്ചുകീറുവിൻ മുഖാവഗുണ്ഠനം ;
വിളിച്ചുചൊല്ലുവിൻ കുലടയെന്നിവളെ.
തഴച്ചുപൊങ്ങുമീ വിഷലതികയെ,
മെഴുപ്പു മെയ്ക്കൂഴും ഭുജംഗകന്യയെ,
നരകത്തിങ്കൽനിന്നുയന്നൊരുല്ക്കയെ,
നരക്കു നല്കുവിൻ ശരിക്കു ദണ്ഡിക്കാൻ.
കൃപവെടിഞ്ഞൊക്കുമിവളെയിട്ടിന-
മുപലംകൊണ്ടെറിഞ്ഞുയിർ കളഞ്ഞിടാം.
അതാണു നാട്ടിലെപ്പരമ്പരാചാര-
മതിൻപടിക്കിന്നും നടക്കട്ടെ കാര്യം.
അടിമുതൽ മുടിവരെയുമേറുകൊ-
ണ്ടുടലിതു പൊട്ടിച്ചിതഞ്ഞുരയണം;

* അധികാരിണികൻ = ജഡ്ജി



Digitized By Kerala Sahitya Akademi

ഞരമ്പുമസ്ഥിയും പ്രഹരമേററററു
തരിപ്പണമായിത്തകൻറുപോകണം ;
മുറിവതിൽക്കൂടിബ്ബഹിർഗമിക്കാമെ-
ന്നറിഞ്ഞിടാതെങ്ങുമുഴലണം പ്രാണൻ.
ചിരിച്ചില്ലേ ദുഷ്ട വളരെ നാളിനി-
ക്കരച്ചിലിൻ സ്വാദൊട്ടനുഭവിക്കട്ടെ ;
മലർകൊണ്ടുള്ളതാമഭിഷേകം മേലിൽ-
ശിലകൊണ്ടാകട്ടെ മരിക്കുവോളവും.
അസംശയം ചിത്രവധമിതു മന്നി-
ലസതികൾക്കു നേർവഴി തെളിക്കട്ടെ." 32

II

അടങ്ങിയധ്യക്ഷൻ ; മുഴങ്ങി ചുററിലും
പടഹധ്വാനത്തിൻപടി ജനാരവം.
അടുക്കുവിൻ ഹിംസ്രമൃഗങ്ങളെ ! ചീന്തി-
ക്കടിച്ചുതിന്മിനിപ്പശുക്കിടാവിനെ.
ഒരു ചെറുവഞ്ചി,യുദഗ്രകല്ലോല-
പരമ്പര പൊങ്ങും കടലിലത്തയ്യൽ ;
ഒരു വിഭാകരകിരണരേഖ, ക്രൂ-
രിരുൾനിരത്തിങ്ങും പ്രദോഷവേളയിൽ.
നിരാശയാമവൾ നിരീക്ഷണം ചെയ്താൾ
നരാശരന്മാരാമവരെ നീളവേ.
അവജ്ഞപൂണ്ടുള്ള വിലോകനം കണ്ടാ-



Digitized By Kerala Sahitya Akademi

ഉപഹേളിച്ചുള്ള വചനവും കേട്ടാൾ.
ഒരക്ഷരം നാക്കാലുരച്ചി,ല്ലക്ഷിയാ-
ലൊരു കണ്ണീർത്തുള്ളിക്കിരന്നുമില്ലവൾ.
ചില രസികരുണ്ടവരിൽ,ത്തൻപൂമെയ്
തലേദ്ദിനത്തിലും തഴകിപ്പോന്നവർ ;
ഇതരരന്നത്തേയിരവിലും തൻെറ
പതികളാകുവാൻ പണം കൊടുത്തവർ ;
പരർ പലപ്പൊഴും പരിരംഭത്തിന്നു
തരം ലഭിച്ചിടാഞ്ഞരിശമാന്നവർ ;
ഇനിയുമൊട്ടുപേരപരരങ്ങുചെ-
ന്നണഞ്ഞിടുന്നതിലസൂയ വാച്ചവർ !
വൃജിനമൂർത്തികൾ പലരെയും ധർമ്മ-
ധ്വജികളായ് നില്പതവിടെക്കണ്ടിടാം.
എറിയുവാൻ കയ്യിലെടുത്ത കല്ലിലും
പെരികെക്കക്കശമവരുടെ മനം.
ഒരു ദരിദ്രമാം കുലത്തിൽജാതയായ്,-
ചെറുപ്പകാലത്തിൽപ്പിതാക്കൾ നഷ്ടരായ്,
ഉടയവരററു വളന്നൊരപ്പെതൽ
വിടന്മാർ വീശിന വലയിൽ വീണുപോയ്.
പലരും കൂടിക്കൊണ്ടൊരു കിശോരിതൻ
നിലയഴിക്കുന്നു ; നെറി കെടുക്കുന്നു ;
ഒടുക്കമോ വധു കഴുവിലേറുന്നു;
മിടുക്കർ മററുള്ളോരൊഴിഞ്ഞുമാറുന്നു.



Digitized By Kerala Sahitya Akademi

അനീതിയെങ്ങുണ്ടു നടനമാടാതെ
വനിതയ്ക്കായ്പ്പുമാൻ ചമച്ച ചട്ടത്തിൽ ! 68

## III

ഭടാലടയുടെ 'നടനട' യെന്നു-
ള്ളിടിയൊട്ടു കിട പെട്ടും രടിതത്താൽ
ബധിരിതകർണ്ണപുടയായ്പ്പോകയാ-
ണധോമുഖിയവൾ കൊലക്കല്ലേറുവളൻ.
സമയം മധ്യാഹ്ന,മൂത്തു കൊടുംവേനൽ ;
സഹാറ പൊററതാം കിടാവു പോംവഴി ;
ഉടൽ ഖരാംശു ചുട്ടെരിച്ചുരുക്കുന്നു;
ചുടലത്തീകണക്കനിലൻ വീശുന്നു :
ചെരുപ്പിന്മേൽക്കുത്തിത്തുളച്ചു കേറുന്നു
വറുത്തുതട്ടിയ മണലിൻ ചൂടെങ്ങും.
അസഹ്യമാവഴിക്കടനം ചെയ്യുന്നു
കിസലയസഹചരചരണയാൾ
ഒരു ശുനകനങ്ങഹോ ! പിപാസയാൽ-
പ്പരവശപ്പെട്ടു തളർന്നുവീഴുന്നു ;
ഒരു കുരകൂടിക്കുരയ്ക്കുവാൻ തൊണ്ട
വരണ്ടുപോകയാൽപ്പുഴുത്തു കാണാതെ,
മുകളിൽ നോക്കുന്നു — നഭസ്സു ദൂരസ്ഥ-
മടിയിൽ നോക്കുന്നു — ധരിത്രി നിഷ്ഠുരം ;
കരുണകാട്ടുവാനൊരുവരില്ലാതെ
മരണവേദനയനുഭവിക്കുന്നു.



Digitized By Kerala Sahitya Akademi

അടുത്തൊരു പൊട്ടക്കിണറുണ്ടായതി-
ന്നടിയിലുണ്ടല്പം മലിനമാം നീരും,
ദുരിതശീലനാം നരന്റെ കരി-
ങ്കരളിൻകീഴന്തഃകരണം പോലവേ.
ക്ഷണത്തിലമ്മങ്കയതിന്നരികിൽപ്പോയ്
സ്തനോത്തരീയത്തെ വലിച്ചുകീറിനാൾ ;
ഇയച്ചുകെട്ടിയത്തുണിക്കഷണങ്ങ-
ളയത്നമങ്ങൊരു വടവും നിർമ്മിച്ചാൾ.
"വഴിക്കു തൂങ്ങിയോ കിണററിൽച്ചാടിയോ
കഴവിത്തു ചാകും ; കറങ്ങിപ്പോകും നാം.
പിടിച്ചുകെട്ടുവിൻ കരങ്ങ"ളെന്നോതി-
ബ്ഭടർ കുതിച്ചടുത്തിടഞ്ഞിടും മുൻപേ
ചെരിപ്പൊന്നഗ്രത്തിൽ ക്ഷണേന ബന്ധിച്ചു
പരമിറക്കിനാൾ വധുവക്കൂപത്തിൽ ;
അതിൻനടുക്കുള്ള കുഴിയിൽക്കൊണ്ടിട്ടു-
മുദകം മേല്പൊട്ടു വലിച്ചുകേററിനാൾ ;
മൃതിപെടാൻപോകും കൃപണജന്തുവി-
ന്നതകിനാളതു ; നടകൊണ്ടാൾ വീണ്ടും
ഗതി കിട്ടീ നായയ്ക്കുവളാലന്നേര,-
മതിന്നപ്പാദുകയമൃതകുംഭമായ്.
ശുനകൻ, തൽപ്രാണപ്രദാത്രിതൻ നേക്കു
തനിക്കെഴും നന്ദി വിശദമായ്ക്കാട്ടി,
കഴലും കയ്യും തൻ രസനയാൽ നക്കി
വഴിയിലത്തന്വിക്കകമ്പടികൂടി.



Digitized By Kerala Sahitya Akademi

നടക്ക മുന്നോട്ടു ഭഗിനി ! നൈരാശ്യ-
മിടയ്ക്കു നിൻ സ്വാസ്ഥ്യം തടഞ്ഞു മതി ;
പ്രപഞ്ചം വിട്ടിന്നും ഭക്ഷകം പോയിട്ടി-
ല്ലുപകൃതിസ്മൃതിക്കുദാത്തദൃഷ്ടാന്തം. 116

## IV

കൊലക്കൊട്ടുമ്പാറപ്പുറത്തു കാൽവെച്ചാൾ
കലക്കംകൈവിട്ടക്കമനിമാർമണി.
കനവും മൂർച്ഛയും കലർന്നിടുന്ന കല്-
ക്ഷണമോരോന്നു കരങ്ങളിലേന്തി,
പലരുമന്യോന്യം വികത്ഥനംചെയ്തു
കുലടയെക്കൊല്ലാൻ വളഞ്ഞു കാണികൾ.
പിശിതഗ്രാസത്തിന്നുഴറി വാനത്തിൽ,
നിശിതതുണ്ഡങ്ങൾ, ഞെരുങ്ങി ഗൃധ്രങ്ങൾ.
പതിക്കും പ്രസ്തരം പരസ്സഹസ്രം ഹാ !
കഥാവശേഷയായ്ക്കഴിഞ്ഞല്ലോ തന്വി.

* * * * *

അവിടെപ്പാഞ്ഞപ്പോളണഞ്ഞു കല്യനാ-
മവനിതൻപതി 'സലാവുദീൻ' സുൽത്താൻ,
നടുങ്ങിനില്ക്കും തൻ പ്രജകളോടേവം
സ്ഫുടഗഭീരമാം മൊഴിയൊന്നോതിനാൻ ;
"അരുതരു, തൊരുതരിമണൽ പോലു-
മരുവയറിവൾക്കരികിൽ വീഴൊല്ല.
വിലകുവിൻ ദൂരെ;യിടുവിൻ ദൂരത്തു



Digitized By Kerala Sahitya Akademi

ശിലകൾ ; വന്ദ്യയാണിവൾ സഗർഭ്യരേ !
ഒരു ശകടത്തിലൊളിച്ചിരുന്ന ഞാൻ,
വിരവിൽ നിങ്ങളെയനുഗമിച്ചവൻ.
ഇവളിന്നാരെന്ന കരുതുന്നു നിങ്ങൾ ?
ഭുവനത്തിൻ പുണ്യമുടലെടുത്തവൾ ;
പരേതകല്പമാം ഭിക്ഷുകമൊന്നിനെ-
പ്പരിപാലിച്ചൊരു പരമധാർമ്മികി.
ഇവളെൻനാട്ടിന്ന ശിശിരചന്ദ്രിക ;
നവയശസ്സിന്നു നടനമണ്ഡപം.
അരിയൊരത്തയ്യല വദ്ധ്യയല്ലെന്നു
പറയടിച്ചെങ്ങും പ്രസിദ്ധമാക്കട്ടെ.
കനകംകൊണ്ടൊരു മുഖാവരണം ഞാ-
നനഘയാമിവൾക്കരുളുന്നേനിപ്പോൾ.
ഒരിക്കലുമിന്നിഗ്ഗണികയായിവ-
ളിരിക്കുമെന്നു ഞാൻ നിനച്ചിട്ടുന്നില്ല,
ശുനകനെക്കാത്ത ഹൃദയത്തിന്നുണ്ടോ
തനതുമാനത്തെപ്പുലർത്തുവാൻ പണി?
ഭഗിനി! നീയെത്രയ്ക്കശുചിയാകിലെ-
ന്തഗതിക്കമ്പുനീയരുളിശ്ശുദ്ധയായ്.
വെളുപ്പിച്ചു തേച്ചുകഴുകി വത്സേ ! നീ
മലിനമാകും നിൻ മനമന്നീരിനാൽ.
ഭവതി പോയാലും ഭയപ്പെടാതെ; മേൽ
നവമാം ജീവിതം നയിച്ചുകൊണ്ടാലും.
എനിക്കു തെററി ;ഹാ ! നിനച്ചുപോയല്ലോ



Digitized By Kerala Sahitya Akademi

പനിനീർപ്പൂവിനെപ്പട്ടുമുള്ളെന്ന ഞാൻ ;
വധിക്കുവാനെൻ കയ്യുയന്നല്ലോ കഷ്ടം !
പതിതകാരുണ്യപരമകാഷ്ഠയെ.
ഭവാദൃശകളെപ്പരീക്ഷചെയ്യുവാ-
നവാപ്തദാക്ഷ്യരല്ലവനിപാലകർ."
ഇവണ്ണം തനയിയെസ്സമാശ്വസിപ്പിച്ചു
നൃവരനാസ്ഥലംവെടിഞ്ഞു ധന്യനായ്.
തിരിച്ചു തണ്ടേറി സ്വഗൃഹം പ്രാപിച്ചാൾ
ശിരീഷകോമളതനുലതികയാൾ,
മനസ്സിൽ ദൈവത്തിൻ മഹിമയെയോർത്തു-
മന്ദശയാശ്രുക്കളനവധം വാർത്തും.
ശുനകന്നോ വേശ്യയരുളി ജീവിതം?
ശുനകൻ വേശ്യയ്ക്കോ?—പൊരുൾ തിരിയാതെ
പരമള്ളാവിനെ സ്തുതിച്ചാരദ്ദിനം
ധരയിലാവൃത്തം ശ്രവിച്ച സർവരും. 172



Digitized By Kerala Sahitya Akademi

# ൧൩. അമ്പലക്കുളം

മദ്ധ്യാഹ്നമായി നേരം; രണ്ടുപേർ കുളിക്കുവാ-
നെത്തുന്നു പൊയ്കയ്ക്കുള്ളിൽ—ത്തായയും തനൂജയും.
പതിനാറാകും പുത്രിക്കവരിൽ പ്രായം ; മറി-
ച്ചതു നാമിട്ടാൽ വയസ്സവൾതൻ മാതാവിന്നും.
പ്രായത്തിൻമട്ടിൽത്തന്നെയാദർശ്ശത്തിലും കാണാ-
മായവർക്കിരുവർക്കുമത്യന്തം വിപര്യ്യാസം.
മാമൂലാമിരുട്ടത്തു ക്രൂക്കമിട്ടിടും തള്ള ;-
യോമലാൾ പരിഷ്കാരസൂര്യനെബ്ഭജിച്ചിടും.
എങ്കിലും വൃദ്ധയ്ക്കുള്ള വാത്സല്യം സമ്പൂർണ്ണമായ്-
ത്തങ്കത്തിൽ—തൻപ്രാണനിൽ—തൻവംശസർവ്വസ്വത്തിൽ.
വേറിട്ടില്ലാരും വീട്ടിൽ ; വൈധവ്യം വന്നോൾ തായ ;
വാരൊളിപ്പൂൺപൈതലാ വായ്ക്കാത്തോൾ പാണി
[ഗ്രഹം.
ചൊല്ലിടും നിത്യം മുത്തി:" ഉദ്ധൂളി നീയല്ലെങ്കിൽ-
ത്തല്ലി ഞാൻ ശവത്തെയപ്പൊയ്കയിൽക്കെട്ടിത്താഴ്ത്തും.
കാട്ടുവാനാവില്ലല്ലോ നിന്നോടകക്കോപം ; നിന്റെ
ചേട്ടത്തമെല്ലാം തങ്കം ! ചെമ്മയായ്ത്തോന്നുന്നല്ലോ."
ഓതിടും ചിരിച്ചോമലുത്തരം : "കാലത്തിന്റെ
ചെയ്തിയാണിതെന്നമ്മേ ! കാലാത്മാവല്ലീ ദൈവം?"
താൻ കുളിച്ചാലും വീണ്ടും വാപിയിൽത്തൻപുത്രിക്കു
താങ്ങാവാൻനടക്കുന്നു ജീർണ്ണാങ്ഗി മൂന്നാംകാലിൽ !

II

ആയതാക്ഷിയാളാദ്യം കീഴ്പ്പോട്ടേക്കിറങ്ങിനാൾ ;
പായലിൽപ്പാദം തെറ്റിപ്പതിച്ചാൾ പയസ്സിങ്കൽ.



Digitized By Kerala Sahitya Akademi

തൻവൈരിയാകും ക്രന്തൽ മൂദ്ധാവാൽത്താങ്ങിപ്പോരും
തനാിതൻ ഛവിട്ടെത്ര സഹിക്കും കരിഞ്ചേണ്ടി ?
പേശലാംഗിയാരക്കന്നാശ്ശൈവലം വ്യാളോപമം
പാശിതൻ കരാളമാം പാശമായ്ക്കലാശിച്ചു.
മുങ്ങിനാ,ളടിത്തട്ടിൽ മുട്ടിനാരം, വീത്താ,ളൊന്നു
പൊങ്ങിനാരം, വീണ്ടും താണാരം വെള്ളത്തിൽ നല്ലാർ
സൌാദരിഞ്ഞൊരാ വാപീയക്ഷിതൻ വയററില- [മണി-
മ്മാധുരീധുരീണയാം മകയ്ക്കു പുക്കേ. പാറൂ.
കണ്ടില്ലേ ഭവാൻ മിത്ര ! വാനിൽനിന്നി,തങ്ങേയ്ക്കി-
ക്കണ്ടിവാർപൂങ്കേശിയെക്കാത്തിടാൻ കരം പോരേ?
അങ്ങയാൽക്കാണപ്പെട്ടതാവധൂമുഖം മാത്ര-
മെങ്ങുണ്ടു സപ്താശനാൽ സംപൂണ്ണചന്ദ്രോദ്ധൃതി ?
ഢിമ്മെന്നൊരൂക്കൻ ശബ്ദം വെള്ളത്തിൻ മീതേ കേട്ടാ-
ളമ്മ് പിൻപതിൽക്കണ്ടാളേതാനും നീർപ്പോളകരം ;
അപ്പുറം കുറേ നീങ്ങിയാരുരുപാമേതോ പൊങ്ങി-
ക്ഷിപ്രമായ്ത്താഴുന്നതും ഞെട്ടിപ്പോയ്നിരീക്ഷിച്ചാരം.
"മകളേ ! തങ്കം ! തങ്കം ! മകളേ ! നീയെങ്ങെന്നെ-
യകലത്തയ്യോ ! തള്ളിപ്പോകുന്നു പൊന്നോമലേ ?
വിളികേരക്കുന്നീലല്ലോ നീയെനി,ക്കെന്തിക്കുട്ടി-
ക്കളി ? മുക്കിളിക്കയോ നീന്തറിഞ്ഞീടാത്തവരം ?
അയ്യയ്യോ ! ഞാനെന്തിനിച്ചെയ്തു്തെൻ മണിക്കണ്ണേ ?
നീയെന്നെച്ചതിച്ചുവോ ? കുററിയററുവോ കുലം ?"
മാറത്തു കയ്യുംവെച്ചു നോക്കിനാരം കരഞ്ഞിമ്മ-
ട്ടാരുമില്ലാട്ടത്തെങ്ങു,മാസ്ഥലം ഭീമെശ്ശൂന്യം.



Digitized By Kerala Sahitya Akademi

ബാലയെപ്രചേതസ്സ്, പാഞ്ഞെത്തിക്കരം നീട്ടും
കാലന്നു നല്കീടേണ്ട കാലം വന്നടുത്തുപോയ്. 48

## III

ഇ,ല്ലത്രയ്ക്കായില്ലൊരാറം നില്ക്കുന്ന പാടത്തിങ്കൽ;
തള്ളതൻ കരച്ചിലസ്സുതചവാൻ ചെവിക്കൊൾവൂ.
താനരക്ഷണം കൊണ്ടു ചാടിവന്നങ്ങെത്തുന്നു,
ദീനരക്ഷണത്തിന്നു സജ്ജനദ്ധീരാഗ്രിമൻ.
മുത്തിതൻ വിലാപത്തിൻ കാരണം ഗ്രഹിച്ചവൻ
മുഗ്ദ്ധയെജ്ജലത്തിൽനിന്നുദ്ധരിക്കുവാനോർപ്പൂ.
അപ്പൊഴേയ്ക്കാത്തസ്വരം രൂക്ഷാക്രോശമായ് മാറി;
ദുഷ്ഷേക്ഷ്യയായസ്സൌമ്യ രക്ഷസ്സിൻമട്ടിൽത്തുള്ളി.
"പുല്ലനല്ലേടാ? പോ നീ; ഫോ ദൂരേ; പ്ഫോം ഫോം!
[നിന്നെ-
യല്ല ഞാൻ വിളിച്ചു, തെൻ കണ്മണിത്തങ്കത്തിനെ.
എൻ കുഞ്ഞു വെള്ളത്തിൽവീണന്തരിക്കുമ്പോളാണോ
നിൻകതിപ്പെന്നെത്തീണ്ടാൻ? ചോദിക്കാനാളില്ലയോ?
അമ്പെടാ നിനക്കുററമിത്രയ്ക്കുമൂത്തോ? നീ വ-
ന്നമ്പലക്കുളം തൊടാനാരെടാ നീട്ടേകിയോൻ?
പൈതലാൾ നിന്റേതല്ലി,തെന്റെയാ,ണ്ണെൻ പൊന്നോമൽ
നീ തൊട്ടു കുട്ടിച്ചോരായ് വേണമൊ വാനിൽപ്പോകാൻ?
പേത്തുമെന്തോർത്തിന്നു നീ പാപി! യെൻ കിടാവിൻെറ-
യുൽചലോകത്തേയ്ക്കുള്ള പാതവന്നടയ്ക്കുന്നു?
മാറി നില്ലെടാ ദൂരെ, യന്തിക്കു മേൽശാന്തിക്കു



Digitized By Kerala Sahitya Akademi

വേറെയേതെടാ കളം ശുദ്ധമായ് കളിക്കുവാൻ?
മുന്നമേ വിറയ്ക്കുന്ന ദേഹത്തെ ക്രോധത്തിനാൽ-
പ്പിന്നെയും വിറപ്പിച്ചു മേല്ക്കുമേലമ്മുത്തശ്ശി
ആഗതൻതൻമെയ് നോക്കി യഷ്ട്യസ്ത്രം പ്രയോഗിച്ചാ-
ളാഗസ്സു നീങ്ങാനതപ്പൊയ്കയിൽ സ്നാനംചെയ്തു.
കല്ലെടുത്തുകോടെറിഞ്ഞീടിനാൾ പിന്നീ,ടതാ-
പ്പുല്ലന്റെ നെഞ്ഞിൽച്ചെയ്തു മാണിക്യമുദ്രാർപ്പണം.
ഏതുമില്ലെന്നിൽക്കുററമെന്നുരച്ചുടൻതന്നെ
പാദത്തിൽ വീണു താണ്പ്പാഷാണം പരാധീനം.
നെഞ്ഞൊന്നു കയ്യാൽത്തുടച്ചായുവാവൾക്കു തൻ
പുഞ്ചിരിത്തുമുത്തതിൻ മൂല്യമായ് സമ്മാനിച്ചു.
എത്രയോ വിഭൂഷണം മുന്നവും സുവർണ്ണരാ-
ലത്തരം നല്കപ്പെട്ടതാണവൻതൻമാറിടം
ആയതിൻ തഴമ്പെല്ലാമന്യോന്യം കെട്ടിപ്പിണ-
ഞ്ഞായസപ്പ്ഫോർച്ചട്ടതൻ മട്ടിലങ്ങിണങ്ങുന്നു.
പിന്നെയും പൊങ്ങീ വന്നു വെള്ളത്തിൻ മീതേ തയ്യൽ ;
പിന്നെയും താണു ; തനിക്കില്ല മേലാമന്ത്രണം.
ചാടിനാൻ പെട്ടെന്നങ്ങാ വിക്രാന്തൻ; കൂടെത്താണു
പേടമാൻകണ്ണാളെത്തൻ പാണിയാലുയർത്തിനാൻ ;
ചിക്കെന്നു പോന്നാൻ കൊണ്ടു തീരത്തേ,ക്കാറാടിച്ച
വിഗ്രഹത്തെയുംകൊണ്ടു പൂജകൻ പോരുംപോലെ.
താനേതോ മരുന്നിനാൽത്തൽകാലം പ്രതിപ്രാപ്തി
ദീനയാമവൾക്കുള്ള ചേതനയ്ക്കേകീടിനാൻ.



Digitized By Kerala Sahitya Akademi

## IV

ദ്ദൂരത്തു നീററിൽക്കിടന്നീടുമക്കോലത്തിന്നു
ശൌരിതൻ തൃതീയാവതാരത്തിൻ സാമ്യം വന്നു. 92
അപ്പൊഴും ചിലയ്ക്കുയാണോരോന്നു മുത്തിത്തള്ള-
യപ്പൊയ്ക്കു തീണ്ടിപ്പോയി, തൊട്ടുപോ,യെന്നും മററും.
ബാലയെത്തിരിഞ്ഞൊന്നു നോക്കീ ലദ്വേഷ്യക്കാരി;
കാലനില്ലാത്തോരെത്തും പുല്ലനിൽക്കാണ്മോളുള്ളൂ.
എത്തിനാനുടൻ വൈദ്യ, നപ്പുമാനൊടും ചൊന്നാൾ:
"പുത്രിയെത്തൊടൊല്ലിവൾ ജാതിയിൽപ്പിഴച്ചവൾ.
ചത്തുപൊയ്ക്കൊട്ടേ; പോയിപ്പിന്നെയും പിറന്നോട്ടെ :-
യിത്തരം മാനക്കേടിലെന്തിനായ് ജീവിക്കണം?"
ആ വാക്കു കേൾക്കാനല്ല വന്നതമ്പ് ഭിഷഗ്വരൻ
പൂവൽമെയ്യാളെസ്സുസ്ഥയാക്കുവാൻ ; ആക്കി താനും.
ലബ്ധസംജ്ഞയായ്ത്തീൻ കാര്യമൊക്കെയും ഗ്രഹി-
ച്ചത്തയ്യൽ ചൊന്നാൾ ദൂരെ നില്ക്കും തൻ ത്രാതാവൊടായ് :
"സ്വാഗതം മഹാത്മാവേ! ദാസിതൻ സഭാജനം
സ്വീകരിച്ചാലും ശീഘ്രം വീരശ്രീവിവോഢാവേ !
കാലനെക്കൂസീടാതെ, കാലനെക്കാളും ക്രൂര-
ശീലമാം ദുരാചാരഭ്രുതത്തെക്കൂട്ടാക്കാതെ,
മൃത്യുവിൻ വക്ത്രത്തിൽ നിന്നെന്നെ വീണ്ടെടുത്തോരു
ശക്തനാമങ്ങേദ്ധന്യം സൌജന്യം ജയിക്കുന്നു.
സംപ്രാപ്തിമേത്തും നല്കാൻ സജ്ജയായ് നില്ക്കുന്നു ഞാ-
നെൻ പ്രാണപ്രദാതാവിന്നെന്നെന്നും കടക്കാരി."



Digitized By Kerala Sahitya Akademi

എന്നരച്ചാരോമലാൾ തൻഗളാന്തരത്തിങ്കൽ
നിന്ന നന്മുക്താദാമമൊന്നൂരി സ്മേരാസ്യയായ്
ചൊല്ലിനാൾ മാതാവോടു : "ഞാനിതൊന്നേകിക്കോട്ടെ
പുല്ലനു ; തായേ ! കൃപ്പാം ; തങ്കത്തെത്തടുക്കൊല്ലേ.
എൻ പുനർജ്ജന്മത്തിന്നു ഹേതുവാമിദ്ദേഹത്തെ-
യെൻ പിതാവെന്നും ചൊല്ലാം,മാചാര്യനെന്നും ചൊല്ലാം."
തായയ്ക്കു പാഞ്ഞു പൊട്ടിയശ്രുക്കളൂപ്പൂത്തനാം
തോയധാരയിൽക്കെട്ടു നിശ്ശേഷം ക്രോധാനലൻ.
ആനന്ദബാഷ്പം പാതി, പശ്ചാത്താപാസ്രം പാതി :-
യാനമത്തീർത്ഥം ഗങ്ഗാകാളിന്ദീസംഭേദമായ്.
ഓടിച്ചെന്നെടുത്തണച്ചുമ്മവച്ചോതീ സാധു :
"നേടിനേനല്ലോ നിന്നെ വീണ്ടും ഞാനെൻ പൈതലേ !
അറിവറെറന്തെല്ലാമോ കാട്ടു ഞാൻ പുലമ്പിനേൻ ;
ചെറുമൻ പുല്ലൻ മേലെൻ ശ്രീകൃഷ്ണൻ ദയാനിധി.
കണ്ടുപോയ് ലോകത്തിൻെറ തത്വം ഞാൻ; ജാതിബ്ഭേ
കൊണ്ടെനിക്കുണ്ടാവില്ല കണ്ണിനു ദീനം മേലിൽ. [ള്ള
പുല്ലനും ഞാനും മന്നാമീ വീട്ടിൽ ജീവിക്കുന്നു;
പുല്ലനെപ്പുണർന്നെത്തും വായു ഞാൻ ശ്വസിക്കുന്നു ;
പുല്ലനെൻ നിലം തൻെറ വേപ്പിനാൽ നനയ്ക്കുന്നു ;
പുല്ലൻതൻ തിറത്താൽ ഞാൻ നെല്ലരിച്ചോറുണ്ണുന്നു.
പൊയ്കയിൽത്താഴ്ത്തും താഴ്ത്തുമെന്നു ഞാനറംപാടി;
പൊയ്കയെൻ പൊണ്ണച്ചൊല്ലു നേരാക്കാനൊരുമ്പെട്ടു.
എന്നിൽ നീ കയക്കൊല്ലേ പുല്ല ! ഞാൻ വെറും പൊട്ടി ;
നിന്നൊടിന്നിരക്കുന്നു മാപ്പെനിക്കേകീടുവാൻ.



Digitized By Kerala Sahitya Akademi

ഓമനെ ! നീ നിൻ ജീവഃനകിലും പഴ്യാപ്ത്രമ-
ല്ലീമുത്തുമാലയ്ക്കേത്ര പിന്നെ നിൻ കടം വീട്ടാം?
എന്നിരുന്നാലും നല്ക്ക നീയിതെൻ പുല്ലന്നിന്നു
പൊന്നു വെയ്ക്കുണ്ടും ദിക്കിൽ പൂവെട്ടത്തിട്ടം പോലെ"
തങ്കമാ മുക്താഹാരം നല്കുവാൻ വിളിക്കവേ
തൻകരം രണ്ടും കൂപ്പിത്താണുകേണവൻ ചൊന്നാൻ ;
വേണ്ടെനിക്കമ്മേ ! വേണ്ട മാലയും മററും ; മുഴ-
പ്രാന്തനായ്ത്തീന്നിട്ടില്ല ഞാനിന്നും വേലക്കാരൻ.
ഇപ്പാമ്പു കൊത്തിക്കൊല്ലുമെന്നെ ഞാൻ തൊട്ടാ,ലെന്റെ
കപ്പാട്ടിലെൻ ചെക്കനെപ്പിന്നെയാർ പുലത്തിടും ?
ഇത്തരം കൊടയ്ക്കേന്തു ചെയ്യു ഞാൻ ? വെള്ളത്തിങ്കൽ
മുത്തൊന്നു മുങ്ങിത്തപ്പിപ്പൊന്തിച്ച മുക്കോൻ മാത്രം !"
ആ വാക്കുകേൾക്കെച്ചൊന്നാൾ വൃദ്ധ : "ഞാൻ തരാം
ക്കാവശ്യമേതെന്നാലും; നാവനക്കിയാൽ മതി." [നിന-
എന്നതിന്നോതീ പുല്ലൻ : "നീക്കുപോക്കില്ലെന്നാകി-
ലൊൻ ഞാനിരന്നിടാമമ്മയോ,ടത്രേ വേണ്ടൂ.
വല്ലമുക്കിലും വച്ചെൻ പൈതലെക്കണ്ടാലമ്മ
കല്ലെടുത്തെറിഞ്ഞതിൻ പിഞ്ചുമെയ് പൊളിക്കൊല്ലേ.
കൊണ്ടേക്കുമന്നം തെററി,യക്കല്ലു തായേ ! നമ്മെ
രണ്ടുപേരെയും തീത്ത തമ്പുരാൻതൻമേനിയിൽ."

x x x x x x

പുല്ലനാസ്ഥലം വിട്ടു പാടത്തിൽപ്പോയാൻ വീണ്ടും,
നല്ലാർ തൻമാതാവോടുകൂടിത്തൽഗൃഹത്തിലും.



Digitized By Kerala Sahitya Akademi

ഗാഢമാം ധ്യാനത്തിങ്കൽ മഗ്നമായ് തോയാശയം ;
പാട്ടണ്ടോ ഗഭീരർതന്നിങ്ങിതം ഗ്രഹിക്കുവാൻ ?
എങ്കിലും "കൈവന്നല്ലോ പുത്രിതൻ സ്നാനത്തിനാൽ
പങ്കത്തിൻ പ്രക്ഷാളനം മാതാപിന്നകക്കാമ്പിൽ.
അത്ഭുതം തന്നെക്കൊണ്ടു ചെയ്യിച്ചു കർമ്മം ദൈവം."
അപ്പൊഴുതയിമ്മട്ടോർത്തു നില്പതായ്‌ നിനയ്ക്കാം നാം.

---



Digitized By Kerala Sahitya Akademi

# ൫൦. പുഴമൊഴി.

I

പുഴയൊടുരചെയ്തു ഞാൻ: "തോഴി! നീ പാ-
ഞ്ഞൊഴുകിടുവതെങ്ങെടോ ദൂരെനോക്കി?
അരുതരുതു പോവതീമട്ടു താഴോ-
ട്ടൊരുധരണിഭൃത്തുതൻ പുത്രിയാം നീ
ജലധിയുടെ പത്നിയായ്ത്തീരുമാറോ
തലയിലെഴുതി നിനക്കാത്മയോനി?
മധുരതരഗാത്രിയാം നിന്നെ വേൾപ്പാൻ
ചിതമവനിലെന്തു നീ കണ്ടിരിപ്പൂ?
ചപലനവനബ്ധിതാൻ ക്ഷാരമാത്രൻ;
കൃപണനപരാപഗാലക്ഷജാരൻ.
അകമൊരുവർ കാണാത്തൊരപ്പുമാനെ-
ബ്ഭഗിനി! പതിയാകുവാനാക്കു തോന്നും?
വിപുലമവനാർന്നിട്ടും വേശ്മം—ആവാ-
മപരിമിതമങ്ങെഴും രത്നം—ആവാം;
കൊതിയവയിലേറുവോർ തന്നെയെങ്ങും
മതിമുഖികൾ; നീയുമമ്മട്ടുകാരി!
അലമല്ലമട്ടുകകിൽക്കണ്ടിടും നീ
കലികയറിയാപ്പ്ത്താബ്ഭീമകായൻ." 18

II

തടിനിയതിനുത്തരം ഫേനഹാസ-
പ്പൊടിവിതറിനിന്നുകൊണ്ടുരന്നോതി



Digitized By Kerala Sahitya Akademi

"സഹജ ! കഥയെന്തുനീ കണ്ടു ? ഞാനെ-
ന്നകമുറി തുറന്നിടാം ; കേറി നോക്കൂ !
മുനികൾ നിജമുക്തിയിൽ കാംക്ഷ പൂണ്ടെൻ
ജനകനുടെ മേനിവന്നാശ്രയിപ്പൂ.
സ്വഹിതപരരാകുമക്കൂട്ടരോരോ
ഗുഹയിലൊരു പാറതൻ മട്ടിൽ വാഴ്വൂ.
ഉലകിനുമവക്കുമൊന്നില്ല ബന്ധം ;
ഫലമവരിൽനിന്നൊരാൾക്കില്ല നേടാൻ ;
അവരവരരെന്നു ഞാൻ കണ്ടനേര-
ത്തവതരണസജ്ജയായ് നിന്നുഭൂവിൽ.
അവശനതകാത്തതാം ജീവിതംകൊ-
ണ്ടവനിയിലവന്ധ്യമൊന്നാർക്കു നേടാം ?
അഗലതകൾ നൈരാശ്യപൂർണ്ണയാമെൻ
ഭൃഗുപതന*മാണതെന്നോർത്തിരിക്കാം.
അവരറിയുമോരല്ല മന്നിടത്തിൻ
വിവിധതരമായിട്ടും രമ്യഭാവം.
തൃഷിതഹൃദയത്തിന്നു തൃപ്തിനല്കി-
ക്കൃഷകരുടെ കേദാരകങ്ങൾ പുല്കി,
വണിജരുടെ വൃത്തിയെബ്ഭദ്രമാക്കി-
ദ്ദിനമണിമരീചിതൻ ചൂടുനീക്കി;
പതിതരുടെ പങ്കങ്ങളേറവാങ്ങി-
പ്പൃഥിവിയുടെ കീർത്തിവെൺമേട താങ്ങി,

*ഭൃഗുപതനം = പാറയിൽ നിന്നും താഴെച്ചാടി ചെയ്യുന്ന ആത്മഹത്യ.



Digitized By Kerala Sahitya Akademi

ത്തടവുകൾ തകൎത്തു ഞാൻ സത്വരം പാ-
ഞ്ഞൊട്ടുവിലലണയും കടന്നണ്ണവത്തിൽ. 44

III

അവനനകനാവതെൻ ലക്ഷ്യമെന്നായ്
വിവരമറിയാത്തോൎക്കു തോന്നിയേക്കാം.
ഉദധി സതതോന്നിദ്രനാത്മതന്ത്രൻ,
പ്രഥിതചരിതൻ, മഹാൻ, നിത്യപൂൎണ്ണൻ ;
പരമവനെയെങ്കിലും ചിന്തചെയ്‌വൂ
ഹരിയുടെ വെറും ദ്വാരപാലനായ് ഞാൻ.
അതിവിതതമായിടും തൽപ്രഭാവം
മധുരിപുവിഭൂതിതൻ മാത്ര മാത്രം.
അലറുമവനപ്പുറം പേൎത്തുമെന്നെ-
ജ്ജലചരഗണത്തിനാൽ ദുഷ്ടയാക്കും.
അതു മമ പരീക്ഷയെന്നോൎത്തു മുന്നോ-
ട്ടതിൽ വിജയമാന്നു ഞാനുച്ചലിക്കും.
ലവണജലരാശിയും മററുമോരോ-
ന്നവഹിതമനസ്കയായ് ഞാൻ കടന്നാൽ
ശ്രമരഹിതമെത്തിടും ചെന്നൊടുക്കം
കമലയുടെ കാമുകൻതൻ പദത്തിൽ.
ശുഭമരുളുവാനെനിക്കങ്ങു നില്ക്കും
ത്രിപഥഗ തരങ്ഗിണീസാൎവഭൌമി.
അരിയൊരു പയസ്സുരസ്ഥാനിലല്ലീ
പരമപുരുഷൻ യോഗനിദ്രചെയ്‌വൂ ?



Digitized By Kerala Sahitya Akademi

കരുതിടുക ജീവനും ബ്രഹ്മവും താൻ
പരമിവളുമമ്മഹാവിഷ്ണുതാനും.
അവിടെയണയുമ്പൊഴെയ്ക്കിപ്പുഴയ്ക്കും
ഭുവനപതി സായുജ്യമേകുമല്ലോ.” 68

---



Digitized By Kerala Sahitya Akademi

# ൧൮. പൈശാചയജ്ഞം

ഹിററ്ലറേ! കേട്ടു ലോകം നേപ്പിൾസി*ലങ്ങേബ് ഭൃത്യർ
പുത്തനായ്ക്കാണിച്ചോരു കയ്യൂക്കിൻ കോലാഹലം.
മാററലർച്ചെഞ്ചോരയാൽപ്പൂക്കളം മെഴുക്കീല ;
മാനത്തുനിന്നുംകൊണ്ടു ബോംബൊന്നും പൊഴിച്ചീല ;
ശസ്ത്രാസ്ത്രസാമഗ്രിയെത്തച്ചുടച്ചൊടുക്കീല ;
ശത്രുവിൻ വീട്ടിൽക്കേറിക്കൊള്ളയും നടത്തീല:-
പിന്നെയോ ?... വിഖ്യാതമാം വിശ്വവിദ്യാഗാരമ-
ങ്ങൊന്നുണ്ടു ശാന്തം, ശിവം, സർവ്വക്കും സമാരാധ്യം.
വാണിരിക്കുന്നുണ്ടതിൽപ്പൂർവ്വരാം സുധീന്ദ്രർതൻ
മാനസാത്മജന്മാരാം സിദ്ധന്മാർ ഗ്രന്ഥാഭിധർ ;
എത്രയോ നൂറായ് വയസ്സെന്നാകിലും, പുണ്യാത്മാക്കൾ,
നിത്യയൌവനശ്രീയാലാശ്ലിഷ്ടരൊട്ടേറെപ്പേർ,
ആഗതർക്കശേഷർക്കും തത്ത്വോപദേശംചെയ്തു
ലോകസങ്ഗ്രഹത്തിനായ് ജീവിക്കും മുമുക്ഷുക്കൾ ;
സ്വീയമാം പദം വെടിഞ്ഞെങ്ങുമേ ഗമിക്കാതെ,-
യായുധം സ്പൃശിക്കാതെ, യാരെയും പഴിക്കാതെ,
വായുമാത്രാഹാരരായ് മേവുമമ്മഹാന്മാരെ-
ക്കയ്യെടുത്തേവൻ തൊഴാൻ വൈകിട്ടും മുന്നിൽച്ചെ-
[ന്നാൽ ? 18

---

* നേപ്പിൾസ് ഇററലിയിലെ ഒരു പ്രധാനനഗരമാണ്. അതു് ഇപ്പോൾ സങ്കലിതശക്തികൾ പിടിച്ചടക്കിയിരിക്കുന്നു. ഈ കൃതിയിലെ സംഭവം നടന്ന 1943 സെപ്റ്റംബർ 19-ാംനു അതു ജർമ്മനിയുടെ കയ്യിൽ കിടന്നു ഞെരുങ്ങുകയായിരുന്നു.



Digitized By Kerala Sahitya Akademi

# II

ഹിററ്ലറേ ! ഭവാൻ പോററും പട്ടാളവേതാളങ്ങൾ
മുററുമാ മന്ത്യാശ്രമം വീക്ഷിച്ചാർ പുരോഭുവിൽ.
അജ്ജനം കേട്ടു മേന്മേൽ ബ്രിട്ടനാം സിംഹത്തിൻെറ
ഗജ്ജനം തെക്കൻദിക്കിൽ,ക്കാലാട്ടഹാസംപോലെ.
വല്ലതും കാട്ടിക്കൂട്ടിയൊപ്പിച്ചു മാറീടാഞ്ഞാൽ-
ച്ചെല്ലേണ്ടതങ്ങേത്തോക്കിൻ വായിലെന്നോമ്മിച്ചവർ
പ്രാണനെക്കണ്ടെത്തിങ്കൽ നിത്തിക്കൊണ്ടെന്തായാലു-
മാണത്തമല്പം തട്ടിമിന്നിക്കാൻ സന്നദ്ധരായ്,
തങ്ങളെത്തുണയ്ക്കാതെ മധ്യസ്ഥഭാവം കൈക്കൊ-
ണ്ടങ്ങെഴും ഗ്രന്ഥങ്ങൾതന്നന്തത്തിന്നാരംഭിച്ചു.
ലോഹാസ്ത്രം പ്രയോഗിച്ചില്ലുള്ളൊന്നു പക്ഷേ കാണും
സ്നേഹിപ്പാനതിന്നെന്നുമോക്കയാൽപ്പൃഥ്വാകുലർ.
കൈവശം വാച്ചീടുന്ന പെട്രോൾകൊണ്ടാദ്യംതന്നെ-
യാവിദ്യാലയത്തിൻെറയഭ്യംഗം നടത്തിനാർ ;
മുട്ടാളരയ്യോ ! പിന്നെത്തീക്കൊളുത്തശ്ശാലയെ-
ച്ചുട്ടെരിച്ചതിൽപ്പെട്ടും സവ്വും നശിപ്പിച്ചാർ ;
വഹ്നിയെശ്ശമിപ്പിപ്പാൻ വല്ലോരും വന്നാൽക്കുത്തി-
ക്കൊന്നിടാൻ കുന്തത്തോക്കും കയ്യുമായ് ച്ചുററുംപാഞ്ഞാർ.
നിവ്വഹിക്കതാൻ ചെയ്താർ ധീരരാമാ വൈധേയർ
നിവ്വിഘ്നം തദീയമാമധ്വരം പൈശാചികം.
ആ മനോജ്ഞമായുള്ള ഭാരതീലീലോദ്യാനം
പാഴ്മണൽക്കാടായ് ; പാരിതത്രയ്ക്കും ദരിദ്രമായ്.



Digitized By Kerala Sahitya Akademi

മർത്ത്യർതൻ ശീർഷങ്ങളെ ധാന്യങ്ങൾക്കൊപ്പം കൊയ്യാം ;
പത്തനങ്ങളെത്തകർത്താഴിയിൽ പ്രക്ഷേപിക്കാം ;
അമ്മമാർ പെറും വീണ്ടും മക്കളെ; ശ്ശില്പജ്ഞന്മാർ
കർമ്മമായ് ച്ചമച്ചിടും പിന്നെയും ഹർമ്മ്യങ്ങളെ ;
ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടാൽ, നിർമ്മാതർ തത്താതക്കു
ഹന്ത ! വന്നവററയെപ്പിന്നീടും നല്കാനാമോ ?
ഏതൊന്നു നേടാൻവേണ്ടിയായിടാമദ്ദുർവൃത്തർ
ചെയ്വതിപ്രായശ്ചിത്തശൂന്യമാം കൊടുംപാപം ?
അഥവാ ലൂവെയ്നിലെ * ഗ്രന്ഥങ്ങൾ ദഹിപ്പിച്ച
മതിമാന്മാർതൻ മക്കളാകുമീ ഹൂണാഗ്രിമർ
അച്ചിത്രവംശാചാരം പാലിക്കയാവാം ചെയ്വ-
തച്ഛന്റെ പിമ്പേ പോകും പുത്രരല്ലയോ പുത്രർ ? 52

III

ഹിററ്ലറേ ! മദാന്ധനാമങ്ങേയ്ക്കു വീക്ഷാശക്തി-
യററിട്ടില്ലെന്നാലൊന്നു കാണുവാനർത്ഥിപ്പൂ ഞാൻ.
മൂകനായ്ക്കിടക്കുന്നു മുന്നിൽ വന്നതാ ! ഭവത്-
ഭീകരപ്രസ്ഥാനത്തിൻ പങ്കാളി മുസ്സോളിനി.
എത്രയോ ഘോരക്ഷ്വേളവാതകവ്രാതം വർഷി-
ച്ചെത്തിയോപ്പിയാരാജ്യമാർജ്ജിച്ച മഹാവീരൻ;

* ലൂവെയ്ൻ, ബെൽജിയത്തിലെ ഒരു സുപ്രസിദ്ധമായ വിശ്വവിദ്യാലയം. അതും അതിലെ അമൂല്യങ്ങളായ ഗ്രന്ഥങ്ങളും ജർമ്മനി 1914 ആഗസ്റ്റ് മാസത്തിൽ അഗ്നിക്കിരയാക്കി.



Digitized By Kerala Sahitya Akademi

ഊററത്തിലല്‌ബേനിയൻ രാജ്ഞിയെ കൈക്കുമഞ്ഞോട്ടു-
മീററുനോവടങ്ങുംമുമ്പോടിച്ചു കൃപാമൂർത്തി ;
ധ്വസ്തയാം ഫ്രാൻസിൻ പൃഷ്ഠം പാർഷ്ണിഗ്രാഹനായ്‌ച്ചെന്നു
കത്തിയാൽക്കുത്തിക്കീറിപ്പേർപെററ ധർമ്മപ്രഭു ;
ഹാ ! പണ്ടാത്തീപ്പെട്ടിക്കോലാലുരച്ചിട്ടോ പൊങ്ങി-
ദ്വീപമാ,യലാതമാ,യുല്ക്കയാ,യുത്പാതമായ്.
റോമയിൽക്കുറേക്കാലം സ്വാതന്ത്ര്യങ്ങളും നേടാൻ
ശ്രീമത്താം സെന്റ്‌പീററർതൻ പള്ളിയിൽ കാൽകുത്താ-
വിഷ്ടപം വിറപ്പിക്കുമദ്ദുഷ്ടൻതൻ മുന്നിൽപ്പോയ് [തെ,
മുട്ടുകുത്തിനാരോരോ മുഖ്യരാം മന്ത്രീശ്വരർ.
അക്രമം മുഴുത്തപ്പോളദ്ദുരാത്മാവും കാല-
ചക്രത്തെക്കറക്കിട്ടും ശക്തിതൻ കയ്യിൽപ്പെട്ടു.
താഴത്തേയ്ക്കുടുത്തങ്ങോരേറെറിഞ്ഞപ്പോരുവന്നു
പൂഴിയും കപ്പിക്കൊണ്ടു മൺകട്ടയ്ക്കൊപ്പം വീണു.
തെല്ലിടയ്ക്കുള്ളിൽ താർക്ഷ്യമന്യനാമങ്ങോർ വിഷ-
പ്പല്ലററ പാമ്പല്ലതിൻ ചട്ടയായ് ത്രപം മാറി.
ശ്വാസമപ്പൊഴേ നേരേ വിട്ടുള്ളു തദ്ദേശീയർ ;
ഫാസിസപ്പാഴ്‌മാറാലയക്കാററിൽപ്പറന്നുംപോയ്,
സത്യമീവിപര്യയം പോരയോ സർവ്വേശൻെറ
ഹസ്തലാഘവം ഭവാൻ സമ്യക്കായ് ദർശിക്കുവാൻ ? 82

## IV

ഹിററ്ലറേ ! ഭവൽഭൃത്യരിത്തരം ദുഷ്കൃത്യത്താൽ
മുററുമീ മഹീതലം നാരകീകരിക്കുന്നു.



Digitized By Kerala Sahitya Akademi

ഇല്ലെന്നു വയ്ക്കൊട്ടിതിന്നീശ്വരപ്രതീകാരം;
തെല്ലൊന്നുവൈകിപ്പോകാം ദണ്ഡിപ്പതത്രേയുള്ളൂ.
അങ്ങയാൽത്തർക്ഷുക്കൾ ധർമ്മോപദേഷ്ടാക്കളാ-
യങ്ങയാൽക്കിരാതന്മാർ സംസ്കാരസമ്പന്നരായ് ;
അങ്ങയാൽപ്രാക്കാലങ്ങൾ സൌവർണ്ണയുഗങ്ങളാ-
യങ്ങയാൽച്ചെകിത്താനും ദേവദൂതാദ്ധ്യക്ഷനായ്.
തോററുപോയ് സമസ്തരാം ലോകകണ്ടകന്മാരു-
മാററിലാ സെന്റ് ഫ്രാൻസിസ്സായ്; ജെംഗിസ്ഖാൻ
[മുനീന്ദ്രനായ്.*
നേപ്പിൾസിൽനിന്നും പാഞ്ഞു പട്ടാളക്കാരങ്ങെത്തി-
ക്കാൽപ്പാട്ടിൽ സമർപ്പിച്ച പുസ്തകച്ചാരത്തിനാൽ
എന്തൊന്നു ചെയ്യും ഭവാ,നിപ്പൊഴേ കൈലാസമായ്-
പ്പൊന്തിടും യശഃകായം പിന്നെയും വെളുപ്പിക്കും !
അല്ലെങ്കിലച്ചാരത്തിൻ ഛായയാമല്പസ്മിതം
പല്ലിളിച്ചവക്കിതിൻ മൂല്യമായ് സമ്മാനിക്കും !!
തീകൊളുത്തിയാലില്ല ശിക്ഷയും ; ധാത്രിക്കിന്നി-
ദ്ദാഹത്തിൻ നിദാനമ,ങ്ങങ്ങയെദ്ദണ്ഡിക്കുമോ ?

---

* ആററിലാ ക്രി. പി. അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു പരമദുഷ്ടനായ ഹൂണൻ; അയാൾ യൂറോപ്പിലെ പലരാജ്യങ്ങളും കൊള്ളയിട്ടു നശിപ്പിച്ചു. ഭൂതകാരുണ്യത്തിൻെറ പുരുഷാവതാരമായ അസിസിയിലെ ഫ്രാൻസിസ് പുണ്യവാളൻ യൂറോപ്പിൽ 13-ാം ശതകത്തിൽ ജീവിച്ചിരുന്നു. ജെംഘിസ്ഖാൻ (1162—1227) അതിക്രൂരനായ ഒരു മംഗോളിയൻരാജാവ്; അയാളും അനവധി രാജ്യങ്ങൾ പിടിച്ചടക്കിച്ചുട്ടെരിച്ചു. മുനീന്ദ്രൻ ബുദ്ധഭഗവാൻ.



Digitized By Kerala Sahitya Akademi

നിശ്ശേഷമാഗ്രന്ഥങ്ങൾ ചുട്ടതിൽപ്പിന്നീടഗ്നി
പശ്ചാത്താപാകാരത്തിലങ്ങയിൽപ്പററിക്കൂടി
കത്തുമായിരുന്നേനേ ചത്തിടുംവരെ,പ്പക്ഷേ
ഹൃത്തെന്നൊന്നില്ലാത്തതായങ്ങേയ്ക്കു രക്ഷാമാർഗ്ഗം !
പേർത്തുമിപ്പോരിൽ ഭവാനെന്തെല്ലാം ഹനിച്ചാലു-
മാദ്യമായ് ഹനിച്ചതെ,ന്താത്മീയം മനുഷ്യത്വം !

X X X X X

എത്രമേലിച്ഛാഭംഗം വായ്ക്കിലും ചെയ്യിക്കൊല്ലേ
പുസ്തകം ചുടുന്നൊരിപ്പൂത്തനാം മഹാപാപം.
കീടർവും കുറേത്തിന്നു ബാക്കിവച്ചടങ്ങുന്നു ;
കീടത്തെക്കാളും കീടമാക്കൊല്ലേ മനുഷ്യനെ ! 112



Digitized By Kerala Sahitya Akademi

# ൮൯. ഉത്തമഭക്ഷണം

ഉത്തമഭക്ഷണമേതെന്നു സഭ്യരോ-
ടധ്യക്ഷൻ ചോദിച്ചു പണ്ടൊരിക്കൽ.

സദ്യയിൽക്കിട്ടുന്ന ഭക്ഷണത്തോടൊപ്പം
ഹൃദ്യമല്ലൊന്നുമെന്നേകനോതി.

മാധുര്യമേറുന്ന പാൽപ്പായസംപോലെ
യാതൊന്നുമെങ്ങുമില്ലെന്നൊരുത്തൻ.

മാദകമായുള്ള ശീമവീഞ്ഞല്ലാതെ-
യേതുമേ രമ്യമല്ലെന്നൊരുത്തൻ.

നാക്കിന്നു മെച്ചമായ്ത്തോന്നുന്നതൊക്കെയും
ശ്ലാഘ്യമായ് കല്പിക്കാമെന്നൊരുത്തൻ.

ആറു രസങ്ങളും ചേർന്നിട്ടുമന്നത്തി-
ന്നേറിടും ശ്രേഷ്ഠതയെന്നൊരുത്തൻ.

കാലദേശോചിതമായിട്ടുമാഹാരം
പോലെ മററൊന്നുമില്ലെന്നൊരുത്തൻ.

ക്ഷുത്തുള്ള നേരത്തു കിട്ടുന്നൊരോദന-
മുത്തമം ഭക്ഷിപ്പാനെന്നൊരുത്തൻ.

ഏതൊരു ഭോജനം ജീർണ്ണമാം വേഗത്തിൽ ;
സ്വാദതിന്നേറിടുമെന്നൊരുത്തൻ.

വൈദ്യൻ വിധിക്കുന്ന പഥ്യമാമാഹാര-
മാത്യന്തം പ്രീതിദമെന്നൊരുത്തൻ.



Digitized By Kerala Sahitya Akademi

സ്നേഹിതന്മാരുമായ് മേളിച്ചു ഭക്ഷിക്കു —
മാഹാരമാഹാരമെന്നൊരുത്തൻ.

മാതാവു നല്കിടുമേതൊരുഭോജ്യവും
മാധുര്യസമ്പൂർണ്ണമെന്നൊരുത്തൻ.

പ്രാണാധിഭർത്രിയാൾ നല്കുന്ന ഭക്ഷ്യംതാൻ
ചേണാർന്നതേററവുമെന്നൊരുത്തൻ.

ദേവകൾക്കപ്പിച്ചു പൂതമാമന്നംതാൻ
കേവലമുൽകൃഷ്ടമെന്നൊരുത്തൻ.

ഇങ്ങനെയോരോന്നു മേൽക്കുമേൽച്ചൊന്നവർ
തങ്ങളിൽത്തക്കിച്ചുനിന്നനേരം,

ഓതിനാനദ്ധ്യക്ഷൻ : "ഇപ്പക്ഷം മിക്കതു-
മേതാണ്ടും ഗ്രാഹ്യാംശം ചേർന്നതത്രേ.

എങ്കിലും പൂർണ്ണമല്ലൊന്നുമെന്നെൻമതം ;
തിങ്കളിൻകീറുണ്ടോ ബിംബമാവൂ ?

തന്നുടെ ദേഹത്തിൻ സ്വേദത്താൽ നേടണം;
തന്നന്തർയ്യാമിയെത്തൃപ്പിക്കേണം;

എന്നിട്ടു ദീനക്കൊരോഹരി നല്കണം;
പിന്നീടുമാത്രം താൻ ഭക്ഷിക്കേണം.

ഭോഗാധികാരികളല്ലേതും ഭക്ഷ്യത്തിൻ
ഭാഗാവകാശികൾ മാത്രം നമ്മൾ.



Digitized By Kerala Sahitya Akademi

വിത്തേശജേതാവാം വിഘ്നേശനല്ലാരും;
മർത്ത്യനെത്തിന്നിട്ടം രക്ഷസ്സല്ല;

ചാണളവുള്ളോരു തൻകുക്ഷിക്കെന്തിനു
മാനുഷൻ ധാന്യാദ്രി സഞ്ചയിപ്പൂ?

ജീവിക്കാൻ മാത്രമായ് ഭക്ഷിച്ചുകൊണ്ടു നാം
ജീവിതം ത്യാഗത്താൽ ധന്യമാക്കാം ;

സ്വീയമാം ലഘ്വന്നമപ്പോഠംത്താൻ വിണ്ണിലെ-
പ്പീയൂഷയൂഷമായ് നമ്മഠം കാണും.



Digitized By Kerala Sahitya Akademi

## ൨൦. നവയുഗോദയം

മാലുള്ളതാണീ മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ ! നാം ?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നല്കേണ്ടതു ധർമ്മമല്ലേ ?

കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനസ്ഥാനമുഷസ്സിലേകാൻ ?

ഇനൻ പൊലിഞ്ഞാലുഡുപങ്ക്തിയെക്കൊ-
ണ്ടിരുട്ടുതൽകാലമകററിയീശൻ
അടഞ്ഞ കൺ നമ്മറ തുറന്നിടുംമുൻ-
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

വേലയ്ക്കു ദീപപ്രഭയത്രവേണം ;
വിശ്രാന്തികൊള്ളുന്നതിനിത്രപോരും ;
അതായിരിക്കാം പൊരുളാപ്രവൃത്തി :-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞുചെയ്വോൻ.

വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും തരയാന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ ? തിരിയിൽക്കൊളുത്താൻ ?



Digitized By Kerala Sahitya Akademi

അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ ?

ഉണന്നിടാമെന്ന നിനച്ചു തന്നെ-
യുറങ്ങുവാനോപ്പൂതു നമ്മളെല്ലാം ;
പ്രാദുർഭവിച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സവ്വത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മദ്ധ്യാഹ്നവും പ്രത്യഹമദ്ധരാത്രം ;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ.

പരം നിദാഘത്തിനു ചൂടു ദോഷം,
പ്രാവൃട്ടിനമ്മട്ടു തണുപ്പു,മേവം
സവ്വത്തിനും ദോഷമുരയ്ക്കുവോനെ-
സ്സന്തൃപ്തനാക്കാൻ വിധി ശക്തനല്ല.

പതിച്ചു താൻ പുൽക്കൊടിയിങ്കലെന്നു
പശ്ചാത്തപിക്കാതെ തുഷാരബിന്ദു,
അതിന്നു ചൂഡാമണിയും വിളക്കു-
മായിത്തുലോം രാത്രിയിൽ മിന്നിടുന്നു.



Digitized By Kerala Sahitya Akademi

നഞ്ഞുണ്ടട്ടത്തെന്നു നിനച്ച ചെററും
നമുക്കു പേടിപ്പതിനില്ല ബന്ധം ;
കൈകൊണ്ടെടുത്തായതശിച്ചിടാഞ്ഞാൽ
കളേബരം വിട്ടയിരാക്കു പോകും ?

ചെററപ്പുരയ്ക്കുള്ളിൽ നുഴഞ്ഞുകേറി
ച്ചെമ്മേ വസിക്കുന്നു സുഖം ചിലപ്പോൾ ;
പായുന്നു സൌധത്തിനകത്തു ദുഃഖം
പാറാവുനില്ക്കും ഭടർ കണ്ടിടാതെ.

ശരീരരക്ഷാഭരമേററു നില്ക്കും
സ്വാന്തത്തെ നാം കാട്ടുകയററി വിട്ടാൽ
ആലാക്കിലാജിക്കരികിൽക്കടക്കു-
മാപത്തുതൻനേക്കടവെന്തുകാട്ടും ?

സമ്പന്മദവ്യാധി ശമിച്ചു മർത്ത്യർ
സദൃത്തരായ് ത്തൻ സവിധത്തിലെത്താൻ
സൌകര്യമേകുന്ന വിപത്തുമീശൻ
സാക്രുതമായ് ത്തന്നെ ചമച്ചതാവാം.

തനിക്കു താൻതന്നെ സുഹൃത്തൊരുത്തൻ ;
താനെന്നിയേ ശത്രുവുമന്യനില്ല ;
പരം വിപത്താം മുകുരം ബുധക്കി-
പ്രപഞ്ചതത്ത്വസ്ഥിതി കാട്ടിടുന്നു.



Digitized By Kerala Sahitya Akademi

സത്യത്തിലത്യുൽകടവിപ്രലംഭ-
താപാത്തരാകാൻ തരമെത്തിടാഞ്ഞാൽ
താരുണ്യമാളുന്ന വധൂപുമാന്മാർ
സംഭോഗശൃംഗാരരസാനഭിജ്ഞർ.

ഷാറയ്ക്കുമേൽത്തട്ടിയുടഞ്ഞുവേണം
പാനാർഹമായിസ്സുരിദംബു തീരാൻ ;
ഇരുട്ടുതിങ്ങും ഖനിവിട്ടു വേണം
ഹീരം നൃപൻതൻ മകുടത്തിൽ മിന്നാൻ ;

കടുത്ത ചൂടാദ്യമിയററി വേണം
കാർകൊണ്ടലൂഴിക്കു തണുപ്പുനല്കാൻ ;
കിളച്ചു മററും വളമിട്ടു വേണം
കൃഷീവലൻ ഭൂമിയിൽ വിത്തുപാകാൻ;

ഗാതാവുതൻ കൈവിരൽ മീട്ടിവേണം
ഗാനാമൃതം വീണയിൽനിന്നുപൊങ്ങാൻ ;
തട്ടാൻെറ കൊട്ടേററയവാന്നു വേണം
തങ്കം വധൂകണ്ഠമലങ്കരിക്കാൻ.

ഊഴിക്കുമിപ്പോഴ്ക്കലി * നീങ്ങിവേണ-
മുദിക്കുവാൻ കാന്തയുഗം നവീനം ;
ആപ്പൊന്നുഷസ്സൻപിലണഞ്ഞു നമ്മൾ-
ക്കാശിപ്പതെല്ലാമരുളട്ടെ വേഗം.

* കലി എന്നാൽ കലികാലമെന്നും യുദ്ധമെന്നുമർത്ഥം.



Digitized By Kerala Sahitya Akademi

# ൨൧. റിക്ഷാ

I

നട്ടുച്ചയായീ നേരം; വെള്ളവും വിശറിയും
വിട്ടു മററൊന്നും വേണ്ട; വീടു താനാക്കും ഗതി.
തടവറവുഴിക്കുമേൽത്തട്ടുന്തു കതിരവൻ
ചുടലക്കനൽക്കട്ട തുടരെക്കോരിക്കോരി.
വച്ചുപോയ് കഴലൊന്നു തറമേലെന്നാൽപ്പൊള്ളു-
മുച്ചിയോളവും മേനി;യത്തരം നിരത്തൊന്നിൽ
അങ്ങിങ്ങു കീറിപ്പറിഞ്ഞേച്ചുതച്ചതാം മുണ്ടു-
മങ്ങതിന്നിണങ്ങുന്ന ഷർട്ടുംകൊണ്ടങ്ഗം മൂടി,
പായുന്നുമുന്നോട്ടേക്കു റിക്ഷയും വലിച്ചുകൊ-
ണ്ടായുസ്സിൻബലത്തിനാൽച്ചാവാതെചാവോനേകൻ.
കണ്ണെങ്ങും നടത്തിച്ചും, ചുററിലുംപെടും വസ്തു-
വൊന്നിലും മുട്ടാതേയു, മോടയിൽച്ചാടാതെയും,
പങ്ങിയും പരുങ്ങിയും, വേപ്പിലും കണ്ണീരിലും
മുങ്ങിയും ഞെരങ്ങിയും പോകുവോരവന്നയ്യോ!
വരണ്ടു തൊണ്ടയ്ക്കില്ലൊരുമിനീർക്കണം വീഴ്ത്താൻ;
വയററിൽക്കൈവെച്ചൊന്നു തിരുമ്മാൻ വഴിയില്ല.
ഏററത്തുമിറക്കത്തുമൊപ്പമായ് ച്ചരിച്ചാലും
കാററുണ്ടത്തപസ്സിക്കു ജീവിക്കാൻ സാധിപ്പീല.
കുടികൊള്ളുന്നുണ്ടൊരാളാവണ്ടിക്കുള്ളിൽത്തൻെറ
കുടവണ്ടിയും കോപ്പും തുള്ളിച്ചു, കാലും നീട്ടി.
"അവനും തന്നെപ്പോലെ മർത്ത്യനായ്പ്പിറന്നവ-
നവനാം നല്കീട്ടുണ്ടു വയറും വായും ദൈവം" :—



Digitized By Kerala Sahitya Akademi

കണ്ണില്ലിതൊന്നും കാണ്മാനങ്ങോർക്കു്; വീഴ്പ്പോന്നിടാൻ
നിന്നാലും, ചുമപ്പോനെയോടിക്കാൻ നാക്കേയുള്ളൂ.
തൻചുരുട്ടിലെദ്ധൂമം കണ്ടവൻ തീവണ്ടിതൻ
പിഞ്ചിളംകിടാവാണോ റിക്ഷയെന്നോർക്കുന്നുവോ ?
അല്ലല്ല, തെററിപ്പോയി; സമ്പത്തിൻമദംമൂല-
മന്ധതാമല്ലീ നരന്നാദ്ധ്യമായ് വരും രോഗം ? 28

## II

ഉഴറിക്കാപ്പിക്ലബ്ബിലേറിനാൻ ക്രൂററൻ ചാടി,
വഴിയാധാരമാക്കി വണ്ടിക്കാരനെത്തള്ളി.
“രണ്ടണ തന്നാൽക്കൊള്ളാം കൂലിയിൽ വകവച്ചു ;
ചുണ്ടൊന്നു ഞാനും ചൂടുവെള്ളത്താൽ നനച്ചോട്ടെ.”
എന്നവൻ യാചിക്കവേ ചെല്ലേണ്ട ദിക്കിൽച്ചെന്നേ
തന്നിടാൻ പററൂ കൂലിയെന്നങ്ങോർ മുറിഞ്ഞോതി.
തനിച്ചാൻ നിരത്തിൽ തൻതലയിൽക്കയ്യുംവച്ചു
തണലുംതാങ്ങും വിട്ടു തപിക്കും തൊഴിൽക്കാരൻ.
ആകമേ കത്തും കൊടുതീയുമായ്ത്തട്ടിക്കുമ്പോൾ
പകലോൻ ചൊരിയും തീ പനിനീരവന്നപ്പോൾ.
“ദൈവമേ!” തളർന്നവൻ വാവിട്ടു മുറയിട്ടാൻ:
“ദൈവമേ ! നിൻ ലോകമോ ഞാൻ കാണുമീലോകവും.
ഉണ്ടവനുടൻതന്നെ കാപ്പി; യക്കോലത്തിൻെറ
വണ്ടിയുംപേറിപ്പായുമെനിക്കോ, മുപ്പട്ടിണി! [കൂലി
അക്കാപ്പി നഞ്ഞായ്പ്പോട്ടെയങ്ങോർക്കു്;—വേ,ണ്ടെൻ-
തൽകാലം നല്കിടക്കാട്ടെ; പിന്നെച്ചത്തൊഴിഞ്ഞോട്ടെ.



Digitized By Kerala Sahitya Akademi

ഉടനേ വീണ്ടും വന്ന ചാടാഞ്ഞാൽപ്പോരും ഞാനെ-
ന്നുടലിൻ കഴപ്പൊന്നു തടവിത്താഴ്ത്തിക്കോട്ടെ:—
അല്ലെങ്കിലിപ്പോൾത്തന്നെ വന്നാലും.കൊള്ളാം; തീർത്തി-
ട്ടെസ്സാല്ല,ഞാൻ കുറേപ്പേരെ വേറെയും ചുമക്കണ്ടേ ?
കിട്ടുമോ കേറാൻ വീണ്ടുമാരാനുമാവോ ? നോക്കാം ;
കിട്ടാഞ്ഞാൽക്കിടാങ്ങൾക്ക കഞ്ഞിയെൻ കണ്ണീരല്ലീ ?
ആ വഴിക്കോർത്താൽക്കൂലി മുൻകൂട്ടി വാങ്ങീടാത്ത-
താവതും നന്നായെന്നേ തോന്നുന്നതുള്ളൂ താനും.
കാപ്പിയെ,ങ്ങമ്മട്ടുള്ള പണ്ടങ്ങളെല്ലാം കണ്ടു
വീർപ്പിടാൻ മാത്രം ദൈവം കല്പിച്ച ഞാനെങ്ങയ്യോ ?
ദൈവമേ ! കണ്ടോക്കിരുക്കാലിമാടായിട്ടെൻെറ
ജീവിതപ്പാഴ്റിക്ഷ ഞാനെത്രനാൾ വലിക്കണം ?
ഒന്നിനൊന്നെൻ നട്ടെല്ല മേല്ക്കുമേൽ വളഞ്ഞിട്ടും
പിന്നെയും കൈക്കില്ലല്ലോ മുൻകാലായ്ത്തീരാൻ യോഗം.
കാളയായ്ച്ചമയ്ക്കാത്തതെന്തെന്നെ ? വയ്ക്കോൽ തിന്നു
നാളുകൾ പോക്കാം ; ചെന്നു ചരിയാമെരുത്തിലിൽ ;
കെട്ടിയോൾ കിടാങ്ങളെന്നൊന്നുമോർത്തങ്ങീടേണ്ട ;
വിററിടാ,നാരെങ്കിലും പോററിക്കൊൾകയുംചെയ്യും.
ഉടമസ്ഥന്മാർ കുറേക്കഞ്ഞിയെങ്കിലും വീഴ്ത്തു-
മടിമക്കാലത്തു പ,ണ്ടായതിന്നോണക്കാലം ! ”
അക്ഷണം വന്തു വീരൻ കമ്പയും വീർപ്പി,ച്ചേറി
റിക്ഷതൻ നുകം വീണ്ടും ദീനൻതൻ ഭുജത്തിലും.
പായുന്നു മുന്നോട്ടേക്ക പിന്നെയും പാവം ; മന-
പ്പായസം കുടിക്കാനും ഭാഗ്യമുള്ളോർക്കേ പററൂ.



Digitized By Kerala Sahitya Akademi

ആരെത്താൻ പഴിക്കേണ്ട,തപ്പെരുംഭ്രതത്തെയോ,
സൂരൻ.തൻബിംബത്തെയോ, തന്നെയോ, ദൈവത്തെ-
ഒരുവസ്തുവും തന്നെ തിരിയുന്നീല,ന്നേരം [യോ? :-
മരണച്ചെന്തീപ്പാച്ചിൽ പായുവോരവന്നുള്ളിൽ. 72

---



Digitized By Kerala Sahitya Akademi

# പരക്കാട്ട ഭഗവതീസ്തോത്രം

അവനതാലംബഭൃതേ ! പരക്രോധ-
ഭുവനമങ്ഗലദീപികേ ! ചണ്ഡികേ !
തവ നമോവാകഹേവാകശാലി ഞാൻ
ഭുവനപാവനി ! ഭൃതിസന്ദായിനി !

മഹിഷമുഖ്യാസുരാന്തകമെങ്കിലും
ദ്രുഹിണശക്രാദിപൂജിതം താവൽപദം ;
മിഹിരമണ്ഡലം ധ്വാന്തസന്ദോഹത്തി-
നഹിതമെങ്കിലും വിശ്വസഞ്ജീവനം.

ഒരുനിമേഷമെന്നാകിലും ഭാവൽക-
മരുണകൌശേയവീതം കളേബരം
നിരുപരോധമെൻ ചേതസ്സിൽ മിന്നുവാൻ
കരുണ വേണം ഘനാന്തകമ്പാമയി !

ചരണരാജീവഭൃങ്ഗങ്ങൾതൻ തമോ-
ഭരമശിക്കയാൽ ഭാവൽകവിഗ്രഹം
ഗരളകന്ധരപ്രാണേശി ! മിന്നുന്നു
സരസജീമൂതസങ്കാശവർണ്ണമായ്.

ഉരസി സൌവർണ്ണഹാരങ്ങൾ മേല്ക്കുമേ-
ലുരസിമിന്നും കളേബരം താവകം
ശിരസി ഹൈമം കിരീടത്തൊടും കാൺകി-
ലരസികാഗ്രിമൻപോലും കവീശ്വരൻ.



Digitized By Kerala Sahitya Akademi

ധവമനോജ്ഞോജ്ജ്വലക്ഷ്മീദിദൃക്ഷുവാം
ഭവതിതന്നുത്തരാശാമുഖസ്ഥിതി *
ശിവനിൽ വാഴ്ത്തിക്കുമല്ലഹാസത്തിനാൽ
ധവളമാകുന്നു തന്നിവാസാചലം.

ഭുവനനാമയം, സമ്പത്തു, സന്താന,-
മവധിവിട്ടുള്ളൊരന്യസൌഭാഗ്യവും,
ഭവതി നല്കാഴ്കിൽ വന്ധ്യം, നിരർത്ഥകം,
തവ ചതുർബാഹുസംയുതം വിഗ്രഹം.

ജയ ! ജയാംബികേ ! ശങ്കരപ്രേയസി !
ജയ ! മുരാരിസഹസാവേ കനീയസി !
ജയ നമോ ദൈത്യഖണ്ഡനപണ്ഡിതേ !
ജയ നമോ ദയാമണ്ഡിതേ ! ചണ്ഡി ! തേ. 32

---

* ദേവിയുടെ ദർശനം വടക്കോട്ടു നോക്കിയാണ്.



Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 7 | 5 | ച്ഛിത്ര | ച്ഛാത്ര |
| 8 | 2 | ക്രുട്ടു | ക്രുട്ട |
| ,, | 4 | മിരണ | മരണ |
| ,, | 6 | ഭഗവത | ഭഗവൽ |
| 12 | 5 | ലങ്കി | ലകി |
| 13 | 12 | വശ്യം ? | വശ്യം ? 98 |
| 15 | ,, | ആശംസാഗാനം | II ആശംസാഗാനം |
| 17 | 13 | ധന്യരാക്കട്ടെ | ധന്യരാക്കട്ടെ 80 |
| 23 | 10 | സ്വീയാ | സ്വീയ |
| 24 | 19 | മയത്തിൻ | മായത്തിൻ |
| 29 | 9 | ഖയ്യേട്ടാ | വയ്യേട്ടാ |
| 33 | 8 | പാററ | പററ |
| 55 | 22 | 40 | 160 |
| 61 | 10 | ത്തോടൊല്ലേ | “ത്തോടൊട്ടേ |
| 63 | 14 | മെയ്യൂഴം | മെയ്യൂഴം |
| 64 | 13 | മൃഗങ്ങളെ | മൃഗങ്ങളേ |
| 84 | 2 | പുരോള്ള | പുരോഭ്ര |
| 37 | 13 | അല്ലെങ്കി | അല്ലെങ്കി |

Digitized By Kerala Sahitya Akademi